A. BSO 240216

# ബീഗം റോഷൻ

By

വി. എം. ചെറിയാൻ

240216

240216

1൨
അണ
1൪ ഗ്രന്ഥാവലി

# ഷീഗിം ദാഷിൽ

ബീഗം റോഷൻ

SEN GUPTA PUBLIC LIBRARY
Date..........................
PUTHIY...

## വി. എം. ചെറിയാൻെറ

## കൃതികൾ

---

ഹിപ്നോട്ടിസം പ്രഥമപാഠങ്ങൾ

ടി ഉപരിപാഠങ്ങൾ

കാമസൂത്രം

ശകുനശാസ്ത്രം

Phala Deepika

Chamalkara Chintamani

Sakuna Sastra

ആരണ്യകന്യക (നോവൽ)

ആരണ്യപുത്രി ,,

അത്ഭുതവിഗ്രഹം ,,

വാനരനാരി ,,

വന്യവനിതകൾ ,,

എൻെറപെണ്ണ് ,,

ബീഗം റോഷൻ ,,

# ബീഗം റോഷൻ

(നോവൽ)

ഗ്രന്ഥകർത്താ:

വീ. എം. ചെറിയാൻ

DISTRIBUTORS

നാഷനൽ ബുക്ക്സ്റ്റാൾ

കളരിക്കൽബസാർ കോട്ടയം

വില 12 ണ.

ഒന്നാംപതിപ്പ് കോപ്പി 1000
1954 ആഗസ്റ്റ്
(പകർപ്പവകാശം)

പ്രസാധകന്മാർ:
പി. പി. ബുക്കഡിപ്പോ, കോട്ടയം.

അച്ചടി:
ഗുഡ് ഹോപ്പ് പ്രിൻറേഴ്സ്, കോട്ടയം.

# ആമുഖം.

പന്ത്രണ്ടണ ഗ്രന്ഥാവലിയിലെ ഏഴാമത്തെ നോവലാണ് "ബീഗംറോഷൻ". ഇങ്ങിനെ ഒരു ഗ്രന്ഥാവലി ആരംഭിക്കണമെന്നാലോചിച്ചപ്പോഴും, പ്രസിദ്ധപ്പെടുത്താൻ തീൎച്ചപ്പെടുത്തിയപ്പോഴും, "ഒരു ആറുപുസ്തകം പ്രസിദ്ധപ്പെടുത്തിനോക്കാം, അതുകഴിഞ്ഞു്, അവയ്ക്കു ലഭിക്കുന്ന സ്വീകരണങ്ങൾകണ്ടശേഷം, തുടരണമൊ വേണ്ടയൊ എന്നു നിശ്ചയിക്കാം" എന്നായിരുന്നു ഞങ്ങളുടെ ചിന്ത. പരീക്ഷണത്തിനൊ, കാത്തിരിക്കലിനൊ ആവശ്യമില്ലെന്നു് നാലു പുസ്തകങ്ങൾ പുറത്തുവന്നതോടു കൂടി തന്നെ ബോദ്ധ്യമായി. അതുകൊണ്ടാണു് ക്ഷമാപണം കൂടാതെ സുന്ദരിയും സുശീലയുമായ "ബീഗംറോഷനെ" ബഹുജനങ്ങളുടെ സമക്ഷത്തേയ്ക്കു് ആനയിക്കുന്നതു്. കൈരളിഭക്തന്മാർ ഇതിനുമുമ്പു പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങൾക്കു നൽകിയ വിധത്തിലുള്ള സ്വീകരണം ബീഗംറോഷനും നൽകുമെന്നു് ഞങ്ങൾക്കു വിശ്വാസമുണ്ടു്.

കോട്ടയം,
1954-ജൂലൈ-8.

പ്രസാധകർ
പി. പി. ബുക്കുഡിപ്പോ,
പുതുപ്പള്ളി, കോട്ടയം.

# ബീഗംറോഷൻ

## അദ്ധ്യായം 1

കിറുക്ക് സർവ്വവ്യാപി ആയിത്തീരുമൊ എന്നു സംശയിക്കേണ്ടതുണ്ടു്. അതില്ലെങ്കിലും സാർവത്രികമായി ഇപ്പോൾ തന്നെ പരിണമിച്ചിട്ടില്ലെങ്കിലും പരിണമിക്കും എന്നുപറയാൻ മടിക്കേണ്ടയാവശ്യമില്ല. കിറുക്ക് എന്നു കേട്ടാൽ പിരാന്തു് എന്നു ധരിക്കരുതു്. അതല്ല. അതുയുമില്ല. "ഇളംകിറുക്കു്" ആണു് സാർവത്രികമാകാൻ പോകയാണെന്നു പറഞ്ഞതു്. ബീഗംറോഷൻെറ കാര്യത്തിലും ഈ സിദ്ധാന്തത്തിനു് തത്വപ്രതിഷ്ഠ സിദ്ധിച്ചു കഴിഞ്ഞിരിക്കുന്നു. ബീഗംറോഷൻ എന്നപേരു വായിക്കുമ്പോൾ വായനക്കാർക്കു് എന്തു മനസ്സിലായാലും ശരി, ആ പേരിൻെറ ഉടമസ്ഥ ദേവശില്പിയോ ലോകശില്പിയോ ആയ സ്രഷ്ടാവു് സർവ്വകലാവല്ലഭനാണെന്നു തെളിയിക്കുന്നുണ്ടു്. ബീഗംറോഷൻെറ സ്രഷ്ടാവായ ശില്പിയെ ശനി ബാധിക്കയില്ലെന്നൊ, അല്ലെങ്കിലും ഇതെവരെ ബാധിച്ചിട്ടില്ലെന്നൊ അവളെ കണ്ടെന്ന ക്ഷണത്തിൽ നമുക്കു ബോദ്ധ്യമാവും. ശനി ബാധിച്ചിട്ടുള്ള ഒരുവനു് റോഷനെപ്പോലുള്ള ഒരു അമൂല്യവസ്തുവിനെ സൃഷ്ടിക്കാൻ സാധിക്കയില്ലെന്നു് ആർക്കും മനസ്സിലാകുമെന്നുള്ളതാണു് അതിനു കാരണം. വയസ്സ് 25. യൗവ്വനത്തിൻെറ അവതാരം. രാത്രിയിൽ അല്പാല്പമായി പൊഴിഞ്ഞുകൊണ്ടിരുന്ന മഞ്ഞിൻെറ അനുഗ്രഹംമൂലം പൂർണ്ണശോഭയോടും സൌരഭ്യത്തോടും ആരോഗ്യത്തോടും കൂടി വിടർന്നുവന്ന ഒരു

റോസപ്പൂവിൽ അവിടവിടെ പററിച്ചേൎന്നിരിക്കുന്ന മ ഞ്ഞിന്റെ ചെറുകണങ്ങളെ, ഉദിച്ചുയൎന്നുവന്ന പ്രഭാതസൂൎയ്യൻ, അവന്റെ കിരണങ്ങളെ അയച്ച് ഉരുക്കാൻ ശ്രമിക്കയാണെന്നുള്ള ഭാവത്തിൽ, സൂത്രത്തിൽ! ചുംബിച്ചുകൊണ്ടിരിക്കുന്നു. ആ തരം ഒരു റോസപ്പൂവായി റോഷ്ണിയെ വൎണ്ണിച്ചാൽ ആ വൎണ്ണിക്കുന്നവൻ ഒരു കിറുക്കനാണെന്ന് ആരും പറയുകയില്ല. നല്ലൊരു കവി ആണെന്നു പറഞ്ഞെന്നു വരുകയും ചെയ്യാം.

അവളുടെ നിറത്തെ എങ്ങിനെ വായനക്കാൎക്കു മനസ്സിലാക്കിത്തരാമെന്നറിഞ്ഞുകൂടാ. വെള്ളക്കാരുടെ ചുണ്ണാമ്പു നിറമല്ല. ചുണ്ണാമ്പിൽ അല്പം കുങ്കുമം ചേൎത്തു കുഴച്ചെടുത്താൽ ഉണ്ടാകുന്ന നിറവുമല്ല. കാശ്മീരികളുടെ നിറം വളരെ വിശിഷ്ടമാണു്. തങ്കത്തിന്റെനിറം നന്നല്ലെ? നന്നുതന്നെ സംശയമില്ല. എന്നാൽ അവിടെയും ഉണ്ടു് അല്പമൊരു കുഴപ്പം. കൊന്നപ്പൂവിന്റെ മഞ്ഞനിറത്തോടടുത്തു പോകുന്നു. തെളുതെളാമിനുക്കിയ ഒരു തങ്കവിഗ്രഹത്തിനുസമീപം ചുവന്നപട്ടു് വിരിച്ചിട്ടു് അതിന്റെ ചുവപ്പുനിറത്തിന്റെ അല്പമൊരു പ്രതിഛായ ആ വിഗ്രഹത്തിൽ വീഴാൻ ഇടയാക്കിയാലെന്തായിരിക്കുമെന്നു് ഒന്നു പരീക്ഷിക്കാമോ? അപ്പോൾ മനസ്സിലാക്കാം ബീഗംറോഷന്റെ നിറം എന്താണെന്നു്.

കാതും മുഖവും കഴുത്തും കൈത്തണ്ടും വിരലുകളും ആഭരണങ്ങൾ പ്രദൎശിപ്പിക്കുന്നതിനായി ഈശ്വരൻ സൃഷ്ടിച്ചതാണെന്നു വിളിച്ചറിയിച്ചുകൊണ്ടു നടക്കുന്ന പരിഷ്കാരിപ്പെണ്ണുങ്ങളുടെ കൂട്ടത്തിൽപ്പെട്ടവളല്ല ബീഗംറോഷൻ. സ്ത്രീക്കു് ആഭരണങ്ങൾ അണിയുന്നതിനു ജന്മസിദ്ധമായുള്ള അവകാശം ഉപേക്ഷിച്ചുകളയാൻ തയ്യാറില്ലെന്നു കാണിച്ചുകൊടുക്കുന്നതിനായിരിക്കാം രണ്ടു കമ്മലുകൾ കാതിൽ ധരിച്ചിരിക്കുന്നതു്. കഴുത്തിൽ ഒരു ചെറുമാല, കൈകളിൽ രണ്ടു വളകൾവീതം. ബീഗംറോഷ

ൻെറ ആഭരണങ്ങളുടെ ലിസ്റ്റ് അവസാനിച്ചു. കടുംനിറമുള്ള സാരിയാണു ഇപ്പോഴത്തെ "ഫാഷ്യൻ" എന്നറിഞ്ഞിട്ടും ബീഗംറോഷൻ അത്തരം ഒരു സാരിപോലും വാങ്ങുകയൊ ധരിക്കുകയൊ ഇന്നേവരെ ചെയ്തിട്ടില്ല. സ്ത്രീയുടെ കിരീടമായ കേശത്തെ വെട്ടി നശിപ്പിച്ചു് അർദ്ധനരനൊ, അർദ്ധനാരിയൊ ആയി തോന്നത്തക്കവിധം "ക്രോപ്പ്" ചെയ്തു പരിഷ്ക്കാരി ആകുവാനും ബീഗംറോഷൻ തുനിഞ്ഞില്ല.

കാതിൽ ധരിച്ചിരിക്കുന്ന ചെറുകമ്മലുകളിൽ വൈരക്കല്ലുകൾ പതിക്കാൻ ഒരിക്കൽ ബീഗംറോഷനെ അവളുടെ ഒരു സ്നേഹിത ഉപദേശിച്ചു. അങ്ങനെ ചെയ്താൽ മുഖത്തിൻെറ കാന്തി വർദ്ധിക്കുമെന്നായിരുന്നു അവരുടെ അഭിപ്രായം. അതുകേട്ട ബീഗംറോഷൻ ഒന്നു മന്ദഹസിച്ചു. ആ മന്ദഹാസം ചുണ്ടുകളിൽ ആരംഭിച്ചു മുഖത്താകമാനം പടന്നു് കണ്ണുകളിൽ ചെന്നവസാനിക്കുകയൊ, കണ്ണുകളിൽ ആരംഭിച്ചു പവിഴത്തെ വെല്ലുന്ന അധരങ്ങളിൽചെന്നു കുടിയിരിക്കയോ ഏതാണുണ്ടായതെന്നു തീർച്ചപ്പെടുത്തുവാൻ ആ സ്നേഹിതയ്ക്കു സാധിച്ചില്ല. നിർമ്മലമായ ഹൃദയത്തെ യാതൊരു മറവും മറയും കൂടാതെ തുറന്നു കാണിക്കുന്നതാണു് ആ പുഞ്ചിരി എന്നും, അതു് ബീഗംറോഷൻെറ മുഖത്തിനു നൽകുന്ന ശോഭയെ വെല്ലാൻ നവരത്നങ്ങൾ ഒമ്പതിൻെറയും സത്തു് കൂട്ടിച്ചേർത്തു പുതുതായി ഒരുരത്നം സൃഷ്ടിച്ചു് അതു് കാതിലൊ മൂക്കിലൊ മുഖത്തു് എല്ലായിടത്തുമൊ ചാർത്തിയാലും സാധിക്കയില്ലെന്നും, ആ സ്നേഹിതയ്ക്കു ബോദ്ധ്യമായി. അവൾ പിന്നൊന്നും പറഞ്ഞില്ല. ബീഗംറോഷൻ കമ്മലിൽ വൈരക്കല്ലുകൾ പതിച്ചുമില്ല.

ഒരിക്കൽ "ഷൂട്ടിംഗ്" നടന്നുകൊണ്ടിരിക്കുമ്പോൾ ബീഗംറോഷൻെറ അധരങ്ങൾ ചിത്രത്തിൽ വരുമ്പോൾ എന്തോ ഒരു കുറവുള്ളതായി ഡയറക്ടർക്കു തോന്നി.

"മേക്കപ്പ്"നുള്ള ചായം റോസപ്പൂവിൻെറ മലങ്ങളെ ലജ്ജിപ്പിക്കുന്ന അവളുടെ അധരങ്ങളിൽ കുത്തിത്തേയ്ക്കാൻ അയാൾ ആവശ്യപ്പെട്ടു. ഒരു സിനിമാനടി എന്നനിലയിൽ അന്നു് സ്ഥിരപ്രതിഷ്ഠം ലഭിച്ചിട്ടില്ലാത്ത ബീഗംറോഷൻ യാതൊരു തടസ്സവും പറഞ്ഞില്ല. "മേക്ക അപ്പ്" വിദഗ്ദ്ധൻ അയാളുടെ ജോലി ചെയ്തു. അതു കഴിഞ്ഞപ്പോൾ ഒരു തൃപ്തിഅല്ല അയാളുടെ മുഖത്തു സ്ഫുരിച്ചതു്. ഷൂട്ടുചെയ്തു. ചിത്രംനോക്കിയപ്പോൾ ഡയറക്ടർ അമ്പരന്നായി. മേക്കപ്പ് നീക്കണമെന്നായി അയാൾ. അതിനുശേഷം ഇന്നേയോളം ഒരിക്കലെങ്കിലും ബീഗംറോഷൻെറ ചുണ്ടുകൾ ചുവപ്പിക്കാൻ ആരും തുനിഞ്ഞിട്ടില്ല.

പലതുകൊണ്ടും മാതൃകായോഗ്യയായ ഒരുയുവതിയാണു് ബീഗംറോഷൻ "പുറം പോലെ തന്നെയാണു് അകവും" എന്നാണു് അടുത്തുപെരുമാറുന്നതിനു ഇടയായ പലരും പറഞ്ഞുവന്നതു്. കാമദേവന്മാരാണു് എന്നു ഭാവിച്ചും വിശ്വസിച്ചും, പൂവമ്പും തൊടുത്തു പിടിച്ചു നടന്ന ചില നടന്മാൎക്കു് അവളോടു അതിയായ നീരസം ആദ്യകാലങ്ങളിൽ ഉണ്ടായിട്ടുണ്ടു്. സൌന്ദൎയ്യനികേതനമായ കാശ്മീരത്തിൻെറ സൌന്ദൎയ്യം മുഴുവൻ തട്ടിയെടുത്ത ഇവൾ കാശ്മീരത്തെ "ഹിമവാഹിനി"യുടെ അവതാരവുമാണു്, സമീപിക്കുന്നവരും മരവിക്കും എന്നു പറഞ്ഞു് ആ പൂവമ്പന്മാർ സമാധാനപ്പെടുകയാണു് ഇപ്പോൾ ചെയ്യുന്നതു്.

ഇങ്ങിനെ നോക്കിയാൽ യുവതികൾക്കു മാതൃകയായി സ്വീകരിക്കാൻ യോഗ്യതയുള്ള ഒരുതരുണിയാണു് ബീഗംറോഷൻ. എന്നാൽ അവൾക്കുമുണ്ടു് അല്പം കിറുക്കു്. അവൾ ഒരു മുസ്ലിംസ്ത്രീ അല്ല; ബീഗവും അല്ല റോഷനും അല്ല എന്നു് എല്ലാവൎക്കും ഇപ്പോൾ അറിയാം. രാജകുമാരി എന്നുള്ളപേർ ഉപേക്ഷിച്ചാണു് ബീ

ഗംറോഷൻ എന്ന നാമം സ്വീകരിച്ചുവെന്നതും ഇന്നു് ര
ഹസ്യമൊന്നുമല്ല. അമ്മയുമൊരുമിച്ചു ബാല്യത്തിൽ കാ
ശ്മീരിൽനിന്നു ബോംബെയിൽവന്നു് താമസിച്ചു്, സിനി
മാലോകത്തിലേക്കു കാൽവച്ച കാലത്തു്, ഉറുദുപേരും
മറയ്ക്കേണ്ടതാവശ്യം ഉണ്ടായിരുന്നതുകൊണ്ടു് അന്നു് ഒരു
മുസ്ലീം നാമം സ്വീകരിച്ചു എന്നുവച്ചു്, ഇന്നും അതിന്മേൽ
കടിച്ചുതൂങ്ങേണമെന്നില്ല എന്നു പറഞ്ഞാൽ ബീഗംറോഷൻ
സമ്മതിക്കയില്ല. റോഷൻ എന്നുമാത്രം പറഞ്ഞാൽ ഒരു
മുസ്ലീംവനിതയുടെ പേരാണെന്നു കേൾവിക്കാൎക്കു് എല്ലാ
വൎക്കും തോന്നാതെ വന്നെങ്കിലോ എന്നുള്ളതുകൊണ്ടോ
എന്തോ, വളരെ അടുത്ത സ്നേഹിതർപോലും ബീഗം എ
ന്ന വിശേഷണമോ സ്ഥാനപ്പേരോ കൂട്ടാതെ റോഷൻ
എന്നു വിളിക്കുന്നതു് അവൾക്കു് അശേഷം രസിക്കാറി
ല്ല. ഇതാണു കിറുക്കു് നമ്പർ .I

ബീഗംറോഷൻ ഇന്നു ബോംബെ സിനിമാലോക
ത്തിൽ അത്യച്ചത്തിൽ എത്തിയിട്ടുള്ള താരങ്ങളിൽ ഒന്നാ
ണു്. പേരിനോടു "രാജകുമാരി" എന്നുചേൎത്തു എഴു
താനും വിളിക്കപ്പെടുവാനും അർഹതയുള്ളവളാണു് എ
ന്നു പരസ്യപ്പെടുന്നപക്ഷം ഇന്നുള്ള ജനപ്രീതി പതിന്മട
ങ്ങു വർദ്ധിക്കും. അവൾ അഭിനയിക്കുന്ന ചിത്രങ്ങൾ
പ്രദർശിപ്പിക്കുന്ന തീയേററിൽ എല്ലാം കൊടുക്കാവുന്ന
ടിക്കററുമുഴുവൻ വിററുതീൎന്നാലും ആൾബഹളം അവസാ
നിക്കയില്ല. അതോടുകൂടി ബീഗംറോഷനു പ്രതിഫലം
വളരെ കൂടുതൽകിട്ടും. പ്രശസ്തിയും പ്രതാപവും ഇന്ന
ത്തതിൽ പലമടങ്ങു വർദ്ധിക്കും എന്നു വാദിച്ചാൽ അതു
കൊണ്ടു യാതൊരു തരത്തിലും യാതൊന്നിനും കുറവുവരു
കയില്ലെന്നും നാനാവിധത്തിൽ പ്രയോജനം ഉണ്ടാകു
മെന്നും അവളും സമ്മതിക്കും. അപ്പോൾ "രാജകുമാരി
പ്രേമ" എന്നപേർ പരസ്യമാക്കട്ടെ എന്നു ചോദിക്കു
മ്പോൾവേണ്ടെന്നു തീൎത്തുപറയും. ഇതു് കിറുക്കു നമ്പർII.

രാജകുമാരി പ്രേമയാനു് ഇതേവരെയ്ക്കു ബീഗംരോഷനെന്നറിയപ്പെട്ടിരുന്നതെന്നു പരസ്യപ്പെടുത്തുന്നതില്ലാതെന്താണു് വിരോധം എന്നുചോദിച്ചാൽ മറുപടിയില്ല. അനുവദിക്കയുമില്ല. അതു കിടക്കു നമ്പർ III.

ബീഗംറോഷനു പലതരത്തിൽ സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുള്ള ഒരാളാണു് മനോഹരൻ. അയാളോടു് ബീഗംറോഷനുള്ള കടപ്പാടു് വളരെ ആണു്. മനോഹരന്റെ സഹായം ഇല്ലായിരുന്നു എങ്കിൽ ബീഗംറോഷന്റെപേർ നാലുപേർ എങ്കിലും അറിയാനിടവരുമായിരുന്നുവൊ എന്നു സംശയിക്കണം. അത്രമാത്രമല്ല, സാമ്പത്തികമായി ഇന്നത്തെനിലയോടു് അടുത്തെങ്ങാം എത്തുന്നതിനും നിശ്ചയമായും സാധിക്കയില്ലായിരുന്നു. ഇതു മനോഹരനു് അറിയാമെന്നുപോലും തോന്നുകയില്ല അയാളുടെ നടപടി കണ്ടാൽ. പക്ഷെ മനോഹരൻ അറിഞ്ഞെന്നു ഭാവിക്കാതിരിക്കുന്നതിന്റെ കുറവുതീൎത്തുകൊള്ളും ബീഗംറോഷൻ. മനോഹരനോടുള്ള കടപ്പാടുകളുടെ വലുപ്പം വൎണ്ണിക്കുക അവൾക്കു ബഹുരസമുള്ളകാൎയ്യമാണു്. അങ്ങനെ ഒരു വശം.

മനോഹരന്റെ അടുക്കൽ ബീഗംറോഷൻ എടുക്കുന്ന സ്വാതന്ത്ര്യം! അവൾ ഒരു കുഞ്ഞനുജത്തിയും അയാൾ ചേട്ടനുമായിട്ടാണു്. അപ്പോൾ പിന്നെ സ്വാതന്ത്ര്യം അരുതെ? ഏതു ചെറിയകാൎയ്യത്തിലും ഏതു വലിയ കാൎയ്യത്തിലും മനോഹരന്റെ മനംമാറുന്നതിനു് വാദവും തൎക്കവും ശുണ്ഠിയും കഴിഞ്ഞു് നിലവിളിവരെപോകും ചിലപ്പോൾ. ഇവയെല്ലാം കഴിഞ്ഞിട്ടും അയാൾ അഭിപ്രായം മാററാത്തപക്ഷം അവൾ മനോഹരന്റെ അഭിപ്രായം സന്തോഷത്തോടെ സ്വീകരിച്ചു് അതനുസരിച്ചു പ്രവൎത്തിക്കും. ഇതു് മറെറാരു വശം.

മനോഹരനെപ്പോലെ വേറൊരു പുരുഷനെ ഈശ്വരൻ സൃഷ്ടിച്ചിട്ടില്ല എന്നാണു് ബീഗംറോഷന്റെ അ

ഭിപ്രായം. ബീഗംറോഷനെപ്പററി മനോഹരൻെറ അഭിപ്രായമോ? ബീഗംറോഷനെപ്പോലൊരു തരുണി യെ ഈശ്വരൻ ഇതേവരെ സൃഷ്ടിച്ചിട്ടില്ല, ഇനി ശ്ര മിച്ചാൽ അതുപോലൊന്നിനെക്കൂടി സൃഷ്ടിക്കാൻ സാ ധിക്കയുമില്ല. സൃഷ്ടിക്കായി ഈശ്വരൻ എല്ലാംകൂട്ടി ഇണക്കിയപ്പോൾ ഈ ഒന്നു ഇങ്ങിനെ ഒത്തുപോയതാ ണ്. ഇതാണു മനോഹരൻെറ വിശ്വാസപ്രമാണം. ബീഗംറോഷൻെറ അഭിപ്രായം മനോഹരനും മനോഹ രൻെറ അഭിപ്രായം ബീഗംറോഷനും അറിയാം. മനോ ഹരനെ കൂടാതെയുള്ള ജീവിതം ജീവതമല്ലെന്നു ബീഗം റോഷൻ സമ്മതിക്കും. മനോഹരൻെറ ഭാര്യാപദത്തെ ക്കാൾ അഭികാമ്യമായി മററൊന്നും താൻ കാണുന്നില്ല. സ്വപ്നലോകത്തിൽപോലും കണ്ടിട്ടില്ല, എന്നു തുറന്നു സമ്മതിക്കുന്നതിനും അവൾക്കു വിരോധമില്ല. അവളു ടെ ഹൃദയത്തിൻെറ നാഥനാണു മനോഹരൻ എന്നുവരെ മുമ്പോട്ടുപോകും. ഇതുമൂന്നാമതൊരു വശം

മൂന്നുവശങ്ങളും തുറന്നു തെളിഞ്ഞുകിടക്കുന്നെങ്കിലും മനോഹരനെ വിവാഹം കഴിക്കാനൊ മനോഹരൻ വി വാഹം കഴിക്കാനൊ, സമ്മതിക്കണമെന്നാവശ്യപ്പെട്ടാൽ, "എന്താണു ധൃതി" എന്നുമയക്കുന്ന നല്ലൊരു പുഞ്ചിരി യോടെ ചോദിക്കും. മനോഹരൻ പിണങ്ങും എന്നുള്ള ഭാവം കാണിക്കയും, പിണക്കിൻെറ വക്കുവരെയ്ക്കുപോക യും ചെയ്താൽ എന്താണു ധൃതി എന്നുള്ള നിലയിൽ നിന്നു മാറുകയൊ, കുറെക്കൂടി കഴിഞ്ഞിട്ടാവട്ടെ എന്നു പറയുകയോ ചെയ്കയില്ല. തടസ്സംപറവാനുള്ള കാ രണം എന്താണെന്നു ചോദിച്ചാൽ അതിനും ഒരു പുഞ്ചി രിമാത്രമാണ് മറുപടി. മനോഹരനെ അതിയായി സ്നേ ഹിക്കുന്നു, അല്ല പ്രേമം തന്നെയാണ്, എന്നു തുറന്നുപറ യും. മററാരെങ്കിലും തൻെറ ഹൃദയംതട്ടി എടുത്തുകൊ ണ്ടാണു മനോഹരൻ വേൾക്കാൻ അനുവദിക്കാത്തതെന്നു

ധരിക്കേണ്ടതില്ല. അങ്ങനെ ഒന്നുമില്ല എന്നും സമ്മതിക്കും. സ്റ്റേജിൽ അഭിനയിച്ചുകൊണ്ടിരിക്കുന്ന സമയം മനോഹരൻ ദേഹത്തു തൊടേണ്ട ആവശ്യം വരുമ്പോൾ തൊടുന്നതിനൊ, മനോഹരനെ തൊടുന്നതിനൊ ബീഗംറോഷന്നു യാതൊരു വിരോധവുമില്ല. മടിയുമില്ല. സ്റ്റേജിൽ നിന്നിറങ്ങിക്കഴിഞ്ഞാൽ അതിന്നു മനോഹരനെ അനുവദിക്കയില്ല. അങ്ങനെ വാത്സല്യം പ്രകടിപ്പിക്കേണ്ട എന്നാണു് പറയുക. ഇതാണു് കിറുക്കു് IV.

ഇങ്ങനെ നാനാവിധത്തിൽ കിറുക്കു പിടിച്ച ആ പെണ്ണിന്നുവേണ്ടി സ്വജീവൻ ബലികഴിപ്പാൻ തയ്യാറുള്ള മനോഹരൻ ആരാണു്?

---

## അദ്ധ്യായം 2

ബീഗംറോഷൻ മാതാവോടൊന്നിച്ചു ബോംബെയിൽ എത്തിയകാലത്തുതന്നെ അവളും മനോഹരനുമായുള്ള ചെങ്ങാത്തവും ആരംഭിച്ചു. ആദ്യഘട്ടങ്ങൾ ഒന്നും ബീഗംറോഷൻ ശരിക്കു് ഓർക്കുന്നില്ല. കാശ്മീരിൽനിന്നു പോന്നതും ആ രാജ്യത്തിന്റെ മനോഹരതയും അവൾക്കു സ്വപ്നത്തിൽ കണ്ടതരത്തിൽ എന്തോ അല്പമായ ഒരു ഓർമ്മ, നിഴൽപോലെയൊരോർമ്മ മാത്രമേയുള്ളൂ. അനുഭവപ്പെടുകയും കാണുകയും ചെയ്യുന്നതിൽ നിന്നുണ്ടായതാണൊ അതൊ അമ്മ പലപ്പോഴും പറഞ്ഞുകേട്ടു കേട്ടു്, അനുഭവപ്പെട്ടതായി തോന്നിയതാണോ എന്നു നിശ്ചയമില്ല. മനോഹരന്റെ പിതാവു് ഉദ്യോഗത്തിനായി കാശ്മീരിൽനിന്നും ബോംബെയിൽ ചെന്നതാണു്. ആദ്യകാലത്തു് അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും നാട്ടിൽ

തന്നെ താമസിച്ചിരുന്നു. ആണ്ടിൽ ഒരിക്കൽപോലും നാട്ടിൽ ചെന്ന് അവരെ കാണുക എന്നുള്ളത് അത്യന്തം ക്ലേശകരവും വ്യയഹേതുകവുമായി അനുഭവപ്പെട്ടതുകൊണ്ട് അവരെയും ബോംബെയിലേക്കു കൊണ്ടുപോരണമെന്ന് ആഗ്രഹിച്ചു. ലോകത്തിൻെറ മറേറ അററത്താണ് ബോംബെ നഗരം എന്നും അവിടെയുള്ള നിരവധി ആളുകൾ പുതുതായി ചെന്നുചേരുന്നവരെ കാണുന്ന ക്ഷണത്തിൽ സാപ്പിട്ടുകളയും എന്നും ആയിരുന്നു മനോഹരൻെറ മാതാവിനുണ്ടായിരുന്ന ഭയം. എന്നാൽ ഭർത്താവിൻെറ നിർബന്ധം കൊണ്ടും, അദ്ദേഹത്തിനു ദീർഘയാത്ര ചെയ്യുന്നതിനുവേണ്ട ആരോഗ്യം ഇല്ലാതായി എന്നു ബോദ്ധ്യമായതുകൊണ്ടും ഒട്ടധികം കാലം കഴിഞ്ഞപ്പോൾ വളരെ ഭയത്തോടുകൂടി കുട്ടികളേയും കൂട്ടിക്കൊണ്ട് ഭർത്താവുമൊരുമിച്ചു ബോംബെയിൽചെന്നു താമസം ഉറപ്പിച്ചു. അതോടുകൂടി മനോഹരൻെറ കുടുംബവും കാശ്മീരുമായുള്ള ബന്ധവും വിടുർത്തപ്പെട്ടു എന്നു വേണം പറവാൻ. ഭയത്തോടുകൂടി ബോംബെയിൽ എത്തിയ മാതാവ് അധികകാലം നഗരവാസത്തിൻെറ ക്ലേശങ്ങൾ സഹിക്കാതെ നിത്യയാത്രപറഞ്ഞു പിരിഞ്ഞു. ഭാര്യയുടെ മരണശേഷം അധികകാലം കഴിയുന്നതിനു മുൻപ് മനോഹരൻെറ അച്ഛനും ചരമമടഞ്ഞു.

അച്ഛൻ വഹിച്ചിരുന്ന ജോലിയിലേക്ക് അദ്ദേഹത്തിൻെറ വേർപാടോടുകൂടി പ്രമോഷൻ ലഭിച്ച ഒരു ജ്യേഷ്ഠൻെറ സംരക്ഷണയിൽ മനോഹരൻ വളരുന്ന കാലത്താണ് ബീഗംറോഷനും മാതാവ് സരസ്വതീദേവിയും ബോംബെയിൽ എത്തിയതും അടുത്തുള്ള ഒരു ചെറുകെട്ടിടത്തിൻെറ ഒരുഭാഗത്തു താമസം ആയതും. അന്നുമുതൽ തന്നെ മനോഹരൻ അവിടെ "നിത്യക്കാരൻ" ആയി എന്നു തന്നെ പറയാം. സരസ്വതീദേവിക്കു കുടുംബസ്ഥിതി

ഉണ്ടായിരുന്നെങ്കിലും ധനസ്ഥിതി വളരെ മോശമായിരുന്നതിനാൽ മനോഹരൻെറ സഹായം അവക്ക് വളരെ പ്രയോജനപ്പെട്ടു. രണ്ടുണയ്ക്കു സാമാനംവേണം. തനിയെ കടയിൽ പോയി വാങ്ങാൻ അവക്ക് സങ്കോചം, പറഞ്ഞയയ്ക്കാൻ ആളില്ല. മനോഹരൻ അപ്പോഠം അവിടെ എങ്ങിനെയും എത്തും. ഒരു ഓട്ടത്തിനു കടയിൽപോയി സാമാനങ്ങഠം വാങ്ങിക്കൊണ്ടു വന്നുകഴിയും. ക്രമേണ മനോഹരനെ അവർ പുത്രനായി തന്നെ എണ്ണിത്തുടങ്ങി. അവർക്കു് ഒരു സിനിമാക്കമ്പെനിയിൽ എന്തൊ ഒരു ചെറിയ ജോലി കിട്ടി. അതോടുക്കൂടി സാമ്പത്തിക ക്ലേശങ്ങഠം ശമിച്ചുവെങ്കിലും പരാധീനതയ്ക്കു പരിഹാരമുണ്ടായില്ലന്നല്ല അതു വർദ്ധിക്കുകയുംക്കൂടിചെയ്തു. കുമാരിയെ തനിയെ വിട്ടിട്ടു് എങ്ങനെപോകും? അപ്പോഴേയ്ക്കു് അവഠംക്കു് ഏഴെട്ടു വയസ്സായിട്ടുണ്ടു്. പത്തുപന്ത്രണ്ടു വയസ്സുള്ള മനോഹരനാണു് അവിടെയും അഭയസ്ഥാനമായി പ്രത്യക്ഷപ്പെട്ടതു്.

മനോഹരൻ പലപ്പോഴും സരസ്വതീദേവിക്കു കൂട്ടായി സിനിമാശാലയിൽ പോകാനിടയായി. ആ വിധമാണു് അയാഠംക്കു സിനിമായിൽ കമ്പം തോന്നിയതു്.

ആ വഴിക്കാണു് പ്രേമകുമാരി സിനിമായിൽ പ്രവേശിക്കുന്നതിനിടയായതും. അല്ലാതെ അവളുടെ മാതാവിനു സിനിമാലോകവും ആയി ഉണ്ടായിരുന്ന ബന്ധം കൊണ്ടായിരുന്നില്ല. വളരെ നിസ്സാരമായ ഒരു പാർട്ടാണു—"സരസ്വതീദേവിയോടൊന്നിച്ചു കാണാറുള്ള ബാലനു്" ആദ്യം കിട്ടിയതു്. അതിൽ അഭിനയിക്കാൻ ഒന്നുമില്ലായിരുന്നു. ഒന്നോ രണ്ടോ വാക്കുകഠം പറയാൻ മാത്രമുണ്ടായിരുന്നതു സങ്കോചം കൂടാതെ പറഞ്ഞു പഠിച്ചു. അവിടെ നിന്നു സാവധാനത്തിൽ ഉയന്നാണു് ഇന്നത്തെ ഉന്നത നിലയിൽ എത്തിയതു്.

മനോഹരനും ഉണ്ട് ആദ്യം മുതൽ തന്നെ ചില കിറുക്കുകൾ. സരസ്വതീദേവിയെ അവൻ ഒരു ദേവിയായും സ്വന്തം മാതാവായും ഗണിക്കയും ആരാധിക്കയും സ്നേഹിക്കയും ചെയ്തുവന്നിരുന്നു. അവക്കായി എത്രമാത്രം കഷ്ടപ്പെടുന്നതിനും ഒരുക്കമുണ്ടായിരുന്നു. കഷ്ടപ്പെടുന്നുമുണ്ടായിരുന്നു. എന്നാൽ ആ അമ്മ നിർബന്ധിച്ചാൽപോലും അവരുടെ വീട്ടിൽ നിന്ന് ഒരു തുള്ളി കാപ്പിയൊ വല്ലതും കുറച്ചുപലഹാരമൊ പോലും കുടിക്കയൊ തിന്നുകയൊ ചെയ്യുന്നില്ല. ഇതു ഒരുതരം കിറുക്കായി സരസ്വതീദേവി ഗണിച്ചിരുന്നു. ആ കിറുക്ക് സുഖപ്പെടുത്താൻ അവർ നന്നായിശ്രമിച്ചു. പററാതെ തോൽററി സമ്മതിച്ചു പിൻമാറി.

മനോഹരന് സിനിമായിൽ ഒരു ചെറിയ പാർട്ടു കിട്ടുമെന്നുള്ള വിവരം അവൻ ചേട്ടനെ അറിയിച്ചപ്പോൾ, ഒരു യഥാസ്ഥിതികനായ അദ്ദേഹം വിലക്കി. മനോഹരൻ എതിർത്തു സംസാരിക്കാതെയും ചേട്ടൻെറ അനുമതി കാക്കാതെയും കിട്ടിയജോലി സ്വീകരിച്ചു. അതു ചേട്ടന് അശ്ശേഷം രസിച്ചില്ല. അയാൾ മനോഹരനോടു സംസാരിക്കപോലും ചെയ്യാതായി. എന്നിട്ടും ആദ്യം ശമ്പളം കിട്ടിയപ്പോൾ അതു മുഴവൻ ചേട്ടൻെറ മുമ്പിൽ കൊണ്ടുചെന്നു വയ്ക്കുകയാണ് ചെയ്തതു്. മനോഹരൻ സ്വന്തമായി സിനിമാ ഫിലിം നിർമ്മാണം ലക്ഷ്യമായി സ്വീകരിച്ചു. നടൻ എന്ന നിലയിൽ ചോദിക്കുന്ന പ്രതിഫലം കൊടുക്കാൻ ആളുകൾ "ഞാൻ! ഞാൻ" എന്നു പറഞ്ഞു പുറകെ നടക്കുമ്പോൾ അതുപേക്ഷിച്ച് വിജയം നിശ്ചയമില്ലാത്ത ഒരു പ്രസ്ഥാനത്തിൽ ചെന്നുചാടാൻ ബദ്ധപ്പെടുന്നതു് ഒരുതരം കിറുക്കായി എണ്ണി അയാളുടെ സ്നേഹിതന്മാരിൽ പലരും.

ലക്ഷ്യപ്രാപ്തിക്കായി അവൻ ഫിലിം"ഡയറക്ടർ" സ്ഥാനം സ്വീകരിച്ച് സാങ്കേതിക വശങ്ങൾ മിക്കവാറും എല്ലാം തന്നെ മനസ്സിലാക്കി. അതുകഴിഞ്ഞാണു്

"പ്രൊഡക്ഷൻ" ആരംഭിക്കാൻ തീർച്ചപ്പെടുത്തി സ്നേഹിതന്മാരെ വിവരംധരിപ്പിച്ചതു്. നടൻ എന്ന നിലയിൽ ധാരാളം കോൺട്രാക്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു; ഡയറക്ഷനു് നല്ല പ്രതിഫലം കൊടുക്കാൻ ആളുണ്ടു്. ഇവ രണ്ടും മുതൽ മുടക്കുകൂടാതെ സാധിക്കുന്നവയാണു്. എന്നുവെച്ചാൽ നഷ്ടം ഒരിക്കലും ഉണ്ടാകാത്തതും, ലാഭം തീർച്ചയുള്ളതും ആയ ഏർപ്പാടുകളാണു്. അവയെ ഉപേക്ഷിച്ചു്, പണം മുടക്കി ഭാഗ്യം പരീക്ഷിക്കാൻ മുതിരുന്നതു് അധികപ്രസംഗമാണെന്നു ചില സ്നേഹിതരും, കിറുക്കാണെന്നു മററു ചില സ്നേഹിതരും അഭിപ്രായപ്പെട്ടു. മററു ചിലർ വിജയം ആശംസിക്കയും സഹായസഹകരണങ്ങൾ വാഗ്ദത്തം ചെയ്കയും ചെയ്തു. ഒടുവിൽ പറഞ്ഞകൂട്ടത്തിൽ ബീഗംറോഷനും ഉണ്ടായിരുന്നു എന്നു രേഖപ്പെടുത്തേണ്ടതില്ലല്ലോ. ആ തരുണി ചില കോൺട്രാക്ററുകൾ ഉപേക്ഷിച്ചെഴുതിക്കഴിഞ്ഞാണു് ആ വിവരം മനോഹരനെ ധരിപ്പിച്ചതു്. അവൾ ഇനിമേൽ "മനോഹർ പ്രൊഡക്ഷൻസ്" നിർമ്മിക്കുന്ന ഫിലിമുകളിൽ മാത്രമെ നടിക്കയുള്ളു എന്നു് ശാഠ്യവും തുടങ്ങി. അതു കിറുക്കാണു്, അനുവദിക്കയില്ല എന്നു് മനോഹരന്റെ തുറന്ന മറുപടിപോലും അവൾ ധൃതികൂട്ടിയതു് തെററായിപ്പോയി എന്നു ബീഗംറോഷനു് തോന്നിച്ചില്ല. "മനോഹർ പ്രൊഡക്ഷൻസിൽ" അവളെയും ഒരു പങ്കുകാരി ആയി എടുക്കണമെന്നായി ഉടനെ. മനോഹരനു് ബിസിനസ്സു സംബന്ധിച്ചു വേണ്ട പരിചയമൊ അതിനുള്ള വാസനയൊ ഇല്ല. ബിസിനസ്സു ചിട്ടകൾ ശരിയായി പാലിച്ചുകൊണ്ടുപോകുന്ന പ്രകൃതിയില്ല. പണത്തെപ്പററി ശരിയായ പിടുത്തമില്ലാ വെണ്ടതുപണവുമില്ല. ആ സ്ഥിതിക്കു അയാൾക്കു പുതിയ ഏപ്പാടിൽ നഷ്ടം സംഭവിച്ചേക്കുമെന്നു ബീഗംറോഷനു ഭയമുണ്ടായിരുന്നു. അദ്ദേഹത്തിനു് അപജയം ഉണ്ടാകുന്നതു് അ

വരംക്കു് ഓക്കാൻ തന്നെ പാടില്ല. താനുംകൂടി ബിസിനസ്സിൽ പങ്കുകാരി ആണെന്നും, നഷ്ടം വന്നാൽ സഹിക്കേണ്ടതായി വരുമെന്നും ഉള്ള ബോധം ഉണ്ടായാൽ മനോഹരൻ കൂടുതൽ ശ്രദ്ധാലു ആകുമെന്നും അവരം പ്രതീക്ഷിച്ചു. ഈ വിധ പരിഗണനകളാണു് മനോഹർ പ്രൊഡക്ഷനിൽ ചേരാൻ താൻ ബീഗംറോഷനെ യഥാർത്ഥത്തിൽ പ്രേരിപ്പിച്ചതു്. അവളുടെ സ്വാധീനവും പ്രശസ്തിയും അതിനെ വിജയിപ്പിക്കാൻ സഹായിച്ചേക്കുമെന്നുള്ള പ്രതീക്ഷയും ഉണ്ടായിരുന്നു.

---

## അദ്ധ്യായം 3

മനോഹർ പ്രൊഡക്ഷൻസിൻെറ വിജായപജയങ്ങൾ തീരുമാനിക്കുന്നതിനു കാലമായിട്ടില്ല. ആശയ്ക്കു മാർഗ്ഗം ധാരാളമുണ്ടെന്നു് പങ്കുകാർ രണ്ടുപേരും ഇപ്പോഴും അഭിപ്രായമുണ്ടു്. മനോഹരൻ കഴിവുകൾ മുഴുവനായി വിനിയോഗിക്കുന്നപക്ഷം വിജയിക്കാമെന്നായിരുന്നു ബീഗംറോഷൻെറ അഭിപ്രായം. പുതിയ ബിസിനസ്സിൽ പ്രവേശിച്ചതിനുശേഷം മനോഹരനിൽ ഒരു മാററം ഉണ്ടായിട്ടുണ്ടെന്നു് അവൾക്കു ബോദ്ധ്യപ്പെട്ടപ്പോളാണു് വിജയപ്രതീക്ഷ ബീഗംറോഷനുണ്ടായതു്. മനോഹരനു് ഇപ്പോൾ സമയനിഷ്ഠ ഉണ്ടു്. ഒരു കാര്യം ഇന്ന സമയത്തു ചെയ്യാമെന്നു പറഞ്ഞാൽ അങ്ങനെ ചെയ്യുന്നുണ്ടു്. ചെയ്യുന്നുണ്ടെന്നു മാത്രമല്ല സമയം തെററിക്കാതെ ചെയ്യണമെന്നുള്ള ആഗ്രഹം എപ്പോഴും വ്യക്തമാകു

നുമുണ്ട്. ഓരോ സംഗതിയുടെയും വിശദവിവരങ്ങളിൽ ശ്രദ്ധിക്കുക എന്നുള്ളതു് മഹാസെല്ല ആയി ഗണിച്ചിരുന്ന മനോഹരൻ വിജയരഹസ്യം സ്ഥിതിചെയ്യുന്നതു് ചില്ലറ കാര്യങ്ങളിൽ ആണെന്നും നിസ്സാരമെന്നു വച്ചു് അവ വിഗണിക്കാവുന്ന ചില്ലറ കാര്യങ്ങൾ ഒന്നും ഒരു ബിസിനസ്സിനു ഇല്ലെന്നും ഇപ്പോൾ ബീഗംറോഷനോടു പ്രസംഗിക്കാറുമുണ്ട്.

കാളിദാസൻെറ "മേഘദൂതി"നെ അടിസ്ഥാനപ്പെടുത്തി ഒരു ഫിലിം നിർമ്മിക്കുന്നതിനാണു് മനോഹരൻ ആരംഭിച്ചതു്. ഇന്ത്യൻ സാഹിത്യത്തിൻെറയും ശൃംഗാരത്തിൻെറയും ജനയിതാവായ കാളിദാസൻെറ കൃതിയെ വികൃതമാക്കാതെ, ഇന്നത്തെ ജനങ്ങൾക്കു ആ മഹാത്മാവിൻെറ അത്യാഗാധമായ കലാവൈദഗ്ദ്ധ്യത്തെപ്പററി അല്പം ജ്ഞാനം എങ്കിലും നൽകാൻ സാധിച്ചാൽ സംരഭം പരിപൂർണ്ണമായി വിജയിച്ചു എന്നു് എന്നാമെന്നുമായിരുന്നു അയാളുടെ മതം. ബീഗംറോഷൻ അവളുടെ അഭിപ്രായം പറഞ്ഞു "കാളിദാസൻെറ കൃതിയെ ഫിലിം ചെയ്യാൻ ശ്രമിക്കുന്നതു് തന്നെ ഒരു കടുംകൈ ആയിരിക്കയില്ലെ, ആരാധിക്കാനുള്ള വസ്തുവിനെ നിത്യോപയോഗത്തിനു എടുക്കുന്നതുപോലുള്ള ഒരു അപരാധമാകയില്ലെ എന്നാണു് എൻെറ ഭയം."

ഈ സമയം ഒരു സന്ദേശവാഹിനി കയറിച്ചെന്നു് ബീഗംറോഷൻെറ പക്കൽ ഒരു കത്തുകൊടുത്തിട്ടവളിറങ്ങിപ്പോയി. അവൾ മേൽവിലാസം ഒന്നുനോക്കി. ചിരിച്ചുകൊണ്ടുപറഞ്ഞു ഇതു നേരമ്പോക്കായിരിക്കുന്നല്ലൊ. ഇതിൻെറ കർത്താവു് ആരെടാ?

മനോഹരൻ "ലക്കോട്ടിൽ ഇട്ടു് ഒട്ടിച്ച ഒരു കത്തിൻെറ കർത്താവാരാണെന്നറിവാൻ അതു തുറന്നുനോക്കുകയല്ലെ മാർഗ്ഗം."

ബീഗംറോഷൻ ലക്കോട്ടുതുറന്നു കത്തു് എടുത്തു വായിച്ചശേഷം യാതൊന്നും പറയാതെ അതു മനോഹരന്റെ കൈയിൽ കൊടുത്തു.

"ഉദ്യാനപുരം നന്ദലാൽ രാജാവു് അദ്ദേഹത്തിന്റെ സ്വത്തുക്കളെ സംബന്ധിച്ച മരിക്കുന്നതിനുമുമ്പുചെയ്ത തീരുമാനത്തിന്റെ വിവരം ധരിപ്പിക്കാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. മേൽവിലാസം അറിവില്ലാതിരുന്നതുകൊണ്ടു് പല മാസങ്ങൾ താമസം വന്നു, ബീഗംറോഷൻ രാജകുമാരി പ്രേമ ആണെന്നു് ഇന്നലെയാണു് അറിവാൻ ഇടയായതു്. ദയവുചെയ്തു ഏററം അടുത്ത അവസരത്തിൽ എന്നെ സന്ദർശിക്കുമെങ്കിൽ എനിക്കറിവുള്ളത്ര വിശദവിവരങ്ങൾ ധരിപ്പിക്കാം." ഇതായിരുന്നുകത്തിന്റെ സാരം. എഴുത്തുകാരൻ ബോംബയിലെ അഭിഭാഷകന്മാരുടെ മുന്നണിയിൽ സ്ഥാനമുള്ള ബാറിസ്റ്റർലാൽ ആണു്.

മനോഹരൻ കത്തുവായിച്ചശേഷം ചോദിച്ചു, ഇനി എന്താണു് ഭാവം? ഫിലിം ലോകത്തോടു യാത്രപറയുകയല്ലെ?

ബീഗംറോഷൻ. അദ്ദേഹം മരിച്ചവിവരം പത്രങ്ങളിൽ കണ്ടില്ലല്ലൊ.

മനോഹരൻ. "നാം കാണാതെപോയതായിരിക്കണം.മരിക്കാതെ മരിച്ചു എന്നു ബാരിസ്റ്റർലാൽ എഴുതുകയില്ല."

ബീഗം. "മരിച്ചെങ്കിൽ മരിക്കട്ടെ. ഞാൻ ബാരിസ്റ്റർലാലിനെ കാണണമൊ എന്നു സംശയിക്കയാണു് അപ്പോളാണു് സിനിമാലോകത്തോടു യാത്രപറയുകയല്ലെ എന്നു് ചോദിക്കുന്നതു്, ആൾ സമർത്ഥൻ തന്നെ."

മനോ.–"സാമർത്ഥ്യമില്ലെന്നുവയ്ക്കുക, ഒരു രാജകുമാരിക്കു് അനുയോജ്യമായ രീതിയിൽ ജീവിക്കുന്നതിനു വേണ്ട സ്വത്തുക്കളും മററും കിട്ടിയ ഒരാൾ ചലചിത്രലോകത്തേ

ട്ടുള്ള ബന്ധം പുലത്താൻ ആഗ്രഹിക്കുമെന്നും പുലത്തുമെന്നും വയ്ക്കുന്നതായിരിക്കും സാമത്ഥ്യം."

ബീഗം.–"സാമത്ഥ്യം ഏതായാലും, ഞാൻ രാജാവൊ റാണിയൊ രാജകുമാരിയൊ ഒന്നുമല്ല എന്റെ തൊഴിൽ ഉപേക്ഷിക്കാൻ നിശ്ചയിച്ചിട്ടുമില്ല."

മനോഹരൻ–"എനിക്കതിൽ സംന്തോഷമെയുള്ളു. എന്നാൽ വച്ചുനീട്ടിയതു വേണ്ടന്നു വയ്ക്കുന്നതു് സാമത്ഥ്യം ആയിരിക്കയില്ല എന്നുകൂടി പറയേണ്ടതു ചുമതല ഉണ്ടു്."

ബീഗം.–"എന്റെ അമ്മയോടു പൈശാചികമായി വത്തിക്കയും, നരകദുരിതം അനുഭവിപ്പിക്കയും ചെയ്ത ആളിന്റെ സ്വത്തുക്കളിൽ എന്തെങ്കിലും കിട്ടണമെന്നു ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. എന്തെങ്കിലും കിട്ടിയാൽ അതു ഒരു ലാഭമൊ അനുഗ്രഹമൊ ആയിരിക്കുന്നതിനുപകരം ശാപമായി ഭവിക്കയില്ലെ എന്നു സാശങ്കവുമുണ്ടു്. ഞാൻ ജനിച്ചതും കുട്ടിക്കാലം സന്തോഷമായി കഴിച്ചതും ആയ ഉദ്യാനപുരം കൊട്ടാരത്തോടുള്ള അല്പമൊരു സ്നേഹമൊ ബന്ധമൊ ഒഴിച്ചു മറ്റൊന്നും സ്മരിക്കാതെ കഴിച്ചാൽകൊള്ളാമെന്നാണു് ആഗ്രഹം. എന്റെ മാതാവു് ആ കൊട്ടാരത്തിൽ താമസിച്ചകാലത്താണു് കുറെ സുഖവും സന്തോഷവും അനുഭവിച്ചതെന്നും അവ എല്ലാം അവിടവെച്ചു തന്നെ തകൎന്നു എങ്കിലും കാലത്തിന്റെദൈൎഘ്യം വൎദ്ധിക്കുന്നതിനൊപ്പം സന്തോഷ ജീവിതത്തിന്റെ സ്മരണയ്ക്കാണു് പ്രാബല്യം ഉണ്ടാകുന്നതെന്നുംഅമ്മ പലപ്പോഴും പറഞ്ഞിട്ടുള്ളതായിരിക്കാം ഉദ്യാനപുരംകൊട്ടാരത്തെ സംബന്ധിച്ചു ഈവിധം ഒരു മനസ്ഥിതിക്കുകാരണം."

മനോഹരൻ–"ആ കൊട്ടാരം സംബന്ധിച്ച വിവരങ്ങളും ബാരിസ്റ്റർ ലാലിനെ കണ്ടാൽ അറിയാമല്ലൊ."

ബീഗം.–"എന്നാൽ ഇപ്പോഴും തന്നെ പൊയ്ക്കളയാം. വരു."

മനോഹരൻ- "അങ്ങിനെഓടിച്ചെന്നാൽ അദ്ദേഹത്തെ കാണാൻ പററുകയില്ല. പററുമെങ്കിൽ തന്നെയു ഒട്ടധികം സമയം മിനക്കെടേണ്ടിവരും. മുൻകൂട്ടി സമയം നിശ്ചയിച്ചു പോകണം."

ബീഗം-"ഞാൻ തനിയെപോയി അദ്ദേഹത്തെ കാണണമെന്നാണൊ."

മനോഹരൻ-"ബാരിസ്റ്റർലാൽ ഒരു കടുവാ അല്ല കണ്ടാൽ ഉടൻ കടിച്ചുതിന്നുകളയുമെന്നു ഭയപ്പെടേണ്ടാ."

ബീഗം-"ഭയമൊന്നുമില്ല. അല്പം ഒരു സങ്കോചം തോന്നുന്നു. പിന്നെ എനിക്കു നിയമവും അതു സംബന്ധിച്ച കാൎയ്യങ്ങളും ഒന്നും അറിഞ്ഞുകൂടാ."

മനോഹരൻ-"ഭവതിയുടെ അച്ഛന്റെ പ്രായം കാണും ബാരിസ്റ്റർ ലാലിനു്. അതുകൊണ്ടു സങ്കോചം ആവശ്യമെ ഇല്ല. നിയമവും നിയമകാൎയ്യങ്ങളും അദ്ദേഹത്തെ പഠിപ്പിക്കാനല്ലല്ലൊ പോകുന്നതു്. അപ്പോൾ നിയമം നിശ്ചയമില്ലെന്നുള്ള തടസ്സവും നിലനിൽക്കുകയില്ല."

ബീഗം-"ഞാൻ അവിടെ ചെന്നിട്ടു എന്തുചെയ്യണംഎന്നു പറഞ്ഞുതരു എന്നാൽ...."

മനോഹരൻ"വിശേഷിച്ചു് ഒന്നും ചെയ്യണ്ടാ. അദ്ദേഹം പറയുന്നതുകേൾക്കണം,എന്തെങ്കിലും ചോദിച്ചാൽ മറുപടി പറയാൻ അറിയാമെങ്കിൽ പറയണം. സംശയം തോന്നുന്നെങ്കിൽ അദ്ദേഹത്തിന്റെ ഉപദേശം ചോദിക്കണം. അതു കേട്ടുകഴിഞ്ഞാൽ ആലോചിച്ചു മറുപടി കൊടുക്കാമെന്നു പറഞ്ഞിട്ടുപോരണം. ഉടൻ തന്നെ മറുപടി കൊടുക്കണമെന്നാവശ്യപ്പെടുകയില്ല."

പിറേറന്നാൾ ബീഗംറോഷൻ ബാരിസ്റ്റർ ലാലിനെ കാണാൻ പുറപ്പെട്ടു. ബീഗംറോഷനെ അദ്ദേഹം ഉപചാരപൂർവം സ്വീകരിച്ചു, ബീഗംറോഷനെ സ്വീകരിച്ചു എന്നു പറയുന്നതു ശരിയായിരിക്കയില്ല. ചലച്ചിത്ര

ങ്ങൾ ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത ബാരിസ്റ്റർ ലാലിന് ബീഗം റോഷൻ എന്ന പേർ തന്നെ പരിചിതമായിരുന്നില്ല. അവർ ഒരു ഉജ്ജ്വലതാരമാണെന്നു കുട്ടികൾ പറഞ്ഞപ്പോൾ മാത്രമാണ് അതറിഞ്ഞത്.

ബാരിസ്റ്റർ ലാൽ–"ഇങ്ങനെ ഒരു കുട്ടി, ലോകത്തെപ്പററി ഒന്നും തന്നെ അറിഞ്ഞുകൂടെന്നു ലോകർ അനുമാനിക്കുന്ന ഒരു രാജകുമാരി എന്റെ നാട്ടിൽ നിന്നു വന്ന് ഈ നഗരത്തിലെ അതിനിശിതമായ ജീവിതസമരത്തിൽ വിജയിച്ചു എന്ന് അറിഞ്ഞപ്പോൾ എനിക്കു അതിയായ അഭിമാനം തോന്നി. തനിച്ചെയുള്ളൊ?"

ബീഗം–"അമ്മ മരിച്ചിട്ടു രണ്ടു വർഷം കഴിഞ്ഞു. കലാലോകത്തിൽ ലോകർ എനിക്കൊരു സ്ഥാനം വകവച്ചുതന്നതു കണ്ടു് ആനന്ദിച്ച ശേഷമാണ് അമ്മ വിട്ടുപിരിഞ്ഞതെന്നൊരു സമാധാനമുണ്ടു്."

ബാ.ലാൽ–"അമ്മ കാലം ചെയ്തു എന്നറിയാം..... വേറെ....?"

ബീഗം–"വേറാരും സ്വന്തക്കാരായില്ല. ഇവിടെ ജനിച്ചുവളൎന്നതു പോലാണ് ഇപ്പോൾ എനിക്കുള്ള അനുഭവം. അതു കൊണ്ടും ജോലി ധാരാളമുള്ളതുകൊണ്ടും ഏകാന്തത "എന്നൊരു പ്രയാസം തോന്നാറില്ല."

ബാ.ലാൽ– എന്റെ കത്തിൽ സൂചിപ്പിച്ചിരുന്ന കാൎയ്യത്തെപ്പററി അറിവാൻ ആകാംക്ഷ ഉണ്ടായിരിക്കുമല്ലോ!!

ബീഗം–"ആകാംക്ഷ തോന്നിയില്ല"

ബാ.ലാൽ–"അത്രയും നന്നായി. ഉദ്യാനപുരം രാജാവ് നന്ദലാൽ മരിക്കുന്നതിനുമുമ്പ് ഒരു ഒസ്യത്തു് എഴുതിവച്ചിരുന്നു. ആ സാമന്ത രാജകുടുംബത്തിൽ അംഗങ്ങൾ ഇല്ലാതിരുന്നതുകൊണ്ടു്, നന്ദലാലിനു തകക്കാൻ–തുറന്നുപറയുന്നതു ക്ഷമിക്കണെ–സാധിക്കാതെ വന്ന സ്വത്തുക്കൾ ഒസ്യത്തു് അനുസരിച്ചു് ഇഷ്ടമുള്ളവർക്കു കൊ

ടുക്കുന്നതിന് അദ്ദേഹത്തിന് നിയമപ്രകാരം അധികാരവും അവകാശവും ഉണ്ടായിരുന്നു. ഉദ്യാനപുരം കൊട്ടാരവും അതിലുള്ള സർവവും കൊട്ടാരത്തിനു ചുററിലും ഉള്ള സ്ഥലവും രാജകുമാരി സരസ്വതീദേവിക്കു ചേരണമെന്നും അവർ ജീവിച്ചിരിപ്പില്ലാത്തപക്ഷം അവരുടെ പുത്രി രാജകുമാരി പ്രേമയ്ക്കു അവകാശപ്പെട്ടും എന്നുമാണ് വ്യവസ്ഥ. ഈ വിവരം നന്ദലാലിൻെറ ലീഗൽ അഡ്വൈസറും എൻെറ ഒരു ഉത്തമ സ്നേഹിതനുമായ ശ്രീനഗരത്തിലെ അഡ്വോക്കേററു സി. പി. പണ്ഡിററ് ഏതാനും മാസങ്ങൾക്കു മുമ്പ് എന്നെ അറിയിച്ചു. രാജകുമാരി സരസ്വതീദേവി വളരെ വർഷങ്ങൾക്കു മുമ്പ് ബോംബെ നഗരത്തിലേക്കു പോയതായി ഉദ്യാനപുരത്ത് സംസാരമുണ്ട്. അതുകൊണ്ടാണ് ഒസ്യത്തിലെ വ്യവസ്ഥ എന്നെ ധരിപ്പിക്കുകയും രാജകുമാരിയെ അന്വേഷിച്ചു വിവരം മനസ്സിലാക്കി കൊടുക്കുന്നതിനു ആവശ്യപ്പെടുകയും ചെയ്തതു്.

ബാരിസ്റ്റർ ലാൽ പറഞ്ഞതു് വളരെ ശ്രദ്ധിച്ചു കേൾക്കയാണു് ബീഗംറോഷൻ. അവൾ യാതൊന്നും പറയാതിരുന്നതുകൊണ്ടു് ബാരിസ്റ്റാർ ലാൽ തുടർന്നു. "ഒരു കാര്യം പ്രത്യേകം ധരിപ്പിക്കണമെന്നു പണ്ഡിററ് എന്നോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തെപ്പററി പിന്നീട് എനിക്കയച്ച ജ്ഞാപകകത്തിലും അക്കാര്യം എടുത്തുപറയുന്നുണ്ടു്. കത്തിലെ ആ ഭാഗം ഞാൻ വായിക്കാം. ശ്രദ്ധിച്ചു കേൾക്കണേ. "ഉദ്യാനപുരം കൊട്ടാരവും അതിലുള്ള സർവ്വവും ചുററിലും ഉള്ള സ്ഥലവും എന്നു കേൾക്കുമ്പോൾ അതുറാളരെ വിലപ്പിടിപ്പുള്ള ഒരു സ്വത്താണെന്നു ധരിക്കരുതു്. കൊട്ടാരത്തിലുണ്ടായിരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ ഒന്നും ഇന്നിവിടെ ഇല്ല. അവയെല്ലാം നന്ദലാൽ എന്തുചെയ്തു എന്നറിഞ്ഞുക്രൂടാ. അതു

പോലെ തന്നെ, കൊട്ടാരത്തിനു ചുററിലും ഉണ്ടായിരുന്ന വിസ്തൃതവും ഫലഭൂയിഷ്ടവും ആയ ഭൂമിയെല്ലാം പല ക്കം ഓരോ വ്യവസ്ഥയിൽ കൈവശപ്പെടുത്തി കൊടുത്തിരിക്കയാണു്. അതു വീണ്ടെടുക്കുക സാദ്ധ്യമല്ല. കൊട്ടാരത്തിനു് അത്യാവശ്യമുള്ള അററകുററ പണികൾ ചെയ്യാതായിട്ടു വളരെ കാലമായതുകൊണ്ടു് അതിൻെറ പഴയ മഹാത്മ്യം എല്ലാം നഷ്ടപ്പെടുക മാത്രമല്ലാ പല ഭാഗങ്ങൾ വാസയോഗ്യമല്ലാതെയും ആയി തീൎന്നിട്ടുണ്ടു്. ചിലഭാഗങ്ങൾ ഇടിഞ്ഞുപൊളിഞ്ഞു തുടങ്ങിയിരിക്കുന്നു. ഈ വിവരങ്ങൾ വിശ്വാസയോഗ്യമായ മാൎഗ്ഗങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ളവയാണെന്നാണു് എൻെറ പ്രതിനിധി അറിയിച്ചിരിക്കുന്നതു്. ഇതെല്ലാംകൂടി നോക്കുമ്പോൾ ഈ കൊട്ടാരം ഒരു ആസ്തിയോ ബാദ്ധ്യതയൊ എന്നു തന്നെ സംശയം തോന്നിപ്പോകുന്നു, എന്നാൽ "പുതിയ മടിശ്ശീലക്കാരൻ" എന്നു എൻെറ ഏജൻറ നാമകരണം ചെയ്യുന്ന ഒരാൾ, കൊട്ടാരത്തിനു രൊക്കം അമ്പതിനായിരം ഉറപ്പിക വിലകൊടുക്കാൻ തയ്യാറുണ്ടു്. "പുതിയ മടിശ്ശീലക്കാരൻ" മറിപ്പിനു പറയുന്ന ഈ വില വാങ്ങുന്നതായിരിക്കും ലാഭമെന്നാണു് എൻെറ ഏജൻറിൻെറ അഭിപ്രായം."

ഇത്രയും വായിച്ചശേഷം ബാരിസ്റ്റർ ലാൽ ബീഗം റോഷൻെറ മുഖത്തേക്കു ഒന്നു നോക്കി. "എന്തു് പറയുന്നു" എന്ന ചോദ്യം ആ നോട്ടത്തിൽ തെളിഞ്ഞുകണ്ട ബീഗംറോഷൻ ചോദിച്ചു. "ഇപ്പോൾ തന്നെ മറുപടി പറയണമെന്നുണ്ടോ."

ബാ- ലാൽ "ഇല്ല."

ബീഗംറോഷൻ-"എന്നാൽ ആലോചിച്ചു മറുപടി പറയാം."

ബാ-ലാൽ "അതാണു് നന്നു്. എന്നത്തേക്കു ഒരു മറുപടി പ്രതീക്ഷിക്കാമൊ."

ബീഗംറോഷൻ-"നാലഞ്ചു ദിവസത്തിനകം"

ബീഗംറോഷൻ നന്ദി പറഞ്ഞു മടങ്ങി.

---

## അദ്ധ്യായം 4

വൈകുന്നേരം തമ്മിൽ കാണുക പതിവുള്ള സമയത്തു മാത്രമാണു് മനോഹരൻ ബീഗംറോഷനെ സന്ദർശിച്ചതു്. അയാളെ അതിനു മുമ്പുതന്നെ പ്രതീക്ഷിച്ചിരുന്ന യുവതിക്കു് അല്പം മുഷിച്ചിൽ ഉണ്ടെന്നു മനോഹരനു് മുറിയിൽ കടന്നപ്പോൾ തന്നെ മനസ്സിലായി. അതറിയാത്ത ഭാവത്തിൽ അയാൾ ചോദിച്ചു "ബാരിസ്റ്റർ ലാലിൻെറ സന്ദേശം എന്തായിരുന്നു."

ബീഗംറോഷൻ- "ഒരു പ്രേമസന്ദേശമായിരുന്നു. എന്താ കൊള്ളാമൊ"

മനോഹരൻ ചിരിച്ചുകൊണ്ടു്"തീർച്ചയായും കൊള്ളുകയില്ല."

ബീഗംറോഷൻ- "എന്തുകൊണ്ടു്?"

മനോഹരൻ-"എൻെറ സ്ഥാനം കൈവശപ്പെട്ടുത്താൻ ഞാൻ അനുവദിക്കയില്ല. അതുകൊണ്ടുതന്നെ."

ബീഗംറോഷൻ- "നിങ്ങളുടെ സ്ഥാനം! എവിടെ കിട്ടി, എങ്ങനെ അവകാശപ്പെട്ടു."

മനോഹരൻ-"അതു നിൽക്കട്ടെ. ബാരിസ്റ്റർലാലിനെ കണ്ടകഥ പറയണം."

ബീഗംറോഷൻ എല്ലാം വിശദമായി പറഞ്ഞുകേൾപ്പിച്ചു. മനോഹരൻ ഒരു അഭിപ്രായവും പുറപ്പെടുവിച്ചില്ല.

ബീഗം ചോദിച്ചു "എന്താ ഒന്നും പറയാത്തതു്."

മനോഹരൻ- "പൂച്ചയ്ക്കു പൊന്നുരുക്കുന്നിടത്തു് എന്താണു് കാര്യം?"

ബീഗംറോഷൻ- "ആരാണു് ഇവിടെ പൊന്നുരുക്കിയതു്?"

മനോഹരൻ- "രാജകുമാരി പ്രേമയും ബാരിസ്റ്റർ ലാലും കൂടി ഉരുക്കി. ഉദ്യാനപുരം കൊട്ടാരമാകുന്ന ആ പൊന്നിന്റെ കാര്യത്തിൽ എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിക്കാൻ കേവലം ഒരു സാധാരണക്കാരനായ, അല്ലെങ്കിൽ പൂച്ച ആയ ഈയുള്ളവനെന്താണു് കാര്യം."

ബീഗംറോഷൻ- "പൂച്ചയും പൊന്നും ഒക്കെ പോകട്ടെ. ഇക്കാര്യത്തിൽ അഭിപ്രായം എന്താണു്."

മനോഹരൻ- "നമ്മുടെ അഭിപ്രായങ്ങൾ തമ്മിൽ യോജിക്കാതെ വന്നാൽ..........."

ബീഗംറോഷൻ- "അങ്ങിനെ വന്നാലും കാര്യത്തിന്റെ രണ്ടുവശവും കാണാനും കേൾക്കാനും സാധിക്കുമെന്നു് ഒരു ഗുണമുണ്ടു്"

മനോഹരൻ- "രാജ്യകാര്യത്തിലും രാജകുടുംബകാര്യത്തിലും തലയിടാൻ മടിതോന്നുന്നുണ്ടു്."

ബീഗംറോഷൻ- "രാജ്യകാര്യമൊ രാജകുടുംബകാര്യമൊ ഒന്നുമല്ലെന്നും എന്റെ കാര്യം മാത്രമാണെന്നും നിശ്ചയമുണ്ടായിരുന്നിട്ടും.........."

മനോഹരൻ- "നിർബന്ധമാണെങ്കിൽ പറയാം. ഉദ്യാനപുരം കൊട്ടാരം കിട്ടിയാൽ എന്തുചെയ്യും? ഒരു വെള്ളാന ആയിരിക്കും. അതിന്റെ സംരക്ഷണത്തിനു തന്നെ നല്ലൊരു സംഖ്യ കൂടാതെ കഴികയില്ല. അവിടെ പോയി താമസിക്കാമെന്നു് ഓക്കാനെ ഇല്ലല്ലൊ. അമ്പതിനായിരം വാങ്ങിയാൽ മിടുക്കായിരിക്കും. കൊട്ടാരമെന്ന വെള്ളാന തലയിൽ നിന്നു ഒഴിയുന്നതു വോറൊരു ലാഭവുമായിരിക്കും."

ബീഗംറോഷൻ– "ഉദ്യാനപുരം കൊട്ടാരത്തിൽ പോയി താമസിക്കാമെന്ന് പ്രതീക്ഷയില്ല. ആഗ്രഹവുമില്ല. അതിൻെറ അററകുററങ്ങൾ പോക്കുന്നതിനും ശരിയായി സംരക്ഷിക്കുന്നതിനും ഒട്ടധികം പണം വേണ്ടിവരും. അമ്പതിനായിരം കിട്ടീയിട്ട് അത്യാവശ്യമൊന്നുമില്ലെങ്കിലും കൊട്ടാരത്തിൻെറ സംരക്ഷണചെലവും ഭാരവും വഹിക്കാതെ കഴിയും പണം വാങ്ങിക്കൊണ്ടാൽ. ഈ വശങ്ങളെല്ലാം ഞാനും കണ്ടതാണ്. എന്നിട്ടും ആ കൊട്ടാരം, വച്ചുനീട്ടിയപ്പോൾ തട്ടിക്കളയുന്നതു് ശരിയായിരിക്കയില്ല എന്ന് ഒരു തോന്നലാണ് അവശേഷിക്കുന്നതു്. വേണ്ടെന്നുവയ്ക്കാനും വേണമെന്നു വയ്ക്കാനും വലിയ പ്രയാസമായിത്തോന്നുന്നു."

മനോഹരൻ– "ഒരപേക്ഷമാത്രമെയുള്ളു. കാശ്മീരത്തേക്ക് എഴുന്നള്ളത്തു പുറപ്പെടുമ്പോൾ ഈ സാധുവിൻെറ ഹൃദയം ഇങ്ങു തന്നിട്ടു പോകണമെന്ന്"

ബീഗംറോ– "അതല്ലല്ലൊ, കൊട്ടരമൊ, അമ്പതിനായിരം ഉറുപ്പികയൊ ഏതാണ് സ്വീകരിക്കേണ്ടതു് എന്നുള്ളതാണല്ലൊ പ്രശ്നം. തീർച്ചപ്പെടുത്താൻ എന്നെക്കൊണ്ടു സാധിക്കുന്നില്ല. ഒന്നു പറഞ്ഞു തരൂ. ഈ കൊച്ചനുജത്തി കുഴങ്ങുന്നതു കണ്ടില്ലേ."

മനോഹരൻ– "വേണ്ടാ, വേണ്ടാ, കൊച്ചനുജത്തി ആയിരുന്ന കാലമെല്ലാം ഇങ്ങിനി വരാതെവണ്ണം പൊയ്പോയി. ഇന്ന് വിരലിൽ നാടപോലെ എന്നെ ചുററുന്ന തരുണിയാണൊ കൊച്ചനുജത്തി!"

ബീഗംറോ "അമ്മ പലപ്പോൾ പറഞ്ഞിട്ടുള്ള സംഗതികൾ ഉപമനസ്സിൽ പതിഞ്ഞു കിടക്കുന്നതുകൊണ്ടായിരിക്കാം, അവയുടെ സമ്മർദ്ദം കൊണ്ടായിരിക്കാം, കൊട്ടാരം വേണ്ടെന്നുവെയ്ക്കാൻ അശേഷം സമ്മതം വരുന്നില്ല. അതിൽ ചെന്നു ചാടിയാൽ പല പല ഉപദ്രവങ്ങൾ വരുമെന്ന് ഒരു തോന്നലും ഉണ്ടു്. അമ്പതിനാ

യിരം രൂപാ എന്നെ ആകർഷിക്കുന്നില്ല. ബാങ്കിൽ കുറെ പണം കിടന്നാൽ എന്താണു് വിശേഷം, ആക്കാ യിട്ടാണു് അതെല്ലാം."

മനോഹരൻ-"ആക്കായിട്ടാണെന്നൊ. അതിന്നു് ആളുണ്ടാകും. ആ ചുമതല ഏൽക്കാൻ പോലും ഞാൻ ഒരുക്കമൊണ്ടു്. ഇന്നോ നാളെയൊ എന്നുള്ള സംശയമേ യുള്ളു. ഇപ്പോഴത്തെ അഭിപ്രായം മാറുമെന്നു എനിക്കു നിശ്ചയവുമുണ്ടു്."

ബീഗംറോ-"നാണമില്ലല്ലൊ ഇങ്ങനെ പറയാൻ. വളരെ ഗൌരവതരമായ കാര്യങ്ങളെപ്പററി ആലോചിക്ക യും സംസാരിക്കയും ചെയ്യുന്നതിനിടയ്ക്കാണു് കുരുത്തക്കേ ടും കുസൃതിയും തമാശയും എടുത്തിടുന്നതു്!"

മനോഹരൻ മൌനം ദീക്ഷിക്കയാൽ റോഷൻ തുടൻ. "പണം വേണ്ടെന്നും കൊട്ടാരം വേണമെന്നും ബാ രിസ്റ്റർ ലാലിനെ അറിയിക്കാം."

മനോഹരൻ "അതുകഴിഞ്ഞാൽ? കൊട്ടാരം കൈവ ശപ്പെടുത്തി താമസമുറപ്പിക്കാൻ എഴുന്നുള്ളുകയാണൊ."

ബീഗംറോ-"അതേ, കൊട്ടാരം ഒന്നു കാണുന്നതിനു കാശ്മീരത്തേക്കു പുറപ്പെടുകയാണു്."

മനോഹരൻ-"കണ്ടാൽ മതിയൊ. താമസവും അ വിടെ ആക്കേണ്ടയൊ."

ബീഗംറോ-"കണ്ടിട്ടു് നമുക്കു മടങ്ങിപോരാം. അ വിടെ താമസിക്കണമെന്നു തോന്നുന്നില്ല."

മനോഹരൻ-"നമുക്കോ?"

ബീഗംറോ- "നമുക്കു്"

മനോഹരൻ-"രാജകുമാരി കൊട്ടാരത്തിലേക്കു എ ഴുന്നെള്ളുന്നകാര്യമായതുകൊണ്ടു് നാം പ്രയോഗിച്ചതായി രിക്കുമല്ലൊ."

ബീഗംറോ-"അല്ല. നമ്മൾ രണ്ടാളുംകൂടി പോകുക എന്നുദ്ദേശിച്ചാണു്."

മനോഹരൻ–"മനോഹരമായ കാശ്മീരം, എൻെറ മനസ്സിനെ അപഹരിച്ചിരിക്കുന്ന ആളും ഒരുമിച്ചു സന്ദശിക്കുന്നതിൽ കൂടുതൽ സന്തോഷകരമായ ഒരു കാര്യത്തെപ്പററി ചിന്തിക്കാൻ തന്നെ ഇപ്പോഠം കഴിവില്ല. എങ്കിലും തൽക്കാലം കാശ്മീർ യാത്രയ്ക്കു പുറപ്പെടാൻ എന്നാൽ സാദ്ധ്യമല്ല."

ബീഗംറോ– "ഞാൻ തനിച്ചു പൊയ്ക്കൊള്ളാനാണൊ പറയുന്നതു്."

മനോഹരൻ– "പോകേണ്ടാ എന്നാണു് പറയുന്നതു്."

ബീഗംറോ–"ഈ നിമിഷത്തിൽ തന്നെ പുറപ്പെടണമെന്നു് ആഗ്രഹിക്കുന്ന എന്നെ തടസ്സപ്പെടുത്തരുതെ."

മനോഹരൻ–"അങ്ങനെ എങ്കിൽ പോകുക തന്നെ വേണം. നമ്മുടെ ഫിലിമിൻെറ ഷൂട്ടിംഗ് മാററിവയ്ക്കാം. ഏറെറടുത്തിട്ടുള്ളവ മാററിവയ്ക്കാൻ. അവയുടെ ഉടമസ്ഥർ സമ്മതിക്കയില്ല. അവക്കു വലിയ നഷ്ടം ഉണ്ടാകും."

ബീഗംറോ–"അതു സാരമില്ല."

മനോഹരൻ–"ഒന്നും ഒക്കാതെ പറയുന്നതല്ല. എൻെറ പാർട്ടനർ ഈ തീരുമാനത്തിൽ എത്തുമെന്നു എനിക്കു കാണാമായിരുന്നു. അതു കൊണ്ടു് ഞാൻ ശരിക്കു് ആലോചിച്ചു. ഒന്നു ചെയ്യാം. കാശ്മീരത്തു ചെന്നശേഷം എൻെറ സാന്നിദ്ധ്യം ആവശ്യമെന്നു കാണുന്നപക്ഷം ഒരു കമ്പി അടിച്ചാൽ ഉടൻ തന്നെ അവിടെ എത്താമെന്നു വാക്കു തരാം."

ബീഗംറോ–"ഞാൻ തനിയെ പോകാനൊ....!!

മനോഹരൻ– "അതിനെന്താണു്? വിമാനത്തിൽ പുറപ്പെട്ടാൽ അന്നുതന്നെ ശ്രീനഗരത്തിൽ എത്താം. പിന്നെന്താണു്."

ബീഗംറോ–"എന്നാലും........"

മനോഹരൻ–"എന്നാലും എന്നു പറയാനൊന്നുമില്ല. കമ്പികിട്ടിയാൽ പന്ത്രണ്ടു മണിക്കൂറുകൾക്കുള്ളിൽ പുറപ്പെടാൻ ഞാൻ ഒരുങ്ങിയിരുന്നുകൊള്ളാം."

ബീഗംറോ–"എന്നു പുറപ്പെടണമെന്നാണു?"

മനോഹരൻ–"ഞാനല്ലല്ലൊ പുറപ്പെടുന്നതു്. പുറപ്പെടുന്ന ആൾ തന്നെ സമയവും നിശ്ചയിക്കണം."

ബീഗംറോ– "നാളെ ബാരിസ്റ്റർ ലാലിനെ കണ്ടു് സംസാരിച്ചു്, കത്തു വാങ്ങി വെള്ളിയാഴ്ച പുറപ്പെട്ടാൽ എന്താണു്?"

മനോഹരൻ– "വെള്ളിയാഴ്ച വേണ്ടാ. ശനിയാഴ്ചത്തേയ്ക്കു മാററാമോ?

ബീഗംറോ– "എന്നാൽ ശനിയാഴ്ച ആവട്ടെ."

മനോഹരൻ– "വിമാനത്തിനുള്ള ടിക്കററു് ഞാൻ ബുക്കുചെയ്തേക്കാം. മററുള്ള ഒരുക്കങ്ങൾ നടത്തികൊള്ളാമല്ലൊ."

ബീഗംറോ–"എന്തൊരുങ്ങാനാണു്. ഞാൻ സ്ഥിരതാമസത്തിനൊന്നും പോകയല്ല. കൂടിയാൽ നാലഞ്ചു ദിവസത്തേക്കു മതിയല്ലൊ. ഒരു ബാഗു് പായ്ക്കു ചെയ്യാനെന്തു സമയം വേണം."

ശനിയാഴ്ച രാവിലെ വിമാനത്തിൽ കേറാൻ ചെന്നപ്പോൾ ബീഗംറോഷൻെറ "ഒരു ബാഗു്" മൂന്നായി വർദ്ധിച്ചിരുന്നു. പുറപ്പെടാൻ സമയമായപ്പോൾ അവളുടെ ഭാവം മാറി. മനോഹരനോടു പറഞ്ഞു "ഞാൻ എത്രയും വേഗത്തിൽ മടങ്ങി എത്തും. എനിക്കു യാത്രയിലൊ ഉദ്യാനപുരത്തു് എത്തിയശേഷമൊ എന്തെങ്കിലും അസൗകര്യം ഉണ്ടാകുമെന്നു് ഓർത്തു് ഓർത്തു് കുണ്ഠിതപ്പെടരുതു്."

മനോഹരനെ ഈ ഉപദേശം ഒരു വശത്തുകൂടി വല്ലാതെ കുഴക്കിയെങ്കിലും, അവൾക്കു തന്നോടുള്ള സ്നേഹത്തിൻെറ ആഴം അതിൽ പ്രതിഫലിച്ചിരുന്നതു് അവ

ന്നെ സംതൃപ്തനാക്കുകയും ചെയ്തു. എല്ലാം മറച്ചുവച്ചിട്ട് അവൻ പറഞ്ഞു. "ഇക്കാലത്തു യാത്രയിലൊ കാശ്മീരിലൊ എന്തു് ഉപദ്രവം ഉണ്ടാകാനാണു്! ഒന്നുമില്ല. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ കമ്പി അടിച്ചാൽ മതി"

ബീഗംറോഷൻ ദില്ലിയിൽഎത്തി ശ്രീനഗരത്തിലേക്കുള്ള വിമാനത്തിൽ പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ യാതൊരു അസുഖമൊ അസൌകര്യമൊ ഉണ്ടായില്ല. ശ്രീനഗരത്തിനടുത്തുള്ള വിമാനത്താവളത്തിൽ വിമാനം കൃത്യസമത്തിറങ്ങി. രാജകുമാരിയെ സ്വീകരിക്കുന്നതിനു് അഡ്വൊക്കേററു് സി. പി. പണ്ഡിററു് അദ്ദേഹത്തിൻെറ പുത്രനെ അയച്ചിരുന്നു. പ്രസിദ്ധ സിനിമാതാരമായ ബീഗം റോഷനെ സ്വീകരിക്കാൻ പോകണമെന്നയാൾ തലേന്നാൾ ആ ബാലനോടു പറഞ്ഞതിനുശേഷം അവൻ ശരിക്കു ആഹാരം കഴിക്കയൊ ഉറങ്ങുകയൊ ചെയ്തിട്ടില്ല. പതിനേഴാം വയസ്സിൻെറ ഉത്സാഹം അവനെ ആട്ടി അലച്ചുകൊണ്ടിരുന്നു.

പുത്രൻ കൂട്ടിക്കൊണ്ടുചെന്നതു് സിനിമാതാരമായ ബീഗംറോഷനെ ആയിരുന്നെങ്കിലും അവൻെറ അച്ഛൻ അഡ്വൊക്കേററു് പണ്ഡിററു് സ്വീകരിച്ചതു് ഉദ്യാനപുരത്തെ രാജകുമാരി പ്രേമയെ ആണു്. മിസ്സസ്സ് പണ്ഡിററും അദ്ദേഹത്തിൻെറ രണ്ടാമത്തെ പുത്രി വിമലയും ബീഗംറോഷനെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയപ്പോൾ പണ്ഡിററു് യുവതിയോടു് പറഞ്ഞു. "വിശ്രമശേഷം അല്പസമയം കിട്ടണം. ഉദ്യാനപുരത്തേക്കു നാളെതന്നെ വേണമെങ്കിൽ പുറപ്പെടാം. അതിനു വേണ്ടതെല്ലാം ഏർപ്പാടു ചെയ്തിട്ടുണ്ടു്. യാത്രപുറപ്പെടുന്നതിനു മുമ്പു് അറിഞ്ഞിരിക്കേണ്ടതും തീർച്ചപ്പെടുത്തേണ്ടതുമായ കാര്യങ്ങൾ ഉണ്ടു്. അവയെപ്പററി ആലോചിക്കുന്നതിനാണു് അല്പസമയം കിട്ടേണ്ടതു്."

ബീഗംറോ- "ഇപ്പോൾ വേണമെങ്കിലും സംസാരി

ക്കാം. എനിക്കു് ക്ഷീണമോവിശപ്പോ ഒന്നും തോന്നു ന്നില്ല."

മിസസ്സ് പണ്ഡിററു് "ഇപ്പോൾ തന്നെ കുളിച്ചു വസ്ത്രംമാററി അല്പം ആഹാരം കഴിക്കണം. അതു കഴിയ മ്പോൾ അല്പം ഉറങ്ങണമെന്നു തോന്നും. അതും കൂടികഴി ഞ്ഞിട്ടു സംസാരിക്കാം."

വിമലയുടെ അഭിപ്രായവും പുറത്തുവന്നു. വിമല ഇക്കാലത്തെ സിനിമാ പ്രേമികളുടെ കൂട്ടത്തിൽപെട്ടവൾ തന്നെ. പ്രദർശനം കാണുമ്പോഴും അതുകഴിഞ്ഞു വീട്ടിൽ വരുമ്പോഴും തോന്നാറുണ്ടു് അവൾക്കും ഒരു സ്റ്റാർ ആക ണമെന്നും ആകാമെന്നും. സിനിമാതാരമായ ബീഗംറോ ഷനോടു അവൾക്കുള്ള ബഹുമാനം പ്രദർശിപ്പിക്കാൻ അ വസരംകിട്ടി. അമ്മ പറഞ്ഞതിനെ തുടൎന്നു മകൾ പറഞ്ഞു "ഉറങ്ങി എണിക്കുമ്പോളായിരിക്കാം. യാത്രയുടെ ക്ഷീണ മെല്ലാം തോന്നുന്നതു്. ഉറക്കം കഴിഞ്ഞു ചായകുടിച്ചു കഴിഞ്ഞാൽ അച്ഛനു് സംസാരിക്കാം. അല്ലാതെ ഞാൻ അനുവദിക്കയില്ല."

പണ്ഡിററു്– "അനുവദിക്കയില്ലെന്നു വിമല കല്പി ക്കുമ്പോൾ പിന്നെ ആലോചിക്കാനൊന്നുമില്ലല്ലൊ. വി ശ്രമിച്ചശേഷം ആകയാണു് നന്നു്. ബദ്ധപ്പാടൊന്നുമുള്ള കാൎയ്യമല്ല."

വിശ്രമം കഴിഞ്ഞപ്പോൾ ബീഗംറോഷനെ വിമല പണ്ഡിററിൻെറ ആഫീസുമുറിയിലേയ്ക്കു് ആനയിച്ചു. പ ണ്ഡിററു ചോദിച്ചു "നാളെത്തന്നെ ഉദ്യാനപുരത്തേക്കു പു റപ്പെടണമെന്നു പറഞ്ഞതായി ഓൎക്കുന്നു. ബദ്ധപ്പാടുണ്ടോ? രണ്ടു ദിവസം ഇവിടെ താമിച്ചു വിശ്രമിച്ചശേഷം പുറ പ്പെടുകയല്ലെ നന്നു്."

ബീഗംറോ– "കഴിയുന്നതുവേഗത്തിൽ മടങ്ങി എ ത്തേണ്ടതുണ്ടു്."

പണ്ഡിററു്–"ഉദ്യാനപുരം കൊട്ടാരത്തിനു് അൻപ

തിനായിരം ഉറപ്പിക തരാമെന്നു പറഞ്ഞതു് അത്ര സ്വീകാര്യമായിതോന്നുന്നില്ലെന്നും കൊട്ടാരം തന്നെവേണമെന്നാണു് അഭിപ്രായമെന്നും മിസ്റ്റർ ലാൽ എന്നെ അറിയിച്ചിരുന്നു....."

ബീഗംറോ- "അതു ശരിയാണു്. പണം കിട്ടിയിട്ടു് അത്യാവശ്യങ്ങൾ ഒന്നും സാധിക്കാനില്ല. കൊട്ടാരത്തോടു എന്തൊ ഒരു...."

പണ്ഡിറവ്- "കൊട്ടാരം കൊടുത്തു പണം വാങ്ങണമെന്നു് അഭിപ്രായപ്പെടുകയൊ ഉപദേശിക്കയൊ അല്ല. കൊട്ടാരം കൈവിടാൻ ഇഷ്ടമില്ലാത്ത ആൾ അതു കാണുന്ന ക്ഷണത്തിൽ മടങ്ങി ബോംബയിൽ എത്താൻ ആഗ്രഹിക്കുന്നു. ഇതു രണ്ടും തമ്മിൽ ശരിയായ പൊരുത്തം ഇല്ലെന്നു തോന്നി...."

ബീഗംറോ-"കൊട്ടാരം കണ്ടശേഷം അവിടെതന്നെ താമസം ഉറപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ല."

പണ്ഡിറവ്- "അപ്പോൾ ഈ യാത്രയുടെ ഉദ്ദേശം. ഉദ്യാനപുരം കൊട്ടാരം ഒന്നു കാണാം എന്നും മാത്രമാണു്. അല്ലെ."

ബീഗംറേ--"അതു് ശരിയാണു്. തമ്മിൽ തമ്മിൽ യാതൊരു സാമ്യവും പൊരുത്തവുമില്ലാത്ത സ്വഭാവപ്രത്യേകത സ്ത്രീകൾക്കു ജന്മസിദ്ധമാണെന്നു് നിങ്ങൾ-പുരുഷന്മാർ-പറയാറുണ്ടല്ലൊ, അതാണു് എന്റെ സമാധാനം. കൊട്ടാരം വേണ്ടെന്നുവയ്ക്കാൻ തരമില്ല. അവിടെ താമസമുറപ്പിക്കാൻ തയ്യാറില്ല. അതു് ഒന്നു കാണാതെ ബോംബെയിൽ ഇരിക്കാനും നിവൃത്തി ഉണ്ടായിരുന്നില്ല. അതുകൊണ്ടാണു് തിരിച്ചതു്. നാളെ രാവിലെ തന്നെ ഉദ്യാനപുരത്തേക്കു് പുറപ്പെട്ടാൽകൊള്ളാമെന്നുണ്ടു്."

പണ്ഡിറവ്- "അങ്ങിനെ ആവാം. വഴി വളരെ ദുർഘടമാണു്. ഉദ്യാനപുരത്തിനു സമീപമുള്ള വനപ്രദേശങ്ങളിൽ അക്രമികളുടെ ശല്യവും കുറെ എല്ലാം ഉണ്ടെ

ന്നാണു് പറയുന്നതു്. അതു രാത്രിയിലാണു്. നാളെരാത്രി നാഗനഗരത്തിൽ താമസിച്ചശേഷം മററന്നാൾ അതി രാവിലെ പുറപ്പെട്ടാൽ, വഴി ദുർഘടമാണെങ്കിലും അസമ യമാകുന്നതിനുമുൻപു് ഉദ്യാനപുരത്തു് എത്താൻ സാധി ക്കും. ഉദ്യാനപുരത്തടുത്തുള്ള മലകളിലും ചില അക്രമി കൾ ചെന്നുകൂടിയിട്ടുണ്ടെന്നു് പറയുന്നുണ്ടു്. അതു അത്ര കാൎയ്യമാക്കേണ്ട ഇപ്പോൾ."

ബീഗംറോ- "ഒരു ദിവസംകൊണ്ടു് യാത്ര പൂൎത്തി യാക്കാൻ പററുകയില്ല എന്നു തീൎച്ചയാണെങ്കിൽ...."

പണ്ഡിററു്-"ഒരു സമയം സാധിച്ചു എന്നുവരാം. സാധിച്ചില്ല എങ്കിൽ എന്താണു് മാൎഗ്ഗം എന്നും ആലോ ചിക്കേണ്ടതുണ്ടല്ലൊ. നാഗനഗരം കഴിഞ്ഞാൽ രാജകുമാ രിയെപോലുള്ള ഒരു തരുണി തനിച്ചു രാത്രി കഴിച്ചുകൂട്ടാൻ പററിയ ഒരു സ്ഥാനം കാണില്ല. അതാണു് രണ്ടു ദിവ സംകൊണ്ടു് യാത്രപൂൎത്തിയാക്കാൻ ആലോചിച്ചാൽ മതി എന്നു പറഞ്ഞതു്."

ബീഗംറോ-"എന്നാൽ അങ്ങിനെ ആവട്ടെ."

പണ്ഡിററു്-"നാളെ തന്നെ പുറപ്പെടുക എന്നാണു് അല്ലെ?"

ബീഗംറോ-"അങ്ങിനെയാണാഗ്രഹം."

പണ്ഡിററു്-"കൂടെ വിശ്വസ്തനായ ഒരു സേവകനെ ഉദ്യാനപുരംവരെയ്ക്കു് അയച്ചുതരാം. കാറിൽ ചെന്നിറ ങ്ങിയാൽ കൊട്ടാരത്തിൽ എത്തുന്നതിനു കാടും മലയും കടന്നു് എട്ടുപത്തു നാഴിക പോകണം. അതിലേക്കു കൊ ട്ടാരത്തിൽനിന്നു് ഡോലികൊണ്ടുവരുവാൻ ഞാൻ അറി യിച്ചുകൊള്ളാം."

ബീഗംറോ- "അതിനു വിരോധമില്ല."

പണ്ഡിററു്-"കൊട്ടാരത്തിൽ നിന്നു് അകമ്പടിക്കാ രും വരും. അപ്പോൾ എന്റെ ആൾ കൂടിയെ കഴിയൂ എന്നില്ല. നാളെ പുറപ്പെടുന്നു എന്നു തീൎച്ചപ്പെടുത്തിയ

സ്ഥിതിക്ക് ഞാൻ വിവരത്തിന് ഇപ്പോൾ തന്നെ കമ്പി അടിക്കാം."

ബീഗംറോഷൻ പിററന്നാൾ അതിരാവിലെ പുറപ്പെട്ടു. അന്നുരാത്രി നാഗനഗരത്തിൽ വിശ്രമിച്ചു. പണ്ഡിററ് അതിനു ചെയ്തിരുന്ന ഏപ്പാടുകൾ എല്ലാം വളരെ തൃപ്തികരമായിരുന്നു. നാഗനഗരത്തിൽനിന്നു ഉദ്യാനപുരത്തേക്കുള്ള റോഡ് മലകളുടെ കീഴക്കാംതൂക്കായ വശങ്ങളിൽ ഒട്ടിച്ചുവച്ചിരിക്കുന്ന നാടപോലെ തോന്നിക്കുമായിരുന്നു. ആ പാഥയിൽകൂടി ആ വാഹനം അതിന്റെ ഡ്രൈവർ എങ്ങിനെ ഓടിച്ചുകൊണ്ടുപോകുന്നു എന്നു കുമാരി പലപ്പോഴും അത്ഭുതപ്പെട്ടു.

രണ്ടു മണിയോടുകൂടി ഉദ്യാനപുരത്തേക്കുള്ള നടപ്പാത ആരംഭിക്കുന്ന സ്ഥാനത്തു എത്തിച്ചേർന്നു. കൊട്ടാരത്തിൽനിന്നു വന്നിരുന്ന ആൾക്കാരുടെ നേതാവു് എന്നു കാഴ്ചയിൽ തന്നെ അറിയാമായിരുന്ന ഒരാൾ കാറിൽനിന്നു പുറത്തേക്കു ഇറങ്ങിയ ബീഗംറോഷനെ താണുവണങ്ങിയശേഷം രാജകുമാരി വരുന്നുണ്ടെന്നു വക്കീലിന്റെ കമ്പികിട്ടിയതനുസരിച്ചു വന്നതാണെന്ന് അറിയിച്ചു. പ്രഭുക്കന്മാരുമായി, ഒരു സേവകൻ എന്ന നിലയിൽ ഇടപെട്ടു ധാരാളം പരിചയമുണ്ടു" എന്നു് അയാൾ അല്പം പോലും തെററാതെ പ്രയോഗിച്ച ആചാരഭാഷാശൈലി തെളിയിച്ചു. നന്ദലാലിന്റെ വിചാരിപ്പുകാരൻ എന്ന നിലയിൽ അദ്ദേഹത്തെ വിശ്വസ്തതയോടെ സേവിച്ച് അയാളുടെ തെമ്മാടിത്തരങ്ങൾക്ക് വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു് സർവ്വവും നശിപ്പിക്കുന്നതിനു സഹായിച്ച ശങ്കർ ആയിരുന്നു രാജകുമാരിയെ സ്വീകരിക്കാൻ ചെന്നിരുന്നതു്.

ബീഗംറോഷനെ ശങ്കർ എഴുന്നള്ളിച്ചു് ഡോലിയിൽകേററി വേഗത്തിൽ തന്നെ പുറപ്പെട്ടു. ശങ്കരും ഏതാനും അനുയായികളും പിമ്പിൽ, മുമ്പിലും ഇരു വശ

ത്തും കുറെപ്പേർ. കൊട്ടാരം സർവ്വത്ര മുടിഞ്ഞു എങ്കിൽ ഇത്രയധികം അകമ്പടിക്കാരെ ശങ്കർ എവിടെ നിന്ന ശേഖരിച്ചു?

മാർഗ്ഗമദ്ധ്യേ അപ്രതീക്ഷിതമൊ രേഖപ്പെടുത്തേണ്ട തൊ ആയ സംഭവങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല. അവർ സന്ധ്യയോടുകൂടി കൊട്ടാരത്തിൽ എത്തി. പ്രവേശന ദ്വാരത്തിൽ എത്തിയപ്പോൾ തന്നെ എല്ലാം മുടിച്ചു, എല്ലാം നശിച്ചു എന്നുകേട്ടതു് ശരിയാണെന്നു് ബീഗം റോഷനു ബോദ്ധ്യമായി. കൊട്ടാരത്തിനു ചുററിലും ഉണ്ടായിരുന്ന ഗംഭീരമായ മതിൽക്കെട്ടിൻെറ പലഭാഗങ്ങളും അവർ പ്രവേശിച്ച ഭാഗത്തുണ്ടായിരുന്ന ഗോപുരവും നിലം പരിചായിട്ടു ദശവർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു എന്നു് ഒന്നു നോക്കിയാൽ അറിയാം.

കൊട്ടാരത്തിൻെറ ഉമ്മരത്തു് എത്തിയപ്പോൾ ഡോലി താഴത്തു് ഇറക്കി. ഒരു സ്ത്രീ വാതുക്കൽ നിൽക്കുന്നുണ്ടു്. ആ മലനാട്ടിനു് അനുയോജ്യമല്ല അവളുടെ കെട്ടുംമട്ടും. ഒരിക്കൽ നല്ലൊരു പച്ചപരിഷ്ക്കാരി ആയിരുന്നുവെന്നും മലനാടൻ മട്ടു് അഭിനയിക്കയാണെന്നും കുമാരികണ്ടു.

ശങ്കർ രാജകുമാരിക്കു സ്വാഗതം അരുളിയശേഷം, കാത്തുനിന്ന വനിതയെ തൻെറ അനന്തിരവൾ ആണെന്നും രാജകുമാരിയുടെ ദാസി എന്ന നിലയിൽ വേണ്ട പരിചരണാദികൾക്കു നിയോഗിക്കപ്പെട്ടിരിക്കയാണെന്നും കാലംചെയ്ത രാജാനന്ദലാലിൻെറ അനാരോഗ്യ കാലത്തു വളരെ ഭക്തിയോടുകൂടി ശുശ്രൂഷിക്കയും അദ്ദേഹത്തിൻെറ ഇഷ്ടംനോക്കുകയും ചെയ്തദുർഗ്ഗയാണു് അവളെന്നും അറിയിച്ചു. കണ്ടക്ഷണത്തിൽ തന്നെ, തന്നോടു വിരോധമൊ ശത്രുതയൊ ആ സ്ത്രീക്കുണ്ടെന്നു് രാജകുമാരിക്കു തോന്നിയ സംശയം ഈ പരിചയപ്പെടുത്തൽ നിശ്ചയമായി മാററി. സർവത്ര വത്സലനായിരുന്ന നന്ദലാലിൻെറ "ഇഷ്ടം നോക്കിയ" ദുർഗ്ഗ, ആ കൊട്ടാരത്തിൽ

ഒരു ദുർഗ്ഗാദേവി ആയിരിക്കാനാണു മാർഗ്ഗം എന്നു് ഒററ നോട്ടത്തിൽതന്നെ ബീഗംറോഷൻ അനുമാനിച്ചു.

ദീർഘയാത്ര കഴിഞ്ഞു വന്ന രാജകുമാരിക്കു ക്ഷീണം നന്നായുണ്ടായിരിക്കുമെന്നുള്ളതുകൊണ്ടു് ഉടൻ തന്നെ കുളിച്ചു് ആഹാരം കഴിക്കാൻ ദുർഗ്ഗ ക്ഷണിച്ചു. അതെ ക്ഷണിക്കയാണു്, അപേക്ഷിക്കയൊ അഭ്യർത്ഥിക്കയൊ അല്ല ചെയ്തതു്. രാജകുമാരിയോടു സമത്വത്തിൽ പെരുമാറി എന്നു പറഞ്ഞുകൂടാ എന്നാൽ ദാസ്യഭാവം അല്പം പോലുമില്ലാ താനും.

കുളികഴിഞ്ഞു വന്നപ്പോൾ ആഹാരം തയ്യാറുണ്ടു് എന്നു് അറിയിച്ചതു് ദുർഗ്ഗയായിരുന്നു. വിളമ്പിക്കൊടുക്കുന്നതിനു് അവൾ തുനിയാതെ ഒരു ദാസിയെ ഏല്പിക്കയാണു് ചെയ്തതു്. അവൾ സമീപത്തുണ്ടു് മേൽനോട്ടത്തിനു്. രാജകുമാരിയെ ധിക്കരിച്ചു എന്നോ അപമാനിച്ചൊ എന്നോ വരരുതു്. അതേ സമയം തന്നെ ദാസ്യനിലയിൽ വർത്തിക്കാൻ തയ്യാറുമില്ല.

പരിതസ്ഥിതികൾ മനസ്സിലാക്കുന്നതിനു്, വിളമ്പിക്കൊടുക്കാൻ വന്ന ദാസിയോടു എന്തൊ ഒന്നുരണ്ടു ചോദ്യം ചോദിച്ചതിനു മറുപടി നൽകുന്നതിനു മുമ്പു് അവൾ ദുർഗ്ഗയുടെ മുഖത്തേക്കു നോക്കി അനുവാദം ചോദിച്ചു എന്നു് തോന്നി. വിവരം ഗ്രഹിക്കുന്നതിനു് ഒരു മാർഗ്ഗമെയുള്ളു എങ്കിൽ ആ മാർഗ്ഗം സ്വീകരിക്കുക തന്നെ എന്നുറച്ചു കുമാരി. ആഹാരം കഴിഞ്ഞപ്പോൾ ദുർഗ്ഗ രാജകുമാരിയോടു പറഞ്ഞു, "യാത്രാക്ഷീണം നന്നേയുണ്ടായിരിക്കുമല്ലൊ. കിടക്കറ ശരിപ്പെടുത്തിയിട്ടുണ്ടു്. ഉടൻ തന്നെ അങ്ങോട്ടേയ്ക്കു പുറപ്പെടുന്നെങ്കിൽ........"

രാജകുമാരി– "അങ്ങിനെ വലിയ ക്ഷീണം ഒന്നും തോന്നുന്നില്ല, എന്നാലും നമുക്കു് ഉറക്കറയിലേക്കു പൊയ്ക്കളയാം."

"നമുക്കു പൊയ്ക്കളയാം" എന്ന പ്രയോഗം കേട്ടി

ല്ലൊന്നൊ മനസ്സിലാക്കിയില്ലെന്നൊ ഉള്ള ഭാവത്തിൽ, രാജകുമാരിയുടെ കിടക്കറയിലേക്ക അവരോടൊപ്പം ചെല്ലുന്നതിന് ദുർഗ്ഗ ഒരു ദാസിയെ വിളിച്ചു. രാജകുമാരി അതുകൊണ്ടും തോററില്ല. അവരം പറഞ്ഞു "ദുർഗ്ഗാദേവിക്കു വലിയ അസൗകര്യമില്ലെങ്കിൽ എന്നോടൊപ്പം വന്നാൽ ഉപകാരമായി."

"ദേവി" ചേർത്തുവിളിച്ചതും അഭ്യർത്ഥനയുടെ രീതിയിൽ സംസാരിച്ചതും ദുർഗ്ഗയെ തൃപ്തിപ്പെടുത്തി. അവരം ഒന്നും പറയാതെ ദാസിയുടെ കൈയ്യിൽനിന്നു കൈവിളക്കു വാങ്ങിക്കൊണ്ടു് "എന്നാൽ ആവട്ടെ" എന്നു പറഞ്ഞു കിടക്കറയിലേക്കു നടന്നു. രാജകുമാരിയും അവളോടൊപ്പം പുറപ്പെട്ടു. ആ പ്രയാണത്തിൽ രാജകുമാരിക്കു് ഉദ്യാനപുരം കൊട്ടരത്തെപ്പററി അല്പം ഒരു ഗ്രാഹ്യം ഉണ്ടായി എന്നു പറയാം. അവർ വളരെ ദൂരം നടന്നു് പല മുറികരം കടന്നു് രണ്ടുമൂന്നു് ഏണിപ്പടികരം കേറിയാണു രാജകുമാരിക്കു ഉറങ്ങുന്നതിനു ശരിപ്പെടുത്തിയിരുന്ന അറയിൽ എത്തിയതു്. കണ്ടതെല്ലാം അധഃപതനത്തിൻെറ, നാശത്തിൻെറ ലക്ഷ്യങ്ങളായിരുന്നു. ഇടിഞ്ഞുപൊളിഞ്ഞു തുടങ്ങിയ ഭിത്തികരം. കതകുകരം പറിഞ്ഞുപോയ ജനലുകരം വെട്ടിക്കീറിയതും തട്ടിപ്പൊളിച്ചതും ആയ കതകുകരം. ജീർണ്ണിച്ച ഏണിപ്പടികരം

അവർ കിടക്കറയിൽ എത്തിയ ഉടനെ അവിടെ തൂങ്ങിയിരുന്ന ഒരു വിളക്കു്, കൈവശമുണ്ടായിരുന്ന കൈവിളക്കിലെ ദീപത്തിൽനിന്നു ദുർഗ്ഗ കത്തിച്ചു. ഒരു കട്ടിലും ഒരു സ്ററൂളും മാത്രമാണു് ആ മുറിയിൽ ഉള്ളതു്. രാജകുമാരിയുടെ കിടക്ക വിരിച്ചു ശരിപ്പെടുത്തിയിട്ടിരിക്കയാണു്. ജനലിൽക്കൂടി അടിക്കുന്ന കാററു് ശല്യമായിരിക്കും അതടയ്ക്കാം എന്നു പറഞ്ഞു ജനലടച്ചു് ദുർഗ്ഗ മുറിയിൽ നിന്നു് ഇറങ്ങിപോകാൻ ഭാവിച്ചു.

അവളെ അങ്ങിനെ വിടാൻ നിശ്ചയിച്ചിരുന്നില്ല

രാജകുമാരി. "പോകാൻ വലിയ ബദ്ധപ്പാടില്ലെങ്കിൽ അല്പസമയം ഇരിക്കണം" എന്നിങ്ങിനെ പറഞ്ഞുകൊണ്ടു് രാജകുമാരി കട്ടിലിൽ ഇരിക്കയും അടുത്തു കട്ടിലിൽ തന്നെ ദുർഗ്ഗയും ഇരിക്കാൻ കൈകൊണ്ടു കാണിക്കുകയും ചെയ്തു.

ദുർഗ്ഗ- "ഞാൻ ഇവിടെ നിന്നുകൊള്ളാം."

രാജകുമാരി- "ഛെയ്. അങ്ങിനെ ഉണ്ടോ. ഇരിക്കണം. ഞാൻ പതിവായി വളരെ വൈകിയാണു് ഉറങ്ങാൻ കിടക്കുക, അല്പം സംസാരിക്കാമെന്നു വച്ചാണു്."

ദുർഗ്ഗ- "രാജകുമാരിയോടൊപ്പം ഞാൻ ഇരിക്കുന്നതു് ഭംഗിയാകയില്ല. ഇവിടെ നിന്നുകൊള്ളാം."

രാജകു- "അങ്ങിനെയല്ല. ഇരിക്കുന്നതിൽ യാതൊരു അഭംഗിയുമില്ല. ഇരിക്കുകയാണു് എനിക്കു സന്തോഷം. അപ്പോഴെ സംസാരിക്കാൻ തന്നെ ഒരു സുഖവും രസവും തോന്നുകയുള്ളു."

ദുർഗ്ഗ കട്ടിലിൽ ഇരിക്കാതെ സ്റ്റൂളിൽ ഇരുന്നു.

രാജകു- "ഇവിടത്തെ സ്ഥിതിഗതികൾ എന്തൊക്കെയാണു്, ആരെല്ലാം ഇവിടെ താമസമുണ്ടു്, കാര്യങ്ങൾ ആരെങ്ങിനെ നടത്തുന്നു എന്നൊരു വിവരവും എനിക്കില്ല. അവ സംബന്ധിച്ചു് എന്തെങ്കിലും പറയാമെങ്കിൽ ഉപകാരമായി."

ദുർഗ്ഗ- "കൊട്ടാരത്തിൽ ഞാനും ശങ്ക....അമ്മാവനും മാത്രമെയുള്ളു എന്നു തന്നെ പറയാം. ഒട്ടധികം ദാസികളും സേവകരും ഉണ്ടായിരുന്നു. അവരിൽ ഭൂരിഭാഗവും മഹാരാജാവു് മരിക്കുന്നതിനു മുൻപുതന്നെ പിരിഞ്ഞുപോയി. കൃതജ്ഞതയില്ലാത്ത ജാതി, ശമ്പളം കിട്ടിയില്ല എന്നു പറഞ്ഞാണു് അവററകൾ എല്ലാം പോയതു്."

രാജകു- "പിരിച്ചുവിടുക അല്ലായിരുന്നു?"

ദുർഗ്ഗ- "ധാരാളം പണം ചെലവു ചെയ്തു പരിച

യിച്ച മഹാരാജാവിൻെറ സ്വന്തം ആവശ്യങ്ങൾക്കു തന്നെ പണം തികയാതെ വരുകയും അദ്ദേഹത്തിൻെറ സുബുദ്ധി നഷ്ടപ്പെടുകയും ചെയ്തപ്പോൾ ആ പരിഷകളുടെ ശമ്പളം നാലും ആറും മാസം കുടിശ്ശിഖ ആയതു് വലിയ ഒരു കുററമായിട്ടാണു് അവർ എണ്ണിയതു്."

മഹാരാജാവിൻെറ സുബുദ്ധി നഷ്ടപ്പെടുകയും ചെയ്തപ്പോൾ എന്നു ദുർഗ്ഗാദേവി പറഞ്ഞ ക്ഷണത്തിൽ, രാജകുമാരിയുടെ അലസത എല്ലാം മാറി. അവളുടെ ശ്രദ്ധ സംസാരത്തിൽ പൂർണ്ണമായി കേന്ദ്രീകരിച്ചു. മനോഹരൻെറ ഭാര്യാപദത്തെക്കാൾ അഭികാമ്യമായി മറെറാന്നില്ലെന്നു് അവൾ വിശ്വസിച്ചിരുന്നിട്ടും അയാൾ വിവാഹം കഴിക്കാൻ സമ്മതിക്കാതെ "എന്താ ധൃതി" എന്നു ചോദിച്ചുകാലം തള്ളിമാററുന്നതിനു് നിർബന്ധിതയാക്കിയ ഭൂതത്തെപ്പററിയാണു് ദുർഗ്ഗ സംസാരിച്ചതു്. "മഹാരാജാവു് ചെറുപ്പം മുതൽ തന്നെ ഒരു കർക്കശനായിരുന്നു. എന്തു ഭയങ്കര അധർമ്മവും പ്രവർത്തിക്കുന്നതിനു് മടി ഇല്ലായിരുന്നു. കോപാവേശം ഉണ്ടാകുമ്പോൾ ഭ്രാന്തനെപോലെ വർത്തിക്കുക അസാധാരണമല്ലായിരുന്നു. ആ രാജകുടുംബത്തിനു ലഭിച്ച എന്തോ ശാപത്തിൻെറ ഫലമായി പല തലമുറക്കാരുടെയും സ്ഥിതി അതായിരുന്നു. അവസാന കാലത്തോടു് അടുക്കുമ്പോൾ പ്രജ്ഞ അശേഷം ഇല്ലാതായി ലജ്ജപോലും അറിയാത്ത നിലയിൽ മൃഗത്തെപ്പോലെ കൂട്ടിൽ അടയ്ക്കപ്പെടുകയും, ആ നിലയിൽ ചരമമടയുകയും ചെയ്തവർ പലരുണ്ടു്. രാജാ നന്ദലാലിൻെറ അവസാനവും ഇതിൽ നിന്നു വ്യത്യസ്തമായി വരാൻന്യായമൊന്നും കാണുന്നില്ല." എന്നിങ്ങനെ സരസ്വതീദേവി ഒരിക്കൽ പറഞ്ഞതു്, അന്നു ചെറുപ്പമായിരുന്നെങ്കിലും രാജകുമാരിയുടെ മനസ്സിൽ തറച്ചിറങ്ങി. പാരമ്പര്യവഴി അവൾക്കും അതു അവകാശപ്പെടാൻ ന്യായമുണ്ടെന്നു് അന്നറിഞ്ഞിരുന്നില്ല. "മൃഗത്തെപോലെ

കൂട്ടിൽ അടയ്ക്കപ്പെട്ടും” എന്നുള്ളതാണ് അവളെ അന്നു ഭയപ്പെടുത്തിയതു്. തനിക്കു ഭ്രാന്തു വരുന്നെങ്കിൽ അതിനെ തടുക്കാൻ സാധിക്കയില്ലായിരിക്കാം. തന്റെ സന്താനങ്ങൾവഴി അതു നിലനിറുത്താൻ ഒരിക്കലും അനുവദിക്കയില്ല എന്നു് ദൃഢനിശ്ചയം ചെയ്തിരുന്നതുകൊണ്ടാണു് മനോഹരന്റെ വിവാഹാഭ്യർത്ഥന അതിവേദനയോടെ അവൾ നിരസിച്ചുവന്നതു്. അതുകൊണ്ടാണു് ദുർഗ്ഗ നന്ദലാലിന്റെ അവസാനകാലത്തെപ്പററി നൽകിയ വിവരം അവളെ തട്ടിയുണർത്തിയതും.

രാജകു- “അപ്പോൾ ഭൃത്യന്മാരായി, പുരുഷന്മാരായി ഇവിടെ ആരുംതന്നെ ഇല്ലെന്നാണൊ പറയുന്നതു്? എന്നെ കൂട്ടിക്കൊണ്ടുപോരാൻ ശങ്കർ വന്ന സമയം കൂട്ടത്തിൽ ഒട്ടധികം പേർ ഉണ്ടായിരുന്നല്ലൊ.”

ദുർഗ്ഗ- “അവരിൽ ആരും തന്നെ കൊട്ടാരത്തോടു ബന്ധമുള്ളവരല്ല.”

രാജകു- “പിന്നെ.”

ദുർഗ്ഗ അല്പം പരുങ്ങലോടുകൂടി “ശങ്ക....അല്ല, അമ്മാവന്റെ ഒരു സ്നേഹിതന്റെ ആൾക്കാരായിരുന്നു എല്ലാവരും. അവരെ അല്പസമയത്തേക്കു വിട്ടുകൊടുക്കണമെന്നു് ആവശ്യപ്പെട്ടു കടംവാങ്ങിയതായിരുന്നു. ഡോലി എടുക്കാനും അകമ്പടിക്കുപോലും ആളില്ലെന്നു കൊട്ടാരത്തിൽ എത്തുന്നതിനുമുമ്പുതന്നെ രാജകുമാരി അറിയുന്നതു് അമ്മാവനും കാലംചെയ്ത മഹാരാജാവിനും വലിയകുറച്ചിൽ വരുത്തുമെന്നുതോന്നി അമ്മാവൻ അങ്ങനെ ചെയ്തതാണു്.”

രാജകു- “ഇത്രയധികം ആൾക്കാരെ സംരക്ഷിക്കുന്ന ഇടപ്രഭുവൊ ജന്മിയൊ ആരാണു് ഇവിടെ ഉള്ളതു്. അദ്ദേഹത്തിന്റെ കൊട്ടാരം എവിടെയാണു്.”

ദുർഗ്ഗ- “അദ്ദേഹം ഇടപ്രഭുവുമല്ല ജന്മിയുമല്ല ഇപ്പോൾ. വളരെ സ്വാധീനമുള്ള ഒരാളാണു്. ഒരു നല്ല

കെട്ടിടം ഉണ്ടാക്കാൻ ശ്രമിച്ചു വരികയാണത്രെ! ഉറക്കത്തിന്ന സമയമായെങ്കിൽ...."

രാജകു- "എനിക്കശേഷം ഉറക്കം വരുന്നില്ല. ഇത്രയധികം ജനസ്വാധീനമുള്ള ആ ആഠം എൻെറ സഹായത്തിനു ആഠംക്കാരെ അയച്ചു തന്നതിനു ഒന്നു കണ്ടു കൃതജ്ഞത പറയേണ്ടതുണ്ടല്ലൊ. താമസം ഇവിടെ അടുത്തുതന്നെയാണൊ! പേരെന്താണൊ."

ദുർഗ്ഗ- "താമസം അടുത്തുതന്നെയാണു. പലപ്പോഴും ഇവിടെങ്ങും ഇല്ലാതിരിക്കാറുണ്ടു. ഭൂപതു എന്നാണു പേർ."

രാജകു- "അദ്ദേഹം ഉണ്ടോ എന്നു നാളെ ഒന്നു അന്വെഷിക്കുമൊ?

ദുർഗ്ഗ- "അന്വെഷിക്കാമല്ലോ. എനിക്കു ആഹാരം കഴിച്ചാൽകൊള്ളാമെന്നുണ്ടു."

രാജകു- "ആഹാരം കഴിച്ചില്ലെന്നൊ, ഞാൻ അതു ഓൎത്തതെ ഇല്ല. ക്ഷമിക്കണം. നാളെ ഈ പ്രദേശത്തെപ്പററി എന്നെ കൂടുതൽ പഠിപ്പിക്കണെ."

ദുർഗ്ഗ- "അങ്ങിനെ ചെയ്യാം. രാത്രി തനിയെ ഇവിടെ കഴിക്കാൻ ഭയമുണ്ടെങ്കിൽ ഞാൻ ആ ചെറിയ മുറിയിൽവന്നു കിടക്കാം."

രാജകു- "ഭയം അശേഷം തോന്നുന്നില്ല. ദുർഗ്ഗാദേവി ബുദ്ധിമുട്ടെണ്ടാ."

ദുർഗ്ഗ- "ദാസികഠം നന്നാരാവിലെ വരുകയില്ല. ഞാൻ ഇങ്ങോട്ടു വരാം."

രാജകു- "ദാസികഠം എവിടെ നിന്നു വരികയില്ലെന്നാണു. അവർ ഇവിടെ തന്നെയല്ലെ ഉറങ്ങുന്നതു്?"

ദുർഗ്ഗ- "അവർക്കു ഇവിടെ രാത്രി താമസിക്കാൻ വലിയ ഭയമാണു. ഒരു രാക്ഷസനൊ രാക്ഷസൻെറ പ്രേതമോ രാത്രി ഇവിടെല്ലാം നടക്കുന്നുണ്ടെന്നാണു അവർ വിശ്വസിക്കുന്നതു്."

രാജകു— "രാക്ഷസനൊ? ഇക്കാലത്തു് രാക്ഷസ നൊ?"

ദുർഗ്ഗ— "അതു വെറും കെട്ടുകഥ ആയി തള്ളിക്കളയെണ്ടാ. ഇപ്പോൾ അതേപ്പററി ഒന്നും ചോദിക്കരുതെ. രാത്രി ഉറക്കം നഷ്ടപ്പെട്ടുവെന്നുവരാം. കേൾക്കണമെങ്കിൽ നാളെ പറയാം."

വീണ്ടും ചോദിക്കുന്നതു് ഭയംകൊണ്ടാണെന്നു സംശയിച്ചെങ്കിലൊ എന്നു വച്ചു് ദുർഗ്ഗ പൊയ്ക്കൊള്ളാൻ രാജകുമാരി അനുവദിച്ചു.

---

## അദ്ധ്യായം 5

ബീഗംറോഷൻ രാത്രി വളരെ വൈകീട്ടാണു് ഉറങ്ങാൻ കിടക്കാറു പതിവെങ്കിലും, രാജകുമാരി പ്രേമ അന്നു നേരത്തെ കിടന്നയുടൻതന്നെ ഉറങ്ങിപ്പോയി. യാത്രകൊണ്ടു ക്ഷീണംതോന്നുന്നില്ല എന്നു അവൾ ദുർഗ്ഗയോടു പറഞ്ഞതു ശരി ആയിരുന്നു. ചെറുപ്രായവും ആരോഗ്യവുംകൊണ്ടു് ക്ഷീണം തോന്നിയില്ലെങ്കിലും ക്ഷീണമുണ്ടായിരുന്നു. അതാണു് ക്ഷണത്തിൽ ഉറങ്ങിയതു്. വെളിച്ചമാകുന്നതുവരെ ഉറങ്ങുകയും ചെയ്തു. രാവിലെ ഉണർന്നു കഴിഞ്ഞപ്പോൾ, രാത്രിയിൽ എന്തൊ ഒരു സംഭവം നടന്നു എന്നൊരോർമ്മ വന്നു. അതോ സ്വപ്നമായിരിക്കുമോ?

സമീപമുള്ള ചെറിയ മുറിയിൽ നിന്നു് - രാജകുമാരിക്കു തനിയെ കിടക്കാൻ ഭയമുള്ളപക്ഷം ദുർഗ്ഗ കൂട്ടിനായി വന്നുകിടന്നുകൊള്ളാമെന്നു പറഞ്ഞു ചൂണ്ടിക്കാണിച്ച ചെ

റിയമുറിയിൽനിന്നു് - കതകു തുറന്നു് ആരോ ഒരാൾ കട്ടിലിനു് അടുത്തുചെന്നു് അയാൾ അവളെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് നിൽക്കുന്നു. അപ്പോളാണു് രാജകുമാരി ഉണന്നതു്. അല്ലെങ്കിൽ ഉണന്നു എന്നു സ്വപ്നത്തിൽ തോന്നിയതു്. നല്ലപരിചയമുള്ള ഒരു മുഖം. എവിടെവച്ചാണു് കണ്ടിട്ടുള്ളതു്. ക്ഷണത്തിൽ ഓമ്മവന്നു. സരസ്വതീദേവിയുടെ കിടക്കറയിൽ തൂക്കിയിരുന്ന ഫോട്ടോയിൽ കാണുന്ന ഇന്ദുലാൽ തന്നെ. ഫോട്ടോയിലും ദുഃഖിതൻ. കണ്ടപ്പോഴും ദുഃഖിതൻ. കുമാരി ഉണന്നു സൂക്ഷിച്ചുനോക്കുന്നതു കണ്ടപ്പോൾ അയാൾ വളരെ താണ സ്വരത്തിൽ പറഞ്ഞു. "കഴിയുംവേഗത്തിൽ ഇവിടെനിന്നു പോകയാണു് നന്നു്." ഈവിധം രണ്ടു മൂന്നു പ്രാവശ്യം പറഞ്ഞു. മങ്ങിയ നിലാവെളിച്ചമുണ്ടായിരുന്നതിനാലാണു് പ്രേഃസ്സു ആളെ കാണാൻ സാധിച്ചതു്. കാർമേഘം ചന്ദ്രനെ മറച്ചതു കൊണ്ടായിരിക്കുമൊ എന്തൊ പ്രകാശം അല്പം ഒന്നു മങ്ങിയതുപോലെ തോന്നി. അടുത്ത ക്ഷണത്തിൽ അയാൾ അപ്രത്യക്ഷനാകയും ചെയ്തു. ഇത്രയും ആയിട്ടും രാജകുമാരിക്കു ഭയംതോന്നിയില്ല. അയാൾ എവിടെപോയി എന്നു് അന്വേഷിക്കണമെന്നും തോന്നിയില്ല. പിന്നീടു കണ്ണു തുറന്നപ്പോൾ ഉദയസൂര്യൻെറ ചെങ്കതിരുകൾ മുറിയിലേക്കു കടന്നുതുടങ്ങിയിരിക്കുന്നു. രാജകുമാരി എന്തെങ്കിലും കണ്ടതാണൊ സ്വപ്നമായിരുന്നൊ!

രാജകുമാരിയെ ഒരു അതിഥി എന്ന നിലയിൽ സ്വീകരിക്കുന്ന രീതിയിലാണു് കാര്യങ്ങൾ നടന്നതു്. ഒസ്യത്തനുസരിച്ചു് കിട്ടിയ കൊട്ടാരം ചെന്നുകണ്ടു കൈവശപ്പെടുത്തി എന്നുവയ്ക്കാം. അടുത്തപടി എന്താണു് എന്നു രാജകുമാരി തന്നത്താൻ ചോദിച്ചു. ഉത്തരം ഒന്നും ഉണ്ടായില്ല. ഏതായാലും കൊട്ടാരത്തിൽ രണ്ടു നാലു ദിവസം താമസിക്കാം. അപ്പോൾ തോന്നും എന്നാണു്

ഒടുവിൽ തീർച്ചപ്പെടുത്തിയതു്. അന്നു് വിശേഷവിധി യായി ഒന്നും ചെയ്തില്ല രാജകുമാരി. ദുർഗ്ഗാദേവിയുമായി അധിക സമയം സംസാരിക്കുന്നതിനും ഇടം കിട്ടിയില്ല. ശങ്കറിനെ അവിടെയൊന്നും കണ്ടതേ ഇല്ല.

ഒരു നിമിഷംപോലും വൃഥാ കളയാതെ, എപ്പോഴും തന്നെ ഓരോന്നു ചെയ്തു പരിചയിച്ച രാജകുമാരി സ മയം കളയാൻ മാർഗ്ഗമെന്താണെന്നു് ആദ്യത്തെ ദിവ സം തന്നെ ആലോചിക്കയുണ്ടായി. അവൾക്കു മുഷി ഞ്ഞു തുടങ്ങി എന്നു സാരം. ബോംബെയിലെ ശബ്ദ കോലാഹലങ്ങളും ആൾത്തിരക്കും ബഹളവും എല്ലാം അസഹ്യമായി എന്നുള്ള ആ യുവതിക്കു അവയുടെ അഭാവം, ഇരുപത്തിനാലു മണിക്കൂറിനകം കാര്യങ്ങളുടെ യാഥാർത്ഥ്യം കാണിച്ചു കൊടുത്തു.

നേരത്തെ ആഹാരവും കഴിച്ചു് രാജകുമാരി അവ ളുടെ ഉറക്കറയിലേക്കു പോയി. സ്വല്പസമയം കഴിഞ്ഞ പ്പോൾ ദുർഗ്ഗാദേവി കടന്നുചെന്നു് "ഭൂപതു് വരുന്നു. രാജകുമാരിക്കു സൌകര്യമെങ്കിൽ കണ്ടു സംസാരിക്കാം, താഴെത്തേക്കു വരികയല്ലേ നന്നു്" എന്നു് അറിയിച്ചു.

അവൾ ദുർഗ്ഗയുമൊരുമിച്ചു താഴത്തെ നിലയിലുള്ള സ്വീകരണമുറിയിലേക്കു ഉടൻ തന്നെ പുറപ്പെട്ടു. മുറി യിൽ നാലുഭാഗത്തും നോക്കിയിട്ടു് ആരെയും കാണാഞ്ഞ പ്പോൾ അവൾ ദുർഗ്ഗയെ നോക്കി. ആ വനിത പറഞ്ഞു. "അദ്ദേഹം സമയകൃത്യമുള്ള ആളാണു്. വേഗം വരുമെ ന്നാണു് അറിയിച്ചതു്. അതുകൊണ്ടു് അധിക താമ സം കൂടാതെ തന്നെവരും. ഇരുന്നാട്ടെ."

രാജകുമാരി ആസനസ്ഥയായി. പ്രേമ ഇരുന്ന "ബോർ" ആകരുതെന്നു വച്ചിട്ടായിരിക്കാം; ദുർഗ്ഗാദേവി സംഭാഷണം ആരംഭിച്ചു. ബോംബെ പട്ടണത്തെപ്പറ്റി എന്തോ ചോദിച്ചു. അവിടെ നിന്നു മാനോഹർ പ്രൊ ഡക്ഷൻസിലേക്കും മനോഹരന്റെ അടുക്കലേക്കും

സംഭാഷണം തിരിച്ചു വിടാൻ, ചതുരയായ ദുർഗ്ഗയ്ക്കു് പ്രയാസം ഉണ്ടായില്ല. മനോഹർ പ്രൊഡക്ഷൻസും മനോഹരനും സംഭാഷണ വിഷയമായപ്പോൾ, പ്രേമ അവയിൽ ലയിച്ചു. ഭൂപതും ഉദ്യാനപുരവും കൊട്ടാരവും എല്ലാം അവൾ വിസ്മരിച്ചു. ദുർഗ്ഗ പിന്നെയും സംഭാഷണം ഒന്നുകൂടി തിരിച്ചുവിട്ടു് കൊട്ടാരത്തിന്റെ കാര്യത്തിലേക്കു കടന്നു. രാജകുമാരിക്കു് വളരെ പ്രിയകരമായ കാര്യങ്ങൾ ഓർമ്മപ്പെടുത്തിയശേഷം, കൊട്ടാരക്കാര്യം എടുത്തിട്ടതു് ശരിക്കു് ആലോചിച്ചുകൊണ്ടു തന്നെയാണു്.

ദുർഗ്ഗ- "അപ്പോൾ ഇവിടെ സ്ഥിരതാമസമാക്കാമെന്നാണൊ തീച്ചപ്പെടുത്തിയതു്."

പ്രേമ- "മനോഹർ പ്രൊഡക്ഷൻസും മനോഹരനും ഉള്ള സ്വർലോകത്തിൽ നിന്നു ഉദ്യാനപുരം കൊട്ടാരത്തിലേക്കു മനസ്സില്ലാമനസോടെ മടങ്ങി. അവൾ പറഞ്ഞു. "ഒന്നും തീർച്ചപ്പെടുത്തിയില്ല. എന്താ ചോദിച്ചതു്."

ദുർഗ്ഗ- "ഞാൻ പറയുന്നതു് ധിക്കാരമായി എണ്ണുകയില്ലെങ്കിൽ........"

രാജകുമാരി- "ധിക്കാരമായി എണ്ണാനെന്താണു് കാര്യം. പറയൂ, കേൾക്കട്ടെ.

ദുർഗ്ഗ- "ഇവിടെ സ്ഥിരതാമസമാക്കണമെന്നുദ്ദേശമില്ലെങ്കിൽ, ഈ കാട്ടുപ്രദേശത്തു കഴിച്ചുകൂട്ടാൻ പ്രയാസമെന്നു തോന്നുന്നെങ്കിൽ കൊട്ടാരം........"

രാജകുമാരി- "ബാക്കികൂടി കേൾക്കട്ടെ. എന്താണു് പകുതി ആയപ്പോൾ നിറുത്തിക്കളഞ്ഞതു്."

ദുർഗ്ഗ- "കൊട്ടാരം വേണ്ടെന്നുള്ള പക്ഷം ഭൂപതു് വിലയ്ക്കെടുക്കാൻ ഒരുക്കമൊണെന്നു തോന്നുന്നു."

കുറെ സമയമായി; അവരുടെ അടുത്തു് വേറെ ആരോ ഉണ്ടെന്നും അവരുടെ സംഭാഷണം വേറെ

ആരോ കേൾക്കുന്നുണ്ടെന്നും കുമാരിക്കു തോന്നിയിരുന്നു. രണ്ടു മൂന്നു പ്രാവശ്യം അവൾ പുറകോട്ടു തിരിഞ്ഞുനോക്കി പരിശോധിക്കയും ചെയ്തു. ആരെയും കണ്ടില്ല. ഭൂപത്ത് കൊട്ടാരം വിലയ്ക്കെടുക്കാൻ ഒരുക്കമായിരിക്കും. എന്നു ദുർഗ്ഗ പറഞ്ഞപ്പോൾ "അദ്ദേഹത്തെ കണ്ടില്ലല്ലൊ" എന്ന് പ്രേമയുടെ നാവിൽ നിന്നു വീണതും, പ്രേമയുടെ പിൻഭാഗത്തുള്ള ഒരു കതകു തുറന്ന് ഒരാൾ മുറിയിൽ കടന്നുവന്ന് അവളുടെ മുൻപിൽ നിന്നു കൈകൂപ്പി നമസ്കരിച്ചതും ഒന്നായിക്കഴിഞ്ഞു.

രാജകുമാരി അല്പം ഒന്നു പകച്ചതു് ദുർഗ്ഗകണ്ടു. അവർ ഒന്നും അറിയാത്തഭാവത്തിൽ "കാണണമെന്നു കല്പിച്ച ഭൂപത്ത് സിംഗാണ് ഇദ്ദേഹം" എന്ന് പരിചയപ്പെടുത്തി.

ഭൂപതിനെ കണ്ടാൽ തന്നെ ആരൊ ഒരു നില ഉള്ളയാളാണെന്നറിയാം എന്നായിരുന്നു രാജകുമാരിക്കു ക്ഷണത്തിൽ ഉദിച്ച അഭിപ്രായം. രാജകുമാരിയുടെ മുമ്പിൽ ഇരിക്കുന്നതു് ശരിയല്ലെന്ന് "ലോഹ്യം" പറഞ്ഞ ശേഷം ഭൂപത്ത് ഉപവിഷ്ടനായി. രാജകുമാരിയെ സ്വീകരിക്കുന്നതിന് ആൾക്കാരെ അയച്ചുകൊടുത്തതിന് കൃതജ്ഞത പറഞ്ഞു കഴിഞ്ഞപ്പോൾപിന്നെ അവൾക്കു സംസാരവിഷയം ഇല്ലാതായി. ദുർഗ്ഗ അതു ക്ഷണത്തിൽ മനസ്സിലാക്കി സംസാരം ആരംഭിച്ചു. "രാജകുമാരി ഇവിടെ എത്തി ഇരുപത്തിനാലുമണിക്കൂർ കഴിയും മുമ്പു തന്നെമുഷിഞ്ഞു."

ഭൂപത്ത്– "അത്രവേഗത്തിലൊ. ഇവിടുത്തെ അതി മനോഹരമായ കാഴ്ച ആരുടെയും മുഷിപ്പ് തീർക്കുമല്ലൊ. അപ്പോൾ പിന്നെ മുഷിയുന്നതെങ്ങിനെയാണ്."

രാജകുമാരി– "മുഷിഞ്ഞു എന്നു പറഞ്ഞു കൂടാ."

ഭൂപത്ത്– "കൊട്ടാരത്തിൻെറ പിൻഭാഗത്തുള്ള മലയിൽ അല്പം മുകളിലേക്കു കേറിനിന്നു നോക്കിയാൽ

കാണുന്ന കാഴ്ച കണ്ടാൽ എനിക്കു പിന്നെ വേറൊന്നും വേണ്ടെന്നു തോന്നിപ്പോകും. കൊട്ടാരത്തിൽ തന്നെയും ആരുടെയും ശ്രദ്ധയെ ആകർഷിക്കുന്നതിനു തക്ക വിശിഷ്ട വസ്തുക്കളും ധാരാളമുണ്ടല്ലൊ."

രാജകുമാരി- "കൊട്ടാരത്തിന്റെ എല്ലാ ഭാഗങ്ങളും ചുററിനടന്നൊന്നു കാണണമെന്നു തോന്നി. കൂടെവരാൻ ആളില്ലാതിരുന്നതുകൊണ്ടല്ല, അലസതകൊണ്ടാണു് അതിനു പുറപ്പെടാതിരുന്നതു്."

ഇതു കേട്ടപ്പോൾ ദുർഗ്ഗാദേവിയും ഭൂപത്തും തമ്മിൽ കണ്ണുകൾകൊണ്ടു എന്തോ സംസാരിച്ചതു് രാജകുമാരി കണ്ടില്ല.

ഭൂപത്തു്- "പകൽ സമയം കൊട്ടാരത്തിൽ എവിടെടെയും നടന്നു കാണുന്നതിൽ തെററില്ല. രാത്രിയിൽ...."

രാജകുമാരി- "രാത്രിയിൽ നടന്നാൽ വഴിതെററിപോകുമെന്നാണൊ? പകൽ ആയാലും അങ്ങിനെ പററുമെന്നു എനിക്കു തോന്നുന്നുണ്ടു്."

ഭൂപത്തു്- "വഴിതെററുമെന്നല്ല."

രാജകുമാരി- "പിന്നെ എന്തു് ആയിരിക്കുമൊ."

ഭൂപത്തു്- "അല്ല ദിവസം സ്വവസതിയിൽ വിശ്രമിക്കാൻ വന്ന രാജകുമാരിക്കു് അസൗകര്യത്തിനിടയാക്കാൻ സന്തോഷം തോന്നുന്നില്ല........"

രാജകുമാരി- "എനിക്കെന്തു് അസൌകര്യമുണ്ടാകാനാണു്."

ഭൂപത്തു്- "അസൌകര്യമെന്ന പദപ്രയോഗം അത്ര പററിയില്ല എന്നു തോന്നുന്നു."

രാജകുമാരി- "എന്നാൽ പററുന്നപദം തന്നെ പ്രയോഗിച്ചുകൊള്ളണം."

ഭൂപത്തു്- "ഈ കൊട്ടാരത്തിൽ ഭൂതബാധ ഉണ്ടെന്നു കേട്ടിട്ടുണ്ടൊ? കേട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ബാധയുണ്ടു്. അതിൽ എനിക്കു സംശയമൊന്നുമില്ല."

രാജകുമാരി- "ഇരുപതാം നൂററാണ്ടിൻെറ മദ്ധ്യം കഴിഞ്ഞ ഈ കാലത്തു് ഭൂതമൊ? അതു വിശ്വസിക്കുന്നതിനു പ്രയാസം തോന്നുന്നു."

ഭൂപതു്- "എനിക്കും വിശ്വസിക്കാൻ സാധിക്കാഞ്ഞകാലം ഉണ്ടായിരുന്നു. അതു കഴിഞ്ഞുപോയി."

രാജകുമാരി- "ആരുടെ ഭൂതം, എന്തിനിവിടെ ചുററിത്തിരിയുന്നു. എന്താണു പറയുന്നതു്."

ഭൂപതു്- "ഒരു രാക്ഷസൻെറ ഭൂതമാണെന്നാണു് പറയുന്നതു്. ആരുടെ ഭൂതമായാലും അതു് അതിഭീകരമാണു്. അനുചരന്മാരുടെ കഥ അതിലും ഭയങ്കരമാണു്."

രാജകുമാരി- "ഭൂതത്തിനു അനുചരന്മാരൊ."

ഭൂപതു്- "അതെ അനുചരന്മാർ. അവർ പകുതി മനുഷ്യരും പകുതി ചെന്നായ്ക്കളുമാണു്. മനുഷ്യരെ കണ്ടാൽ കടിച്ചു ചീന്തി രക്തം കുടിക്കുമെന്നാണു് പറയുന്നതു്."

രാജകുമാരി- "ഇവയെല്ലാം ഈ കൊട്ടാരത്തിൽ പററിക്കൂടിയിരിക്കുന്നതെന്തിനാണവൊ."

ഭൂപതു്-"രാജാനന്ദലാലിൻെറ പൂർവ്വികന്മാർ യക്ഷികളെയും രാക്ഷസന്മാരെയും പൂജിച്ചിരുന്നു എന്നും അവരുടെ സഹായത്തോടുകൂടിയാണു് രാജ്യത്തിൻെറ വിസ്തൃതിവർദ്ധിപ്പിക്കുന്നതിനു ചെയ്ത യുദ്ധങ്ങളിൽ എല്ലാം വിജയിച്ചതെന്നുമാണു് പറയുന്നതു്."

രാജകുമാരി- "അതുകൊണ്ടു്."

ഭൂപതു്- "അവർ അങ്ങിനെ ആരാധിച്ചു വന്ന രാക്ഷസന്മാർക്കും യക്ഷികൾക്കും മററും നന്ദലാലിൻെറ മുൻഗാമികളിൽ ഒരാൾ ബലിയും പൂജയും നൽകാതായി. അന്നുമുതൽ അവ കൊട്ടാരത്തിൽ ഭൂതമെന്ന നിലയിൽ ആസ്ഥാനം ഉറപ്പിക്കയും ചെയ്തു."

രാജകുമാരി- "അവ എന്താണു ചെയ്യുന്നതു്."

ഭൂപതു്-"കൊട്ടാരത്തിൽ, ഭൂഗർഭത്തിൽ ഒട്ടധികം

അറകളും മറവുമുണ്ടു്. അവിടെല്ലാം പൂർവ്വിക കാലങ്ങളിൽ ഓരോ യുദ്ധത്തിലും കൊള്ള ആയി കിട്ടിയ വില തീരാത്ത രത്നങ്ങളും മറവും കുന്നുകൂടി കിടക്കുന്നുണ്ടെന്നും അവയിൽ ആരാധിച്ചു അവയെ കാത്തു കാലം കഴിക്കയാണു് ഭൂതങ്ങൾ എന്നുമാണു ഈ പ്രദേശത്തുള്ള ആളുകളുടെ വിശ്വാസം."

രാജകുമാരി- "അങ്ങും ഇതെല്ലാം വിശ്വസിക്കുന്നുണ്ടോ?"

ഭൂപതു്- "രത്നങ്ങളോ, വിലപിടിപ്പുള്ള മററു സാധനങ്ങളോ ഉണ്ടായിരുന്നു എങ്കിൽ നന്ദലാൽ അവയെല്ലാം വിററുകിട്ടിയ പണം ധൂർത്തടിച്ചിട്ടുണ്ടാവണം എന്നാണെൻെറ വിശ്വാസം. ഇങ്ങനെ പറഞ്ഞതുകൊണ്ടു് ഇവിടെ ഭൂതബാധയില്ലെന്നാണെൻെറ അഭിപ്രായമെന്നു ധരിക്കരുതു്."

രാജകുമാരി- "ഈ പരിഷ്കൃതലോകഗതി അറിയാവുന്ന, ലോകം കണ്ടിട്ടുള്ള അങ്ങു് ഭൂതബാധയെപ്പററി ഇത്ര വ്യക്തമായും ശക്തിയായും പറയുന്നതു് എന്നെ അത്ഭുതപ്പെടുത്തുന്നു."

ഭൂപതു്- "എന്നോടു കൂടുതൽ ഒന്നും ചോദിക്കാതിരിക്കണമെന്നപേക്ഷയുണ്ടു്. അനുഭവപ്പെട്ടാൽപോലും വിശ്വസിക്കാത്ത മനുഷ്യരുണ്ടോ."

രാജകുമാരി- "അങ്ങേക്കു് അനുഭവം ഉണ്ടായിട്ടുണ്ടെന്നാണോ പ............"

ഭൂപതു്- "കൂടുതലായി ചോദിക്കരുതെന്നു്........"

രാജകുമാരി-"ക്ഷമിക്കണം ഓക്കാതെ ചോദിച്ചുപോയതാണു്. ഭൂതങ്ങൾ ഇവിടെ ധാരാളം ഉള്ളതുകൊണ്ടു് ഞാൻ ഇവിടെ താമസിക്കാതിരിക്കയാണുത്തമം എന്നാണോ."

ഭൂപതു്- "ഞാൻ അങ്ങനെ ഉദ്ദേശിച്ചില്ല. അസമയത്തു് കൊട്ടാരത്തിൻെറ ജനവാസമില്ലാത്ത ഭാഗങ്ങ

ളിൽ പോകാതിരിക്കയായിരിക്കും ഉത്തമമെന്നേ എനിക്കു പറയുവാനുള്ളു."

ഭൂപതു് കേവലം ഒരു സാധാരണക്കാരനല്ലെന്നു രാജകുമാരിക്കു ബോദ്ധ്യമായി. കൊട്ടാരം വിലയ്ക്കുകൊടുക്കുമൊ എന്നു ചോദിക്കയൊ, കൊടുക്കണമെന്നു വരുന്നപക്ഷം താൻ വാങ്ങിക്കൊള്ളാമെന്നു് സൂചിപ്പാക്കയൊ ചെയ്യാതിരുന്നതുകൊണ്ടു് രാജകുമാരിക്കു് അയാളെപ്പററി ഒരു മതിപ്പു് തോന്നി.

ഭൂപതും ദുർഗ്ഗാദേവിയും തമ്മിൽ അധികമൊന്നും സംസാരിച്ചില്ല. അല്പമായി ഉണ്ടായ സംഭാഷണത്തിൽ നിന്നു് അവർ ചിരപരിചിതരാണെന്നും വളരെ അടുത്തു പെരുമാറുന്നവരാണെന്നും രാജകുമാരിക്കു തോന്നി.

ഭൂപതു് ഏതാനും ദിവസങ്ങൾ അവിടെ ഉണ്ടായിരിക്കുമെന്നും, അടുത്ത ദിവസവും, രാജകുമാരിക്കു സൌകര്യമെങ്കിൽ വന്നുകണ്ടുകൊള്ളാമെന്നും പറഞ്ഞിട്ടാണു് വിടവാങ്ങിയതു്.

ഭൂപതിനോടൊപ്പം ദുർഗ്ഗാദേവി അനുയാത്രയായി പോയിട്ടു് വേഗം തന്നെ മടങ്ങിയെത്തി. അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ എവിടെ നിന്നു് എങ്ങിനെയാണു് ഭൂപതു് അവിടെ പെട്ടെന്നു് പ്രത്യക്ഷപ്പെട്ടതെന്നു് അയാളോടു ചോദിക്കുന്നതു് ഭംഗി ആയിരിക്കയില്ലല്ലൊ എന്നുവച്ചാണു് രാജകുമാരി ആ വിധം ചെയ്യാതിരുന്നതു്. അയാൾ പോകുന്ന ക്ഷണത്തിൽ ദുർഗ്ഗാദേവിയോടു ചോദിച്ചു മനസ്സിലാക്കാമെന്നാണു് നിശ്ചയിച്ചിരുന്നതു്. അയാളെ യാത്ര അയച്ചശേഷം മടങ്ങി എത്തിയ ഉടനെ രാജകുമാരി ദുർഗ്ഗയോടു ചോദിച്ചു "നാം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം എവിടെ നിന്നു്, എങ്ങിനെയാണു് ഇവിടെ പ്രത്യക്ഷപ്പെട്ടതു്."

ദുർഗ്ഗ– "അമ്മാവന്റെ സ്നേഹിതനാണദ്ദേഹം എന്നു ഞാൻ അറിയിച്ചിട്ടുള്ളതാണല്ലൊ. പുരാണവസ്തുക്കളിലും

മററും അതിതാല്പര്യമുള്ളതുകൊണ്ട്, അതിപുരാതനമായ ഈ കൊട്ടാരം, അമ്മാവനും ഒരുമിച്ച് അദ്ദേഹം ചുററിനടന്നു കണ്ടിട്ടുണ്ട്. കണ്ടിട്ടുണ്ടെന്നല്ല. പഠിച്ചിട്ടുണ്ട്, എന്നാണു് പറയേണ്ടതു്. ഭൂഗർഭത്തിലുള്ള തുരങ്കങ്ങൾ മുതൽ എല്ലാം അദ്ദേഹം പരിശോധിച്ചിട്ടുണ്ട്. അമ്മാവനുപോലും അറിവില്ലാതിരുന്ന പല രഹസ്യമുറികളും വഴികളും ഏണിപ്പടികളും അദ്ദേഹം കണ്ടുപിടിച്ചിട്ടുമുണ്ട്. അങ്ങിനെയുള്ള ഏതോ രഹസ്യമാർഗ്ഗത്തിലൂടെ കേറിവന്നതായിരിക്കാം. രാജകുമാരിയുടെ ജിജ്ഞാസ വളൎത്താമെന്നു കരുതി ആയിരിക്കാം അങ്ങനെ ചെയ്തതു്."

രാജകുമാരി- "അദ്ദേഹം ഇവിടെ കടന്നു വരുന്നതിനു കുറെ മുമ്പ് എനിക്കു തോന്നി ആരൊ ഒളിവിൽ നിന്നുകൊണ്ട് എന്നെ നോക്കുകയും നമ്മുടെ സംസാരം കേൾക്കുകയും ചെയ്യുന്നുണ്ടെന്നു്."

ദുർഗ്ഗ- "അദ്ദേഹം ഒരിക്കലും അങ്ങിനെ ചെയ്യുകയില്ല. നമ്മുടെ സംസാരം കേൾക്കാൻ ഭൂപതു് ഒളിച്ചു നിന്നു എന്നു വരുകയില്ല."

ഒരാഴ്ചകൊണ്ട് കൊട്ടാരത്തിൻെറ മിക്കഭാഗങ്ങളും, അവർ നടന്നു കണ്ടു. അവിടത്തെ ഒരു ഭൃത്യയാണു കൂട്ട്.

ഒരു ദിവസം ദാസിയും ഒരുമിച്ച് കൊട്ടാരത്തിൻെറ പിന്നിലുള്ള മലയുടെ ഉച്ചംവരെ വളരെ പണിപ്പെട്ടു് പ്രേമ കയറുകയുണ്ടായി. അവിടെ നിന്നു കീഴ്പോട്ടു നോക്കിയപ്പോഴാണു്, ബ്രഹ്മാണ്ഡം എന്നു തോന്നാവുണ്ടായിരുന്ന കൊട്ടാരം, ആ മലയോടു താരതമ്യപ്പെടുത്തുമ്പോൾ വെറും ഒരു കുരുവിക്കൂടു മാത്രമാണെന്നു് മനസ്സിലായതു്. മലമുകളിൽ കിഴുക്കാംതൂക്കമായ പല പാറക്കെട്ടുകൾ ചാടിക്കടന്നും, മാർഗ്ഗതടസ്സം ചെയ്ത പാറകളെ തട്ടിമറിക്കാൻ സാധിക്കാതെ ചരിഞ്ഞും അതിവേഗത്തിൽ കീഴ്പോട്ടു കുതിച്ചു പായുന്ന ഒരു ചെറുനദി കൊട്ടാരത്തിനു് അല്പം മുകളിൽവച്ചു് ഭൂഗർഭത്തിൽ പ്രവേശിച്ചു്

അപ്രത്യക്ഷമാകുന്നുണ്ടെന്നും അന്നാണു് മനസ്സിലായതു്. മനസ്സിന്റെ പ്രവൎത്തനരീതികളും ഗതികളും ന്യായം കണ്ടുപിടിക്കുന്നതിനോ അതിരു കല്പിപ്പിക്കുന്നതിനോ സാധിക്കയില്ലല്ലോ. ഭൂഗൎഭത്തിൽ പ്രവേശിച്ച ആ നദി എന്തുകൊണ്ടോ രാജകുമാരിയുടെ മനസ്സിളക്കി. അവൾക്കു് അന്നുരാത്രി പതിവുപോലെ ഉറക്കം വന്നില്ല. ഒട്ടു പാതിരാവോടടുത്തപ്പോളാണു് ഉറങ്ങിയതു്.

ആരോ വിളിക്കുന്നു. കണ്ണുതുറന്നു. നക്ഷത്രങ്ങൾ അവളുടെ ഉറക്കറയിലേക്കു ഉളിഞ്ഞുനോക്കുന്നുണ്ടു്. അവയുടെ പ്രകാശത്തിൽ കാണാം ഒരാൾ കട്ടിലിനു സമീപത്തു നിൽക്കുന്നതു്. രാജകുമാരിക്കു് അല്പംപോലും ഭയം ഉണ്ടായില്ല. അവൾ കൊട്ടാരത്തിൽചെന്നദിവസം, "കഴിയുംവേഗം ഇവിടെനിന്നു് പോകയാണു നന്നു്" എന്നു ഉറക്കറയിൽ കടന്നുചെന്നുപദേശിച്ച ആളാണതെന്നും, അവളുടെ അമ്മയുടെ മുറിയിൽ കണ്ടിട്ടുള്ള ഫോട്ടോയിലെ ഇന്ദുലാൽ ആണതെന്നും എങ്ങിനെയോ പെട്ടെന്നു മനസ്സിലായി. രാജകുമാരി എണീറ്റു് അയാളോടൊപ്പം ചെല്ലാൻ ആവശ്യപ്പെടുകയാണു് ഇന്ദുലാൽ ചെയ്തതു്. യാതൊരു സംശയവും ഭയവും കൂടാതെ രാജകുമാരി എണീറ്റു് ഒരു സാൽവാ ചുററിക്കൊണ്ടു യാത്രയ്ക്കു തയ്യാറായി. ഇന്ദുലാൽ മുറിയിൽനിന്നു പുറത്തേക്കു ഇറങ്ങുകയല്ലാ ഭിത്തിയിൽ കൈകൊണ്ടുതപ്പി, രാജകുമാരി മുമ്പു കണ്ടിട്ടില്ലാതിരുന്ന ഒരു വാതിൽ തുറന്നു് വേറൊരു മുറിയിലേയ്ക്കു കടക്കുകയാണു് ചെയ്തതു്. ആ മുറിയിൽ ഒരു കൈവിളക്കു കത്തിക്കൊണ്ടിരുന്നു. രാജകുമാരി മുറിയിൽ പ്രവേശിച്ച ക്ഷണത്തിൽ ഇന്ദുലാൽ കൈവിളക്കു് എടുത്തു. അവർ ആ മുറിയിൽ പ്രവേശിച്ച വാതിൽ അടച്ചശേഷം നടന്നുതുടങ്ങി. ഒന്നു രണ്ടു മുറികൾ കടന്നു് ഒരു ഏണിപ്പടി ഇറങ്ങിയപ്പോൾ അവർ വിശാലമായ ഒരു നടപ്പുരയിൽ എത്തി. ഇരുവശവും മുറി

കളാണു്. എല്ലാം തുടലും താഴുംകൊണ്ടു് പൂട്ടിയിട്ടുണ്ടു്. അവയിൽ ഒന്നു തുറന്നു് ഇന്ദുലാൽ അകത്തു കടന്നു. രാജകുമാരിയും അകത്തേയ്ക്കു ചെല്ലുന്നതിനു് അയാൾ ആംഗ്യം കാണിച്ചു.

അവർ അകത്തു കടന്നയുടനെ വാതിൽ അടച്ചിട്ടു് കതകിനുണ്ടായിരുന്ന ഒരു വിടവിൽക്കൂടി നോക്കിക്കൊള്ളാൻ കൂട്ടാളി രാജകുമാരിയെ ആംഗ്യംകൊണ്ടു് ധരിപ്പിക്കയും വിളക്കു് അണയ്ക്കുകയും ചെയ്തു. ഒരു വിടവുകൂടി ഉണ്ടായിരുന്നതിലൂടെ അയാളും പുറത്തേക്കു നോക്കുന്നുണ്ടു്. നക്ഷത്രങ്ങളുടെ പ്രകാശം ആ നടപ്പുരയിൽ ശരിക്കു കടക്കുന്നില്ല. എങ്കിലും അല്പസമയം ഇരുട്ടിലേക്കു നോക്കി നിന്നപ്പോൾ, ഇരുട്ടും കണ്ണുമായി പരിചയമായപ്പോൾ കാഴ്ച ഉണ്ടായിത്തുടങ്ങി. അപ്പോഴേയ്ക്കു എവിടെയൊ ഒരു വാതിൽ തുറക്കുന്നതു് കേട്ടു. ഒരു നേരിയ പ്രകാശം നടപ്പുരയിൽ ഉണ്ടായി. ചില കാൽപെരുമാററങ്ങൾ അതിനു പുറകെ. രാജകുമാരി ശ്വാസംപോലും ശരിക്കു കഴിക്കാതെ അങ്ങിനെ നോക്കിനിൽക്കുകയാണു്. ഓരോ ചെറു കൈവിളക്കുകൾ വഹിച്ചുകൊണ്ടു രണ്ടാളുകൾ കടന്നു. കതകിന്റെ വിടവിൽക്കൂടി മാത്രം കാണുന്നതുകൊണ്ടു് അപ്പോഴേക്കു ആ കാഴ്ച, ദൃഷ്ടിയിൽനിന്നു മറഞ്ഞു. അതിനു പുറകെ ഉണ്ടു് രണ്ടാളുകൾ. ഒരു സ്ത്രീയും ഒരു പുരുഷനും. അവരുടെ മുഖം! ഈശ്വരാ ഇതെന്താണു്, എന്നു് രാജകുമാരി ഓർത്തപ്പോഴേക്കു അവരും കാഴ്ചയിൽ നിന്നു മറഞ്ഞു. അവരുടെ പിമ്പെ ഉണ്ടു് കുറെ അധികം പേർ.

അതിവിചിത്രതരമായ ഒരു പ്രയാണമാണു് രാജകുമാരികണ്ടതു്. അതിൽ സംബന്ധിച്ചിരുന്നവർ എല്ലാം രണ്ടു കാലിൽ നടന്നുപോകയാണു് ചെയ്തതെങ്കിലും ഒരുത്തരും മനുഷ്യർ അല്ലായിരുന്നു. മുന്നോടികളായിദണ്ഡും പിടിച്ചുപോയവർ കഴുത്തിനുമുകളിൽ ചെന്നായ്ക്കളാണു്.

അവരുടെ പിന്നിൽ, ആ പ്രയാണത്തിന്റെ നാട്ടനായകന്മാരായിരുന്ന സ്ത്രീയുടെയും പുരുഷന്റെയും കഴുത്തിനു താഴെയുള്ള അവയവയവങ്ങൾ എല്ലാം മനുഷ്യരുടേതുതന്നെ. ഭീകരമായ മുഖംമൂടിയെ വെല്ലുന്ന അതിഭയങ്കരമായ അവരുടെ മുഖങ്ങൾ എന്തു മൃഗങ്ങളുടെതാണെന്നു രാജകുമാരിക്കു മനസ്സിലായില്ല. അവരുടെ പിന്നിൽ ഇരട്ട അണിയായി പോയിരുന്നതു് മുമ്പിൽ നടന്ന വധത്തിൽപ്പെട്ടവർ തന്നെ ആയിരുന്നു.

ആ പ്രയാണം കഴിഞ്ഞിട്ടും കുറെ സമയത്തേക്കു ഇന്ദുലാൽ നിന്നനിലയിൽ തന്നെ നിന്നു. രാജകുമാരി അത്ഭുതംകൊണ്ടു് മരവിച്ചു നിൽക്കുകയാണു്. ഇന്ദുലാൽ കൈവിളക്കു കത്തിച്ചു് രാജകുമാരിയെ കൂട്ടിക്കൊണ്ടു മുറിയിൽ നിന്നു് ഇറങ്ങി, പ്രദക്ഷിണക്കാർ പോയതിനു് എതിരായി നടന്നു. അവർ പല ഏണിപ്പടികളും, ഇടനാഴികളും കടന്നു. കൊട്ടാരം വളരെ വലിയ ഒരു കെട്ടിടമാണെന്നറിയാമായിരുന്നു. എന്നാൽ അവൾ കണ്ടിട്ടില്ലാത്ത ഇത്ര വിസ്തൃതമായ ഒരു അന്തർദ്ദേശം അവിടുണ്ടെന്നു് രാജകുമാരി ഊഹിക്കപോലും ചെയ്തിരുന്നില്ല. എത്ര സമയം നടന്നു എന്നൊന്നും ഒരു നിശ്ചയവുമില്ല. അവർ കടന്ന പല ഭാഗങ്ങളിലും മനുഷ്യസഞ്ചാരമേ ഇല്ലെന്നു ഒററനോട്ടത്തിനറിയാം. ഒടുവിൽ ഒരു മുറിയുടെ വാതിൽ തുറന്നു് ഇന്ദുലാൽ അകത്തു കടന്നു. കൈവിളക്കു കുറെക്കൂടി തെളിച്ചശേഷം അതു് ഒരു ദിക്കിൽ വച്ചിട്ടു് രാജകുമാരിയോടു പറഞ്ഞു. "എനിക്കു ചില കാര്യങ്ങൾ പറയാനുണ്ടു്. സമയം അധികമില്ല. അതുകൊണ്ടു് ശ്രദ്ധിച്ചു കേട്ടുകൊള്ളണം. ഒന്നു ചോദിച്ചുകൊള്ളട്ടെ, എന്തുറച്ചാണു്, യാതൊരു മടിയും കൂടാതെ ഈ അസമയത്തു് എന്നോടൊപ്പം പുറപ്പെട്ടതു്."

രാജകുമാരി– "അമ്മയുടെ ഉറക്കറയിൽ അങ്ങയുടെ ഒരു ഫോട്ടോ കണ്ടിട്ടുണ്ടു്. സൽഗ്ഗുണ സമ്പൂർണ്ണയായ

എന്റെ അമ്മയ്ക്കു ബഹുമാനവും സ്നേഹവും ഉള്ള ആളാ യതുകൊണ്ടാണു് ഫോട്ടോ അങ്ങനെ സൂക്ഷിക്കുന്നതെ ന്നു് ഞാൻ മനസ്സിലാക്കി. അങ്ങയുടെ ആഗമനവും സന്ദേശവും എന്നെ അത്ഭുതപ്പെടുത്തി എങ്കിലും ഭയം തോന്നിയില്ല."

ഇന്ദുലാൽ- "അത്രയും മതി എനിക്കു്. രാജകുമാ രിയുടെ മാതാവു്, ഞാൻ പ്രതീക്ഷിച്ചവിധം തന്നെ പ്രവ ർത്തിച്ചു. ഇനി ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേട്ടുകൊള്ളുക. അടുത്തകാലത്തു ചരമം പ്രാപിച്ച നന്ദലാൽ മഹാരാജാ വിന്റെ ആഗ്രഹമനുസരിച്ചു് അദ്ദേഹത്തിന്റെ ഒരകന്ന ബന്ധുവായ ഞാൻ ഈ കൊട്ടാരത്തിൽ കുറെക്കാലം താമ സിക്കയുണ്ടായി. അതുകൊണ്ടു് കൊട്ടാരത്തിന്റെ എല്ലാ ഭാഗങ്ങളും കണ്ടിട്ടുണ്ടു്. ഇവിടെയുള്ള അനേകം ഗുപ്ത മുറികളും മാർഗ്ഗങ്ങളും എല്ലാം എനിക്കു അറിയാവുന്നതു പോലെ അറിവുള്ളവർ വേറെയുണ്ടെന്നും തോന്നുന്നില്ല."

രാജകുമാരി "നാം അല്പം മുമ്പു കണ്ട ആ പ്രദക്ഷി ണം എന്തായിരുന്നു!"

ഇന്ദുലാൽ- "പറഞ്ഞു തരാം. അതിനുമുമ്പു് അ ൽപം പറയുന്നതിനു് അനുവദിക്കണം. രാജാനന്ദലാ ലിന്റെ ക്ഷണമനുസരിച്ചു ഞാൻ കൊട്ടാരത്തിൽ വന്നു താമസം തുടങ്ങി. അല്പം കഴിഞ്ഞപ്പൊഴാണു് രാജകുമാ രിയുടെ മാതാവായ സരസ്വതീദേവി വിധിവൈപരീത്യം മൂലം കൊട്ടാരത്തിൽ വന്നു താമസമുറപ്പിക്കാനിടയായ തു്. മാതുലസ്ഥാനിയായ നന്ദലാലിന്റെ സഹായം കൂടാതെ, കാലയാപനം ചെയ്യാൻ പ്രയാസമെന്നു വന്ന തുകൊണ്ടു്, സരസ്വതീദേവി ഈ കൊട്ടാരത്തിൽ അഭയം പ്രാപിച്ചു. എന്റെ നിലയും അതിൽ നിന്നു വ്യത്യസ്ഥ മായിരുന്നില്ല. ബാലിക ആയിരുന്ന സരസ്വതീദേവി യും ഒരു കുമാരൻ മാത്രമായിരുന്ന ഞാനും സ്നേഹിതരാ യിത്തീർന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. ആ സ്നേഹം

ഞങ്ങളോടൊപ്പം വളരുകയും, ഞങ്ങൾ യൗവ്വനത്തിൽ പ്രവേശിച്ചപ്പോൾ അതു പ്രേമമായി മാറുകയും ചെയ്തു. ഞങ്ങളുടെ വിവാഹത്തിന് യാതൊരു തടസ്സവും പറവാൻ ഇല്ലെങ്കിലും കർക്കശനും, അരഭ്രാന്തനുമായ നന്ദലാൽ അനുമതി നൽകുമെന്നു ഞങ്ങൾ രണ്ടാൾക്കും പ്രതീക്ഷ ഉണ്ടായിരുന്നില്ല. ചെറുപ്പകാലത്തെ ചൈതന്യം ഞങ്ങളുടെ ആശ നശിപ്പിക്കാതെ രക്ഷിച്ചു........"

രാജകുമാരി- "ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ: ഞാൻ സരസ്വതീദേവിയുടെ പുത്രി ആണെന്ന് അങ്ങ് എങ്ങിനെ മനസ്സിലാക്കി........"

ഇന്ദുലാൽ- "കണ്ടാൽ അറിയരുതൊ? ആ വിവരം എല്ലാം വിശദമാക്കാം. അല്പംകൂടി ക്ഷമിക്കു. ഞാൻ ഒന്നു പൂർത്തി ആക്കിക്കൊള്ളട്ടെ....വർഷം രണ്ടു കഴിഞ്ഞു. രാജാനന്ദലാലിനെ ബാധിച്ചിരുന്ന മാനസികവും ശാരീരികവും ആയ രോഗങ്ങൾ വർദ്ധിച്ചുവന്നതോടൊപ്പം, ദുശ്ശീലങ്ങളും കൂടുതൽ കൂടുതൽ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. വേണ്ടതിലൊന്നിലും ശ്രദ്ധിക്കാതെ, ശ്രദ്ധിക്കാനാവാതെ, ആയപ്പോൾ, പണ്ടെ കുറഞ്ഞിരുന്ന വരുമാനം ഒട്ടുമെ ഇല്ലന്നായി. കിട്ടാവുന്നത്ര സംഖ്യ മുമ്പു തന്നെ കടം വാങ്ങിട്ടുണ്ടായിരുന്നതുകൊണ്ട് ആ മാർഗ്ഗവും അടഞ്ഞുപോയിരുന്നു. എവിടെ നിന്നെങ്കിലും എങ്ങനെ എങ്കിലും പണം ഉണ്ടാക്കണം എന്നു ശങ്കറോടു പലപ്പോൾ ആജ്ഞാപിക്കാറുണ്ടായിരുന്നു. പണയമായി കൊടുപ്പാൻ ഉണ്ടായിരുന്നതു്, കൊട്ടാരത്തിലെ ശേവകക്കാരി പൂർവ്വീകകാലം മുതൽ ഒഴിച്ചിട്ടിരുന്നതും അവർ പല തലമുറകളായി അനുഭവിച്ചുവന്നിരുന്നതും ആയ വസ്തുക്കൾ മാത്രമാണ്. അതു ഈടുവാങ്ങിക്കൊണ്ടു പണം കൊടുക്കാൻ ഇവിടെ ങ്ങുമുള്ള പണവ്യാപാരികൾ തയ്യാറില്ലായിരുന്നു. ശങ്കർ എങ്ങിനെയൊ, ആ വസ്തുക്കളുടെ ഉറപ്പിന്മേൽ കുറെ പണം വാങ്ങിക്കൊടുത്തു. പണം കൊടുത്തയാൾ ആരെ

ന്നോ വ്യവസ്ഥകൾ എന്തെല്ലാമെന്നോ ഈട കൊടുത്ത വസ്തുക്കൾ ഏവയെല്ലാമെന്നോ ഇവിടെ ആരും അറിഞ്ഞില്ല. എന്നാൽ പണം കിട്ടി എന്നുള്ളതു് എല്ലാവരും ക്ഷണത്തിൽ അറിഞ്ഞു. അത്രകോലാഹലമായിട്ടാണു് പൊടിപൊടിച്ചതു്. അന്നു് എത്രപെട്ടി, ഏതെല്ലാം തരത്തിലുള്ള വിദേശമദ്യം ഇവിടെ കൊണ്ടുവന്നു ചെലവാക്കിയെന്നു് ആക്കും അറിഞ്ഞുകൂടാ."

രാജകുമാരി- "മദ്യമൊ?"

ഇന്ദുലാൽ- "രാജാനന്ദലാലിനു് ഭ്രാന്താണെന്നാണു് കേൾവിപ്പെട്ടിരുന്നതു്. യഥാൎത്ഥത്തിൽ ഭ്രാന്തിനെക്കാൾ അദ്ദേഹത്തെ ബാധിച്ചതു് മദ്യം വരുത്തുന്ന ഭ്രാന്തായിരുന്നു. മദ്യം അമിതിയില്ലാതെ കുടിക്കണമെന്നു തോന്നുന്നതു് ഭ്രാന്താണെങ്കിൽ നന്ദലാൽ ഭ്രാന്തൻതന്നെ ആയിരുന്നു സംശയമില്ല. കുറച്ചുകാലം പണം ഒട്ടുമില്ലാതെയും, മദ്യം കിട്ടാതെയും കഴിഞ്ഞശേഷം ശങ്കരുടെ സാമൎത്ഥ്യംകൊണ്ടു്-അതേ അയാളുടെ സാമൎത്ഥ്യംകൊണ്ടു് ഒരേയോ കളിപ്പിച്ചു പണം വാങ്ങിഎന്നായിരുന്നു അന്നത്തെ വയ്പു്-കിട്ടിയപണം തകൎത്തു സന്തോഷിച്ചകാലത്താണു് ഞങ്ങളുടെ വിവാഹം നടന്നതു്."

രാജകുമാരി- "മഹാരാജാവിന്റെ അനുമതി........"

ഇന്ദുലാൽ- "രാജാനന്ദലാലിന്റെ അനുമതിയോടുകൂടിതന്നെയാണു് നടന്നതു്. വളരെ ആശയോടുകൂടി സരസ്വതീദേവി അദ്ദേഹത്തെ ഞങ്ങളുടെ ഇംഗിതം ധരിപ്പിച്ചു. യാതൊരു തടസ്സവും പറഞ്ഞില്ലെന്നു മാത്രമല്ല വിവാഹഘോഷത്തിന്റെ ചെലവിലേക്കു കടംവാങ്ങിയ വകയിൽ ഒരു നല്ല സംഖ്യ അനുവദിക്കുകയും ചെയ്തു."

രാജകുമാരി- "അപ്പോൾ സംശയം അടിസ്ഥാന രഹിതമായിരുന്നു അല്ലെ?"

ഇന്ദുലാൽ-"രാജാ നന്ദലാൽ ഒരു രാക്ഷസനാണെന്നു് അപ്പോഴും മനസ്സിലാക്കാതിരുന്നതുകൊണ്ടു ഞ

ങ്ങളുടെ സംശയത്തിനു അടിസ്ഥാനമില്ലെന്ന് അപ്പോൾ തോന്നി...."

രാജകുമാരി- "പിന്നീട്...."

ഇന്ദുലാൽ-"ഞങ്ങളുടെ വിവാഹം നടത്തി. രണ്ടു നാലു ആഴ്ച കഴിഞ്ഞപ്പോഴേക്കു നന്ദലാലിൻെറ ലാക്ക് എന്തായിരുന്നു എന്നു തെളിഞ്ഞു. അയാളുടെ പൗത്രി ആകാൻമാത്രം പ്രായമുള്ള സ്വകുടുംബത്തിലെ അംഗമായ സരസ്വതിദേവിയെ വെപ്പാട്ടിയായി വച്ചുകൊണ്ടിരിക്കുന്നതിനു് ഒരു മറയായി മാത്രമാണ് ഞങ്ങളുടെ വിവാഹത്തെ ആ ഖലൻ ഗണിച്ചതു്"

രാജകുമാരി- "അങ്ങനെ ആക്കേണ്ടെങ്കിലും തോന്നുമെന്നു്........"

ഇന്ദുലാൽ- "അതിൻെറ ദുഷ്പലം വളരെക്കാലം അനുഭവിച്ച എന്നോടാണൊ ഇതു പറയുന്നതു്? നന്ദലാലിൻെറ ആഗ്രഹം സരസ്വതീദേവിയോടു നേരിട്ടു പറയാതെ ഒരു ദാസി മുഖാന്തരം ധരിപ്പിക്കയൊണു ചെയ്തതു്. അത്രയുംസംസ്കാരമെങ്കിലും ഉണ്ടായിരുന്നല്ലോ എന്നു ഞാൻ പലപ്പോഴും ഓർത്തിട്ടുണ്ടു്. സരസ്വതീദേവി ആ ദാസിയെ ആട്ടി ഓടിച്ചു. അതുകൊണ്ടു തൃപ്തനായില്ല നന്ദലാൽ. ആ ദാസി പിന്നെയും സരസ്വതീദേവിയെ ശല്യപ്പെടുത്തി. ഫലമില്ലെന്നു വ്യക്തമായപ്പോൾ നന്ദലാൽ സരസ്വതീദേവിയെ വിളിപ്പിച്ചു നേരിട്ടുതന്നെ പറഞ്ഞു. അവരുടെ ആ കൂടിക്കാഴ്ചയുടെ വിശദവിവരങ്ങൾ എനിക്കറിഞ്ഞുകൂടാ. ആ ദിവസങ്ങളിൽ ഞാൻ കൊട്ടാരത്തിൽ ഉണ്ടായിരുന്നില്ല. കൊട്ടാരം സംബന്ധിച്ച് ചില അത്യാവശ്യകാര്യങ്ങൾക്കായി നന്ദലാൽ എന്നെ പറഞ്ഞയച്ചിരിക്കയായിരുന്നു. ഞാൻ മടങ്ങി വരുന്നവഴി ഇവിടെ നിന്നു ഏകദേശം മുപ്പതുനാഴിക അകലത്തിലുള്ള ഒരു മല ഇറങ്ങവെ ഒരു വലിയ കല്ല് മലയുടെ മുകളിൽ നിന്നു് ഉരുണ്ടുവീണു. ഞാൻ കയറിയിരുന്ന കുതിര

യുടെ നഷ്ടശിഷ്ടങ്ങൾ പോലും കണ്ടില്ല. എൻെറ രണ്ടു കാലുകളും ഒടിഞ്ഞു തകൎന്നുപോയി. മൂന്നു ദിവസം ആ മലയുടെ അടിവാരത്തിൽ കിടന്ന എന്നെ ആ വഴിവന്ന ചില കാടന്മാർ എടുത്തുകൊണ്ടുപോയി. അവൎക്കു പാരമ്പൎയ്യസിദ്ധമായ അമൂല്യഔഷധങ്ങളുടെ ഗുണവിശേഷം കൊണ്ടുമാത്രമാണു് ഞാൻ ജീവിച്ചതു്. എനിക്കു് എന്തു സംഭവിച്ചു എന്നു നന്ദലാൽ അന്വേഷിച്ചിരിക്കയില്ല. എന്തിനു് അന്വേഷിക്കുന്നു? ഒരു ചെറുകുന്നിൻെറ വലുപ്പമുള്ള കരിങ്കല്ലു് മലയിൽ നിന്നുരുണ്ടു് ഒരാളുടെ ദേഹത്തു തട്ടി അടിവാരത്തിലേക്കു കൊണ്ടുപോയാൽ പിന്നെ അന്വേഷിക്കേണ്ട ആവശ്യംവല്ലതുമുണ്ടോ?

രാജകുമാരി- "ആ കല്ലു് മലയുടെ മുകളിൽ നിന്നു് ഇളകി വീണതു്........"

ഇന്ദുലാൽ- "ഇളകിവീണതൊന്നുമല്ല. ഇളക്കിവിട്ടതായിരുന്നു. അതിനു തെളിവുകിട്ടി. അതുപോകട്ടെ. എനിക്കു പറവാനുള്ളതു് വളരെ ചുരുക്കിപറയാൻതന്നെ സമയമില്ല. ഓൎമ്മയും ബുദ്ധിയും ഒന്നുമില്ലാതെ നടക്കാൻ പോലും വയ്യാതെ ശ്വാസം മാത്രമുള്ള ഒരു തടിപോലെ ആയിത്തീൎന്ന എന്നെ, ശുശ്രൂഷിച്ചു രക്ഷിച്ച ആ കാട്ടാളന്മാരുടെ സന്മനസ്സിൻെറയും ദീനാനുകമ്പയുടെയും നിഴൽ എങ്കിലും ഇന്നത്തെ പരിഷ്ക്കാരികളിൽ തട്ടിയിരുന്നു എങ്കിൽ ലോകത്തിൻെറ ഗതിതന്നെ മാറിപ്പോകുമായിരുന്നു. അവർ എന്നെ എന്തിനായിട്ടാണു് സംരക്ഷിച്ചതെന്നുപോലും അവൎക്കറിയാമായിരിക്കയില്ല. വൎഷങ്ങൾ പലതു കഴിഞ്ഞശേഷമാണു് എനിക്കു പഴയ കാൎയ്യങ്ങളെപ്പററി ഓൎമ്മയുണ്ടായതു്. ഓൎമ്മ ലഭിച്ചതുമൂലം ഞാൻ അനുഭവിച്ച അതികഠിനമായ മനോവേദന ഓൎക്കുമ്പോൾ ഓൎമ്മകിട്ടിയതു് ഒരനുഗ്രഹമല്ല ശാപമാണു് എന്നു തോന്നാറുണ്ടു്. പൂൎവ്വചരിത്രം ഓൎമ്മവന്ന അന്നു മുതൽ ഇവിടെ എത്തി എൻെറ

പ്രാണപ്രിയെ കാണുന്നതിനുള്ള മാൎഗ്ഗങ്ങൾ ആലോചിച്ചുതുടങ്ങി. ശാരീരികമായും മാനസികമായും അതീവ ബലഹീനനായി ഭവിച്ചിരുന്ന എൻെറ ആഗ്രഹം സാധിക്കുമെന്നു പ്രതീക്ഷിക്കാൻ ശക്തിയുണ്ടായില്ല. ആ കാട്ടാളന്മാർ എന്തോ ഒരു കിഴങ്ങു് ഇടിച്ചുപിഴിഞ്ഞെടുത്ത നീരു മാസത്തിലൊരിക്കൽ പതിവായി എനിക്കു തന്നുകൊണ്ടിരുന്നു! ഓരോമാസത്തെയും മരുന്നു കുടിച്ചുകഴിയുമ്പോൾ ശക്തിവർദ്ധിക്കുന്നതും, മനസ്സു തെളിയുന്നതും എനിക്കറിയാമായിരുന്നു. ഓൎമ്മ വീണ്ടും ലഭിച്ചു മൂന്നുനാലു വർഷം കഴിഞ്ഞപ്പോൾ പഴയ ചരിത്രത്തിലെ ഒരു പ്രത്യേക സംഭവം ഓൎമ്മവന്നു. എൻെറ പുരോഗതിയെ വൎദ്ധിപ്പിച്ച ആ ഓൎമ്മ....ആവൂ.......എന്തു പറയാനാണു്........"

ഇന്ദുലാൽ ആലോചനയിലൊ പഴയ ചരിത്രത്തിലൊ ലയിച്ചുപോയി എന്നു കണ്ടു് രാജകുമാരി ചോദിച്ചു. "അത്ര സന്തോഷ പ്രദമായിരുന്ന ആ സംഭവം എന്തായിരുന്നുവൊ?" ഇന്ദുലാൽ ഉണൎന്നു് ചരിത്രപാരായണം തുടൎന്നു. "സരസ്വതീദേവിയുമായി അന്നു പിരിയുന്നതിനുമുമ്പു് അല്പം സങ്കോചത്തോടും അതീവസന്തോഷത്തോടും കൂടി എന്നെ ധരിപ്പിച്ചു ഒരു സദ്വാൎത്ത ആയിരുന്നു. ഒരു അച്ഛനാകാനുള്ള ഭാഗ്യം എനിക്കുണ്ടാകാൻ പോകുന്നു എന്നുള്ള വാൎത്തയായിരുന്നു അതു്. എൻെറ ഓമനസന്താനത്തെ കാണണമെന്നുള്ള മോഹമാണു് എൻെറ ബലഹീനതകളെ എല്ലാം അതിവേഗം അകററാൻ സഹായിച്ചതു്."

രാജകുമാരിയെ ആ വാൎത്ത വല്ലാതൊന്നിളക്കി. ഭ്രാന്തനായ നന്ദലാലിൻെറ പുത്രിയല്ല താനെന്നാണൊ ഈ പറയുന്നതു്. അവൾ തന്നത്താൻ ചോദിച്ചു. എന്നാൽ ഇന്ദുലാലിനോടു ചോദ്യം ചോദിച്ചു സംശയം തീൎക്കാൻ അവൾക്കു ധൈൎയ്യമുണ്ടായില്ല. ഈ സമയം

എവിടെയൊ ഒരു പക്ഷി ശബ്ദിച്ചു. ഇന്ദുലാൽ അസ്വസ്ഥനായി. അയാറം പറഞ്ഞു, നമ്മുടെ "സംഭാഷണം ഇപ്പോറം അവസാനിപ്പിക്കണം. രാക്ഷസനും കിങ്കരന്മാരും ഇപ്പോറം മടങ്ങി എത്തും. ഇന്നുമുതൽ മൂന്നാം ദിവസം ഞാൻ കുമാരിയെ കണ്ടുകൊള്ളാം." അതിവേഗംതന്നെ അയാറം രാജകുമാരിയെ അവളുടെ ഉറക്കറയിൽ കൊണ്ടു് ആക്കിയശേഷം അപ്രത്യക്ഷനായി.

---

## അദ്ധ്യായം 6

പിറന്നാറം ഉണർന്നപ്പോറം തലേ രാത്രിയിലെ സംഭവങ്ങറം യഥാർത്ഥത്തിൽ നടന്നവയാണൊ സ്വപ്നമായിരുന്നൊ എന്നു സംശയം തോന്നി രാജകുമാരിക്കു്. അന്നും പിറേറന്നാളും മൂന്നാം ദിവസവും വിശേഷവിധിയായി ഒന്നും നടന്നില്ല. ദുർഗ്ഗാദേവി പതിവുപോലെ രാജകുമാരിയുടെ ചിട്ടകറം നിറവേററുന്നതിനു വേണ്ട ചട്ടംകെട്ടുകറം ചെയ്കയും അവളുമായി സംഭാഷണം നടത്തുകയും ചെയ്തു. അർദ്ധരാത്രിയോടടുത്തപ്പോഴാണു് ഇന്ദുലാൽ വന്നതു്. അവർ മുമ്പു് ഇരുന്നു സംസാരിച്ച മുറിയിൽ എത്തിയ ഉടനെ ഇന്ദുലാൽ പറഞ്ഞു.

"ഈ രാത്രികൊണ്ടു് എല്ലാം പറഞ്ഞു തീർക്കേണ്ടതുണ്ടു്. അതുകൊണ്ടു് ഞാൻ ചുരുക്കി പറയാം. പല വർഷങ്ങറംക്കുശേഷമാണു് ഞാൻ പിരിഞ്ഞുപോരുന്നതിനു് ആ കാട്ടാളന്മാർ അനുവദിച്ചതു്. ഇവിടെ എത്തിയാൽ നന്ദലാൽ എന്നെ കാണുന്നപക്ഷം ക്ഷണം കഥകഴിച്ചുകളയുമെന്നു നിശ്ചയമുണ്ടായിരുന്നതുകൊണ്ടു് അദ്

രാത്രി സമയത്തു വന്നുചേരണമെന്നു് നിശ്ചയിച്ചിരുന്നു. ഈ കൊട്ടാരത്തിൽ ജനാധിവാസമില്ലാത്ത ഭാഗങ്ങളും, രഹസ്യമാർഗ്ഗങ്ങളും അറകളും എല്ലാം എനിക്കു് അറിയാമായിരുന്നതുകൊണ്ടു കൊട്ടാരത്തിനുള്ളിൽ കടക്കാൻ സാധിച്ചാൽ പിന്നെ ആരും പിടികൂടുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നു. നന്ദലാൽ മരിക്കുന്നതിനു രണ്ടുമൂന്നു വർഷം മുമ്പു ഞാൻ ഇവിടെ എത്തി."

രാജകുമാരി "ഇക്കാലമെല്ലാം ഇവിടെ താമസമായിരുന്നോ. ആഹാരം........"

ഇന്ദുലാൽ- "ഇവിടെത്തന്നെ കഴിച്ചുകൂട്ടി. നന്ദലാൽ പാതാളത്തിലേക്കു പരക്കംപായുന്നതു കണ്ടുകൊണ്ടിരുന്നാൽ പിന്നെ ആഹാരം വല്ലതുമാവശ്യമുണ്ടോ? ആ കാട്ടാളന്മാരുടെ കൂട്ടത്തിൽ ചേൎന്നതിൽ പിന്നെ തീയിൽ പാകംചെയ്ത യാതൊന്നും ഞാൻ തിന്നിട്ടില്ല. വളരെ രുചിയും പോഷകശക്തിയും ഉള്ള കിഴങ്ങുകളും കായ്കളും ഇവിടെയും ധാരാളമുണ്ടു് രണ്ടുമൂന്നുമാസത്തേക്കുവേണ്ട ആഹാരസാധനങ്ങൾ ഈ മുറിയിൽതന്നെ ഉണ്ടു്. അതുപോകട്ടെ. നന്ദലാൽ, ഭൂപതിൻെറയും അവൻെറ ഭാൎയ്യയൊ വെപ്പാട്ടിയൊ ആയ ദുൎഗ്ഗയുടെയും പിടിയിൽപെട്ട കാലത്തൊടടുത്താണു് ഞാൻ വന്നു ചേൎന്നതു്."

രാജകുമാരി- "ഭൂപതിൻെറ ഭാൎയ്യയാണോ ദുൎഗ്ഗാദേവി."

ഇന്ദുലാൽ- "അവൻെറ ഭാൎയ്യയൊ വെപ്പാട്ടിയൊ ആണു്. നന്ദലാലിനെ ശുശ്രൂഷിക്കാനൊ ഇവിടത്തെ കാൎയ്യങ്ങൾ അന്വേഷിക്കാനൊ എവിടെനിന്നൊവന്ന ഒരു ബന്ധുവാണെന്നുള്ളതു വെറും വേഷംമാത്രം. ഇന്ദുലാലിൻെറ ജയിലിറായിരുന്ന അവൾ എന്നാണു് പറയേണ്ടതു്. ഭൂപതു് ഈ കൊട്ടാരംപോലുള്ള ഒരു അഭയ സ്ഥാനം തേടിക്കൊണ്ടിരിക്കയായിരുന്നു."

രാജകുമാരി– "എന്തിനാണോ?"

ഇന്ദുലാൽ– "ഈ രാജ്യത്തും സമീപരാജ്യങ്ങളിലും എല്ലാമുണ്ട് അവനു കിങ്കരന്മാർ. എല്ലായിടത്തും കൊലയും കൊള്ളയും നടത്തി സമ്പാദിക്കുന്നവ ശേഖരിക്കുന്നതിനു സുരക്ഷിതമായ ഒരു സ്ഥാനം അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവനും കിങ്കരന്മാരും നടത്തുന്ന അക്രമങ്ങൾ മറയ്ക്കുന്നതിനും, അതേപ്പററി ആളുകൾ അന്വേഷിക്കാതിരിക്കുന്നതിനുമാണ് ഇവിടെ രാക്ഷസബാധയുണ്ടെന്നു പറഞ്ഞു പരത്തിയതു്."

രാജകുമാരി– "അപ്പോൾ നാം കണ്ട ചെന്നായ്ക്കളും മററും........"

ഇന്ദുലാൽ– "ഭൂപതും കിങ്കരന്മാരും സ്വീകരിച്ചിട്ടുള്ള ഭീകരവേഷമാണു് കണ്ടതു്. സരസ്വതീദേവിയും അവരുടെ പുത്രി–എൻെറ പുത്രി–യുംകൂടി, നാടുവിട്ടോടിയ കഥ ഇവിടെ എത്തി ഏതാനും മാസങ്ങൾകഴിഞ്ഞാണു് ഞാനറിഞ്ഞതു്."

രാജകുമാരി എണീററു നന്ദലാലിൻെറ പാദത്തിൽ തൊട്ടു നമസ്കരിച്ചു് "അച്ഛാ എന്നെ അനുഗ്രഹിക്കണം." എന്നപേക്ഷിച്ചുകൊണ്ടു ദണ്ഡനമസ്കാരം ചെയ്തു്.

ഇന്ദുലാൽ അവളെ പിടിച്ചു് എണീപ്പിച്ചു് അനുഗ്രഹിച്ചശേഷം പറഞ്ഞു– "കുമാരിയെപ്പററിയും മാതാവിനെപ്പററിയും യാതൊരു വിവരവും കിട്ടാതെ ഞാൻ വളരെ വേദന അനുഭവിച്ചു. നന്ദലാൽ കാലന്തർക്കുപോയശേഷം ഇവിടെ നിന്നു മടങ്ങിപ്പോയി കാട്ടാളന്മാരുടെ കൂടെ താമസമാക്കിയാൽ എന്തെന്നു് ആലോചിച്ചു. അല്പകാലംകൂടി കഴിയട്ടെ, കുമാരിയെയും അമ്മയെയും സംബന്ധിച്ചു് എന്തെങ്കിലും അറിവുകിട്ടിയേക്കാം എന്നുള്ള പ്രതീക്ഷ തടഞ്ഞതുകൊണ്ടുമാത്രം ഇവിടെ താമസിക്കയായിരുന്നു. കുമാരിവരുന്നു എന്നു ശ്രീനഗരത്തിൽ നിന്നു വക്കീലിൻെറ സന്ദേശം ശങ്കറിനു കിട്ടിയ ഉടൻതന്നെ

ഞാനും അറിഞ്ഞു, അന്നു് എനിക്കുണ്ടായ സന്തോഷം."

രാജകുമാരി– "അങ്ങിനെയെങ്കിൽ ഞാൻ കഴിയും വേഗം മടങ്ങിപ്പോകണം എന്നു രാത്രിയിൽവന്നു പറഞ്ഞതെന്താണു്."

ഇന്ദുലാൽ– "അപകടം നിറഞ്ഞ ഈസ്ഥലത്തു താമസിച്ചു് ജീവൻ നഷ്ടപ്പെടുത്തരുതെന്നു വച്ചു തന്നെ. ഇപ്പോഴും എൻെറ ഉപദേശം അതുതന്നെയാണു്."

കുമാരി– "അച്ഛനും എന്നോടൊപ്പം വരുമെങ്കിൽ........"

ഇന്ദുലാൽ– "സരസ്വതീദേവി ജീവനോടുണ്ടായിരുന്നു എങ്കിൽ സന്തോഷത്തോടെ വരാമായിരുന്നു. കേവലം ഒരു കാട്ടാളനായി തീൎന്നിട്ടുള്ള ഞാൻ പരിഷ്കൃത പരിതസ്ഥിതികളിൽ, ജീവിക്കണമെന്നു പറയുന്നതു് ശരിയാണോ?"

കുമാരി– "എൻെറ അച്ഛൻ എന്നോടൊപ്പമല്ലെ താമസിക്കേണ്ടതു്. അതു സമ്മതമല്ലെങ്കിൽ ഞാനും ഇവിടെ താമസിക്കാം."

ഇന്ദുലാൽ– "എന്തായാലും ഇവിടെ താമസിക്കേണ്ടാ. കഴിയുംവേഗം പോകാൻ നോക്കണം."

കുമാരി– "മനോഹരൻ ഉടൻ വരണമെന്നു നാളെ തന്നെകമ്പി അടിയ്ക്കാം. അദ്ദേഹം വന്നാൽ ഇവിടുത്തെ കാര്യങ്ങൾ ക്ഷണത്തിൽ ശരിപ്പെടുത്തി നമ്മെക്കൂട്ടി കൊണ്ടുപൊയ്ക്കൊള്ളും."

ഇന്ദുലാൽ- "കമ്പി അടിയ്ക്കുന്നതും അതിലെ ഉള്ളടക്കവും ആരും അറിയരുതു്. പുറത്തുനിന്നൊരാൾകൂടി വരുന്നതു് ഭൂപതിനു സന്തോഷമായിരിക്കയില്ല."

കുമാരി– "കമ്പിസന്ദേശം എഴുതി ലക്ഷ്മിയെ ഏല്പിച്ചാൽ അവളുടെ സഹോദരനെ അയച്ചു് അടിപ്പിച്ചുകൊള്ളും."

ഇന്ദുലാൽ– "ലക്ഷ്മിയേ വിശ്വസിക്കാമോ? വള

രെ സൂക്ഷിച്ചുവേണം."

കുമാരി- "ലക്ഷ്മിയെ വിശ്വസിക്കാം."

ഉടൻ നടക്കേണ്ട കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു ബാക്കിയുണ്ടായിരുന്ന സമയം, കുമാരിയോടു ഇന്ദുലാൽ അവളുടെ മാതാവിൻെറയും അവളുടെയും മനോഹരൻെറയും കാൎയ്യങ്ങൾ ചോദിച്ചു മനസ്സിലാക്കുന്നതിന് വിനിയോഗിക്കുകയാണ് ചെയ്തതു്. മുൻ രാത്രിയിലേപ്പോലെ ആ പക്ഷി ശബ്ദിച്ച ക്ഷണത്തിൽ ഇന്ദുലാൽ കുമാരിയെ അവളുടെ ഉറക്കറയിൽ കൊണ്ടുചെന്നാക്കി. മൂന്നാം ദിവസം രാത്രി സന്ദർശനത്തിനു പററുകയില്ലെന്നും, അഞ്ചാം ദിവസം ചെന്നുകൊള്ളാമെന്നും കുമാരിയെ ധരിപ്പിച്ചു ശേഷം മടങ്ങി.

പിററന്നാൾ രാവിലെ തന്നെ കുമാരി കമ്പിസന്ദേശം എഴുതി ലക്ഷ്മിയെ ഏല്പിച്ചു. അതു് അയയ്ക്കുന്നതിനു സഹായിച്ച കഥ ദുർഗ്ഗ അറിഞ്ഞാൽ തൻെറ നില അപകടത്തിലാകുമെന്ന് അറിഞ്ഞിട്ടും ലക്ഷ്മി ആ ചുമതല ഏററതു് കുമാരിയുടെ മാതാവായ സരസ്വതീദേവിയെപ്പററി അവളുടെ മാതാവിനുണ്ടായിരുന്ന മധുരസ്മരണകൾ കേട്ടിരുന്നതിനാലാണ്. ലക്ഷ്മി അവളുടെ സഹോദരനെക്കൊണ്ടു കമ്പി അടിപ്പിച്ചു. പോകുന്നതും സന്ദേശമയയ്ക്കുന്നതും രഹസ്യമായിരിക്കണമെന്ന് സഹോദരി നൽകിയ നിർദ്ദേശമനുസരിച്ചു തന്നെ അവൻ ചെയ്തു. പക്ഷേ മടങ്ങി വരുന്നവഴി ഭൂപതിൻെറ ഒരു സിൽബന്ധി അവനെ കാണുകയും, കയ്യിൽ ഉണ്ടായിരുന്ന രസീതിൽനിന്നു കാര്യം മനസ്സിലാക്കുകയും ചെയ്തു. അയാൾ ആ വിവരം ഭൂപതിനെ ധരിപ്പിച്ചു. കമ്പി ആഫീസിൽപോലും ഭൂപതിന് കിങ്കരന്മാർ; ഉണ്ടായിരുന്നതുകൊണ്ടു് പിററന്നാൾ ഉച്ചയായപ്പോഴേക്കു കമ്പിസന്ദേശത്തിൻെറ ഒരു ശരിപ്പകർപ്പ് ഭൂപതിൻെറ കൈയ്യിൽ കിട്ടി. അതൊന്നും രാജകുമാരി അറിഞ്ഞില്ല. അന്നു രാത്രി ദുർഗ്ഗയും

ഭ്രപത്തുമായി ആലോചനനടന്നു. മനോഹരൻെറ ആഗമനത്തെ തടയുക പ്രയാസമാണെന്നും അയാൾ വരുമ്പോൾ വേണ്ടവിധത്തിൽ സ്വീകരിച്ച് കാര്യങ്ങൾ ശരിപ്പെടുത്തുകയെ മാർഗ്ഗമുള്ളു എന്നും, രാജകുമാരി ഇനി ശല്യമൊന്നും ചെയ്യാത്തതരത്തിൽ വേണ്ടതു് ഉടനെ ചെയ്യണമെന്നും അവർ തീർച്ചപ്പെടുത്തി.

അടുത്ത ദിവസം രാവിലെ ആഹാരം കഴിഞ്ഞപ്പോൾ കൊട്ടാരത്തിൽ പ്രത്യേകമായി കാണേണ്ട ചില ഭാഗങ്ങൾ കാണിച്ചുകൊടുക്കാമെന്നു പറഞ്ഞു ഭൃഗു രാജകുമാരിയെ കൂട്ടിക്കൊണ്ടു പുറപ്പെട്ടു. പല കോവണികളും കേറുകയും ഇറങ്ങുകയും ചെയ്തു. ഇരു ഭാഗത്തും ബലമുള്ള ചങ്ങലകളും വലിയതാഴുകളുംകൊണ്ടു് ബന്ധിച്ചിട്ടുള്ള പല മുറികളും കടന്നു. നിരനിരയായി വളരെ അധികം കല്ലറകൾ, അവ എല്ലാം വളരെ ഭദ്രമായി പൂട്ടിയിടുന്നതിനുള്ള ഏർപ്പാടു്, ഇവ രാജകുമാരിയുടെ ജിജ്ഞാസയെ തട്ടി ഉണർത്തി.

രാജകുമാരി ചോദിച്ചു- "ഇരുളടഞ്ഞുകിടക്കുന്ന ഈ മുറികൾ എന്തിനായിട്ടാണോ പണിയിച്ചതു്?"

ഭൃഗു- "ഉദ്യാനപുരം രാജവംശം വളരെ ഉയർന്നനിലയിൽ ആയിരുന്ന കാലത്തു പണിയിച്ചതാണു് ഈ കൊട്ടാരം. ശത്രുക്കളെ തടവുകാരായി പിടിച്ചു് നല്ലപാഠം പഠിപ്പിക്കാൻ ഉള്ള ഈ മുറികളിൽ സ്ഥലമില്ലാതെ വന്നിട്ടുണ്ടു് ചിലപ്പോൾ."

രാജകുമാരി- "വളരെ പഴയ ചരിത്രമായിരിക്കുമല്ലോ അതു്?"

ഭൃഗു- "പഴയ ചരിത്രമെന്നു പറഞ്ഞുകൂടാ. രാജാ നന്ദലാലിൻെറ കാലത്തും ഈ കല്ലറകൾ ശരിക്കു് ഉപയോഗപ്പെടുത്തിയിട്ടുള്ളതായി അറിയാം."

അവർ പിന്നെയും ഒരു ഗോവേണി ഇറങ്ങി. ഭൃഗു താക്കോൽ എടുത്തു് ഒരു മുറിതുറന്നുകൊണ്ടു് പറഞ്ഞു.

"ഈ മുറിയിൽ കാണേണ്ടവയായി പലതുണ്ട്. ഇത്തരം യന്ത്രസാമഗ്രികൾ ഇപ്പോൾ ലോകത്തിൽ മററ് ഒരു സ്ഥലത്തും കാണുമെന്നു തോന്നുന്നില്ല."

അവർ പ്രവേശിച്ച മുറിയിൽ കണ്ട യന്ത്രങ്ങളിൽ ഒന്നിന്റെ എങ്കിലും ഉപയോഗം രാജകുമാരിക്ക് അറിഞ്ഞുകൂടായിരുന്നു. അവ എന്തിനുള്ളവയാണെന്നു ചോദിച്ചതിനു ദുർഗ്ഗ ഒരു വല്ലാത്ത ചിരിയോടുകൂടി മറുപടി പറഞ്ഞു "നിന്നെപോലുള്ള കള്ളികളെ നല്ലപാഠം പഠിപ്പിക്കാൻ" ആ വാക്കുകൾ കേട്ടപ്പോൾ യുവതി ഞെട്ടി എങ്കിൽ, അതിന്റെ പുറകെ നടന്ന പ്രയോഗം അവളെ മരവിപ്പിച്ചുകളഞ്ഞു. ദുർഗ്ഗയുടെ ഭാവം മാറി. ആ വാക്കുകളുടെ ഉച്ചാരണത്തോടുകൂടി ദുർഗ്ഗ ഭദ്രകാളി ആയി മാറി എന്നു തന്നെ പറയാം. അവൾ രാജകുമാരിയുടെ മുടിയിൽ ചുററിപ്പിടിച്ചുകൊണ്ട് മുഖത്ത് നാലഞ്ച് അടിച്ചു. അതുകൊണ്ടും മതിയാകാതെ, യുവതിയുടെ മുഖമെല്ലാം മാന്തിക്കീറുകയും ചെയ്തു. അങ്ങിനെ ഒരു ആക്രമണം ഉണ്ടാകുമെന്ന് അശേഷം പ്രതീക്ഷിക്കാതിരുന്നതിനാൽ ശരിക്കൊന്നു തടുക്കുന്നതിനുപോലും കുമാരിക്കു സാധിച്ചില്ല. ദുർഗ്ഗ മുടിയിൽ നിന്നു പിടിവിടാതെ, ആകല്ലറയിൽനിന്നു പ്രവേശിക്കാവുന്ന മറെറാരു കല്ലറയുടെ വാതിൽ തുറന്നു രാജകുമാരിയെ അതിലേക്കു വലിച്ചെറിഞ്ഞുകൊണ്ടു അലറി. "നീ കമ്പി അടിച്ചു, അല്ലെ. അവൻവന്നു ഞങ്ങളെ പൊടിച്ചു വാരിമൂക്കിലിട്ടു കളയുമെന്നോ? അവൻ വരുന്നതിനുമുമ്പ് നിന്റെ കഥ ഞാൻകഴിക്കും. അവന്റെ ഒരു ഒററ അസ്ഥിപോലും ബാക്കി ഇല്ലാത്ത വിധത്തിൽ ഈ യന്ത്രങ്ങളിൽ കേററി ഇറക്കി വിട്ടേക്കാം."

ഈ വിധം ഒട്ടധികം ഭീഷണികൾ വിളിച്ചു പറഞ്ഞപ്പോൾ ദുർഗ്ഗയുടെ കലി കുറേ ശമിച്ചു. അവൾ രാജകുമാരിയെ കല്ലറയിൽ ഇട്ടു പൂട്ടിയശേഷം "രണ്ടു ദിവസം പട്ടിണികിടക്കുമ്പോൾ നിനക്കു മതിയാകും അ

പ്പോൾ ഭൂപതും ദുർഗ്ഗാദേവിയും ആരാണെന്നു മനസ്സി ലാകും. കൊട്ടാരത്തോടുള്ള പ്രേമവും അവസാനിച്ചു കൊള്ളും.” എന്നു് അലറിക്കൊണ്ടു് അവിടെനിന്നുപോ യി. ഈ വിധം ഒരനുഭവം ഒരിക്കലും പ്രതീക്ഷിക്കാ തിരുന്നതുകൊണ്ടു് രാജകുമാരി മരവിച്ചുപോയി എന്നുമുക ളിൽ പറഞ്ഞിട്ടുണ്ടല്ലോ. അമ്മയുടെ ഒരു അടിപോലും കൊണ്ടിട്ടില്ലാത്ത ആ യുവതിക്കു ദുർഗ്ഗയുടെ പ്രഹരമാണൊ അവളുടെ നാവിൽനിന്നു പുറപ്പെട്ട വിഷലിപ്തമായ വാ ക്കുകളാണൊ അധിക വേദനയും ഭയവും ഉളവാക്കിയ തെന്നു് നിശ്ചയമില്ല. ദുർഗ്ഗ വലിച്ചെറിഞ്ഞ ദിക്കിൽ കിടന്നു നിലവിളിക്കയാണു് ആ സാധു.

ദുർഗ്ഗ കരുതിക്കൂട്ടിയാണു് ഭദ്രകാളിയുടെ വേഷം സ്വീ കരിച്ചതെന്നു പറയേണ്ടതില്ലല്ലോ? രാജകുമാരിയോടു അടുത്തുകൂടി എങ്ങിനെയും കൊട്ടാരം വാങ്ങിക്കൊള്ളാ മെന്നായിരുന്നു ഭൂപതും ദുർഗ്ഗയും നിശ്ചയിച്ചിരുന്നതു്. അവളുടെ തുണയ്ക്കു് ഒരു പുരുഷൻ വന്നാൽ ആ ലാക്കുതെ റും. തന്നെയല്ല അവരുടെ രഹസ്യ പ്രവർത്തനങ്ങൾ എല്ലാം പുറത്തു വരുകയും ചെയ്യും. അതു കൂടാതെ കഴി ക്കുന്നതിനു് ഒരു മാർഗ്ഗമെയുള്ളു. കാമി അനുസരിച്ചു മനോ ഹർ വന്നുചേരുന്നതിനു മുമ്പു രാജകുമാരിയോടു കൊട്ടാരം വാങ്ങുകതന്നെ. സാമം ദാനം ഭേദം ഈ ഉപായങ്ങൾ എ ല്ലാം പ്രയോഗിച്ചു കഴിഞ്ഞു എന്നാണു് അവരുടെ മതം. ചതുരുപായങ്ങളിൽ അവസാനത്തതു്, “ദണ്ഡം”എടു ത്തു പ്രയോഗിക്കുക എന്നുവച്ചാണു്, ഭൂപതിന്റെ നിർ ദ്ദേശമനുസരിച്ചു് ദുർഗ്ഗ രാജകുമാരിയെ അടിച്ചും ഇടിച്ചും അവശയാക്കി കല്ലറയിൽ തള്ളിയതു്.

അന്നത്തെ ദിവസം അങ്ങനെ കഴിഞ്ഞു. രാജകുമാ രിയെ അടച്ചിരുന്ന കല്ലറയിലേയ്ക്കു ദുർഗ്ഗ തിരിഞ്ഞുനോ ക്കുകപോലും ചെയ്തില്ല. പിറേറന്നാൾ അവൾ കുറച്ചു പച്ചവെള്ളവും അല്പം ആഹാരവും ആയി പുറപ്പെട്ടു.

കൈയിൽ ഒരു കഠാരിയുമുണ്ട്. ഒട്ടധികം അസഭ്യങ്ങളും ഭീഷണികളും വിളിച്ചു പറഞ്ഞുകൊണ്ടാണ് കല്ലറയുടെ വാതിൽ തുറന്നു് വെള്ളവും ആഹാരവും അകത്തേക്കു തള്ളിയതു്.

അപ്പോൾ ഭഗ്ഗ് കാര്യം തുറന്നു പറഞ്ഞു. ജീവൻ വേണമെങ്കിൽ കൊട്ടാരം അവർക്കു വിട്ടുകൊടുത്തുകൊള്ളണമെന്നു്. ഉദ്യാനപുരം കൊട്ടാരം ഒരു വിലയേറിയ വസതി ആയതുകൊണ്ട് അതു വച്ചുകൊണ്ടിരിക്കണമെന്നു രാജകുമാരി ഒരു സമയത്തും വിചാരിച്ചിരുന്നില്ല. ബോംബയിലെ ജീവിതരീതി എല്ലാം ഉപേക്ഷിച്ചു് അവിടെ താമസിക്കാൻ ഒരിക്കലും സാധിക്കയില്ലെന്നു അല്പദിവസത്തെ താമസംകൊണ്ട് അവൾക്കു് പൂർണ്ണമായി ബോദ്ധ്യപ്പെട്ടുകയും ചെയ്തിരുന്നു. എന്നാൽ ദണ്ഡനം ഭയന്നു്, ഭീഷണികേട്ടു് പൂർവസ്വത്തു് ഉപേക്ഷിക്കാൻ അഭിമാനം അനുവദിച്ചില്ല. എന്തെല്ലാം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നാലും ജീവൻ നഷ്ടപ്പെട്ടാലും കൊട്ടാരം വിട്ടുകൊടുക്കയില്ലെന്നു് അവൾ തീർച്ചപ്പെടുത്തി. ഭഗ്ഗ് പറഞ്ഞ ചീത്തവാക്കുകളോ ഭീഷണികളോ അവൾ കേട്ടഭാവമേ ഇല്ല. തള്ളിക്കൊടുത്ത ഭക്ഷ്യസാധനങ്ങളിലേക്കു അവൾ നോക്കുകപോലും ചെയ്തില്ല.

ഭീഷണികൊണ്ടും ബലംകൊണ്ടും ഒന്നും സാധിക്കയില്ലെന്നു് തെളിഞ്ഞു കണ്ടപ്പോൾ ഭഗ്ഗ് നയമൊന്നു മാററി. രാജകുമാരി സംസാരിച്ചാൽ ഏതുവിധമെങ്കിലും അടുത്തുകൂടി പററിക്കാമോ എന്നു ഒരിക്കൽകൂടി ശ്രമിക്കാമെന്നായിരുന്നു അവളുടെ ഉദ്ദേശം. യാതൊരു കാരണവും കൂടാതെ, രാജകുമാരിയെ തുറുങ്കിൽ അടയ്ക്കുകയും അസഭ്യം പറയുകയും മാത്രമല്ല ദേഹദണ്ഡമേൽപ്പിക്കപോലും ചെയ്തശേഷം അടുത്തുകൂടി പററിക്കാമോ എന്നു ശ്രമിക്കാമെന്നുവച്ച ആസ്ത്രീ ആരായിരിക്കണം? ഭൂപതിൻെറ വലംകൈ ആയി അയാൾ അവളെ സ്വീകരിച്ചതു നിറപ്പകി

ട്ടോ സൌന്ദര്യമൊ മാത്രം കണ്ടിട്ടായിരുന്നില്ല.

"ജീവൻ വേണമെങ്കിൽ കൊട്ടാരം വിട്ടുതന്നെകൊള്ളണം." എന്നു് സ്വല്പസമയം മുമ്പു് ഗർജ്ജിച്ച ദുർഗ്ഗ തന്നെയാണൊ, അതാ രാജകുമാരിയുടെ പാദത്തിൽ പിടിച്ചുകൊണ്ടു പറയുന്നു "അടിയനോടു് എല്ലാം തിരുമേനി ക്ഷമിക്കണം. വകതിരിവില്ലാതെ ഒട്ടധികം അപരാധങ്ങൾ ചെയ്തുപോയി. കലികേറുന്നതുപോലെയെന്തൊ ഒരനുഭവം, ഒരു മാററം അടിയനുണ്ടായി. അതിൽ പിന്നെ ചെയ്തതും പറഞ്ഞതും ഒന്നും ശരിയായ ഓർമ്മയോടുകൂടിയല്ല. ശരിയായി ഓർക്കുന്നുമില്ല."

ദുർഗ്ഗയുടെ പിടിയിൽനിന്നു കാൽവലിച്ചെടുക്കാൻ രാജകുമാരി ചെയ്ത ശ്രമം വിഫലമായി, ആ അധികപ്രസംഗിയുടെ ക്ഷമാപണം കേൾക്കാതിരിക്കാൻ യുവതി ശ്രമിച്ചു. അവളുടെ കണ്ണുകളിൽനിന്നു ഒഴുകിക്കൊണ്ടിരുന്ന കണ്ണീർ പാദത്തിൽ വീണുതുടങ്ങിയപ്പോൾ രാജകുമാരിയുടെ മനസ്സിനു പെട്ടെന്നൊരു മാററമുണ്ടായി. ദുർഗ്ഗ ചെയ്തകടുംകൈയെപ്പററിയുള്ള ഓർമ്മയും വിദ്വേഷവും ആ നിഷ്കളങ്കയുടെ മനസ്സിൽനിന്നു് ആ കള്ള കണ്ണീർ കഴുകികളഞ്ഞു. എന്തു വന്നാലും ഒരക്ഷരംപോലും അവളോടു സംസാരിക്കയില്ലെന്നു തീർച്ചപ്പെടുത്തിയ രാജകുമാരി ആ തീർച്ചയെപ്പററി പുനരാലോചന ചെയ്യാതെ തന്നെ തീരുമാനം പിൻവലിച്ചു. "കാൽപിടിച്ചുകരയുന്നയാൾ എത്രഭയങ്കര ശത്രുവായാലും ഉപേക്ഷിച്ചുകളയരുതു്." എന്നു് സരസ്വതീദേവി ഒരിക്കൽ പറഞ്ഞതു് കുമാരി ഓർത്തു. രാജകുമാരി മൌനം ഭഞ്ജിച്ചു് ദുർഗ്ഗയോടു പറഞ്ഞു. "സുബോധമില്ലാതെ ചെയ്തുപോയതെല്ലാം ക്ഷമിക്കാനൊരുക്കംതന്നെ. അല്ല ക്ഷമിച്ചിരിക്കുന്നു. ഇപ്പോൾ ശരിയായബോധം ഉണ്ടായിട്ടുള്ള സ്ഥിതിക്കു എന്നെ സ്വതന്ത്രയാക്കരുതൊ?"

ദുർഗ്ഗ- "അതിനുള്ള സ്വാതന്ത്ര്യം അടിയനുണ്ടായി

രുന്നു എങ്കിൽ എത്രയോ മുൻപെ അങ്ങിനെ ചെയ്യുമായിരുന്നു."

രാജകുമാരി- "നിങ്ങൾക്കു സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ ആൎക്കാണുള്ളത്?"

ദൢ- "ഞാൻ ഭൂപതിന്റെ കേവലം ഒരു കരു മാത്രമാണ്. അദ്ദേഹത്തിന്റെ ആജ്ഞയ്യോ ഇച്ഛയ്യോ എതിരായി എന്തെങ്കിലും ചെയ്താൽ അടുത്ത നിമിഷം ഞാനില്ലായിരിക്കും....അപ്രത്യക്ഷയാകും."

രാജകുമാരി- "അതുകൊണ്ടു്............"

ദൢ- "തിരുമേനിക്കു തിരുവുള്ളമുണ്ടായികൊട്ടാരം അദ്ദേഹത്തിന്നു കൊടുക്കണമെന്നാണ് വീണ്ടും അപേക്ഷിക്കുന്നതു്."

രാജകുമാരി- അതിന്നു നിവൃത്തിയില്ലെന്നു ഞാൻ മുൻപു തന്നെ പലപ്രാവശ്യം പറഞ്ഞതല്ലോ."

ദൢ- "തിരുമനസ്സിലേക്കു് കൊട്ടാരംകൊണ്ടു് യാതൊരാവശ്യവും ഉപകാരവും ഇല്ലെന്നും എന്തുചെയ്യണമെന്നു തീർച്ചപ്പെടുത്തിയില്ലെന്നും പല പ്രാവശ്യം അടിയനോടുതന്നെ കല്പിച്ചിട്ടുണ്ടല്ലോ."

രാജകുമാരി- "അതു് അപ്പോൾ ശരിതന്നെ ആയിരുന്നു. അങ്ങിനെ പറഞ്ഞു കഴിഞ്ഞശേഷം, കൊട്ടാരം വിൽക്കേണ്ടെന്നു ഞാൻ തീർച്ചപ്പെടുത്തി."

ദൢ- "ആ തീർച്ചയെ ഒന്നു പുനഃപരിശോധന ചെയ്യണമെന്നാണപേക്ഷിക്കുന്നതു്. തിരുമനസ്സിലേക്കു് കായമന! ക്ലേശങ്ങൾ വരുത്തി കൊട്ടാരം കൈക്കലാക്കമെന്നു വിചാരിച്ചു ചെയ്തതു് എല്ലാം ക്ഷമിക്കണമെന്നുള്ള അപേക്ഷ ഒരിക്കൽകൂടി ആവൎത്തിക്കുന്നു. വിലയിലാണ് തൎക്കമെങ്കിൽ ഭൂപതിനെക്കൊണ്ടു എത്രവേണമെങ്കിലും വയ്പിക്കാം........"

രാജകുമാരി- "വിലയിലല്ല തൎക്കം. വിൽക്കുന്നില്ലെന്നാണ് തീരുമാനിച്ചതെന്നു പറഞ്ഞതല്ലോ."

ദുർഗ്ഗ- "അടിയൻ ഇതുവരെ പറയാൻ മടിച്ച ഒരു രഹസ്യംകൂടി തിരുമനസ്സറിയിക്കുന്നു. അതുകൂടികേട്ടിട്ട് ഒരു മറുപടി പറയണം."

രാജകുമാരി- "രഹസ്യമൊന്നും എനിക്കു കേൾക്കേണ്ടാ."

ദുർഗ്ഗ- "അങ്ങിനെയുള്ള രഹസ്യമൊന്നുമല്ല. കൊട്ടാരം വിലയ്ക്കു വാങ്ങാൻ സാധിക്കുമെന്നു ഞാൻ ഭൂപതിനെ വിശ്വസിപ്പിച്ചുപോയി. അതിനു വിപരീതമായി ഇപ്പോൾ കിട്ടാതെവന്നാൽ അദ്ദേഹം എന്നെ........എന്നല്ല ഞാൻ അപ്രത്യക്ഷയാകും."

രാജകുമാരി- "ദുർഗ്ഗാദേവിക്ക് അപകടം സംഭവിക്കാനിടയുണ്ടെന്നുകേട്ടതിൽ മനസ്താപം തോന്നുന്നു. നിങ്ങളുടെ ഭർത്താവല്ലെ. അപ്പോൾ അതിരുകടന്നൊന്നും ഉണ്ടാകാൻ മാർഗ്ഗമില്ലല്ലൊ."

ദുർഗ്ഗയുടെ മുഖത്തു ഭാവപകർച്ച പ്രത്യക്ഷപ്പെട്ടുതുടങ്ങി എങ്കിലും അവൾ പിന്നെയും ശാന്തസ്വരത്തിൽ പറഞ്ഞു. "അങ്ങിനെയല്ല. എന്നെ അദ്ദേഹം കൊന്നുകളയും മടിക്കയില്ല."

രാജകുമാരി അതുകൊണ്ടും അടിപെട്ടില്ല. "എന്റെ പൂർവസ്വത്തു വിലയ്ക്കുകൊടുക്കാത്തപക്ഷം മറ്റൊരാളെ വേറൊരാൾ കൊന്നുകളയുമെന്നു പറയുന്നതുകേട്ട്.... ......"

ദുർഗ്ഗയുടെ ക്ഷമാപണവും ക്ഷമയും എല്ലാം അവസാനിച്ചു.

അവൾ പിന്നെയും ശകാരവും ഭീഷണിയും ആയി ഏതാനും മണിക്കൂറുകൾ അവിടെ കഴിച്ചു. രാജകുമാരി പരിപൂർണ്ണ മൌനവ്രതത്തിലാണ്. ദുർഗ്ഗതന്നെ തോററു മടങ്ങി. അവൾ വീണ്ടും ദണ്ഡനത്തിന് മുതിർന്നില്ല എന്നൊരു സമാധാനമുണ്ട്.

ദുർഗ്ഗ നാലു ദിവസങ്ങൾകൂടി പരീക്ഷിച്ചു. ഫല

മൊന്നുമുണ്ടായില്ല. അല്പമാഹാരംപോലും രാജകുമാരി കഴിക്കുന്നില്ല. വെള്ളംമാത്രം കുടിക്കും. ആഹാരത്തിൽ വിഷം കലത്തിയിരിക്കാമെന്നു ശങ്കിച്ചായിരിക്കുമോ? വിഷാംശം ഒന്നുമില്ല എന്നു ദുർഗ്ഗ പറഞ്ഞു. അതുകൊണ്ടും ഫലമുണ്ടായില്ല. ദുർഗ്ഗ തനിച്ചായാൽ പറയുകയില്ലെന്നു തോന്നിയിട്ടോ, കമ്പി അനുസരിച്ചു മനോഹർ എത്തിച്ചേരുന്നതിനു മുമ്പ് കാര്യങ്ങൾ അവസാനിപ്പിക്കാനുള്ള ധൃതികൊണ്ടോ, അവൾ അപ്പോൾതന്നെപോയി ഭൂപത്തും ഒരുമിച്ചു മടങ്ങി എത്തി. അയാൾ വളവുകൂടാതെ കാര്യത്തിലേക്കുതന്നെ പ്രവേശിച്ചു. "ഉദ്യാനപുരം കൊട്ടാരമാണ് എൻെറ പ്രവത്തന കേന്ദ്രം. അതുപേക്ഷിക്കുന്നതിനു നിവൃത്തിയൊന്നുമില്ല. വിട്ടുപോകാൻ പാടില്ലാത്തവിധമാണ് എൻെറ കാര്യങ്ങൾ കിടക്കുന്നതു്. കുമാരി സ്വമനസ്സാലെ വിട്ടുതരാത്തപക്ഷം, അങ്ങിനെ ഒരാൾ ഇല്ലാതാകുമെന്നെയുള്ളു. ആരുതന്നെ വിചാരിച്ചാലും ഇവിടെഎത്തി എന്നോടു പൊരുതി ജയിക്കാൻ സാധിക്കയില്ല. ഈ പ്രദേശത്തുള്ളവരെല്ലാം എൻെറ ആജ്ഞാനുവത്തികളാണ്. ഒരു സംഘം പട്ടാളം വന്നാലും ഒന്നും സാധിക്കാൻപോകുന്നില്ല. നല്ല വില തരാൻ ഞാൻ ഒരുക്കമാണ്. എത്ര ലക്ഷം ഉറപ്പികവേണമെങ്കിലും, അതിനു വേണ്ട രത്നങ്ങളൊ ആഭരണങ്ങളൊ വേണമെങ്കിലും ഈ നിമിഷത്തിൽ ഇവിടെയുള്ള എൻെറ ഭണ്ഡാരത്തിൽ നിന്നു എടുത്തുതരാം. അതു വാങ്ങിക്കൊണ്ടു് പൊയ്ക്കൊള്ളുകയാണു് നന്നു്. മനോഹർ വന്നാൽ അയാൾക്കും കല്ലറമുറിയിൽ കിടന്നു ചാകാമെന്നെയുള്ളു. അതിനു മുമ്പ്, അടുത്ത മുറിയിൽകണ്ട ദണ്ഡനയന്ത്രങ്ങളിൽ ഇട്ടു് അയാളുടെ എല്ലെല്ലാം തവിട്ടു പൊടിയാകുന്നതും കുമാരി കാണേണ്ടതായിവരും."

ഭൂപതിൻെറ സർവശക്തനെന്നുള്ള ഭാവവും, അയാളുടെ ഭീഷണിയും രാജകുമാരിയെ ഞെട്ടിപ്പിടിപ്പിച്ചു. ദുർഗ്ഗ

ഇതിൽ വളരെ അധികം പ്രസംഗിക്കാറുണ്ടു്, ദോഷം വരത്തക്കവിധത്തിൽ പലതും ചെയ്യാറും പറയാറുമുണ്ടു്. അപ്പോഴൊക്കെ എങ്ങും ഇത്ര ശക്തിമത്തായ കോപം ഉണ്ടായിട്ടില്ല. ശരീരം കൂടുതൽ ക്ഷീണിച്ചു വന്നതുകൊണ്ടായിരിക്കാം. കാര്യവും കാരണവും ഒന്നും അറിയാതെ, ദുർഗ്ഗ എന്തുപറഞ്ഞാലും മൗനം ഭജിക്കാറുള്ള രാജകുമാരി ഭൂപതിന്റെ പ്രസംഗത്തിനു മറുപടിയായി ഒരു ചെറു പ്രസംഗം തന്നെ ചെയ്തു. "എന്നെ ഇല്ലാതാക്കുന്നതിനു മനോഹരനെ തോന്നിയപാട്ട ദണ്ഡിപ്പിക്കുന്നതിനും, എന്റെ കൊട്ടാരത്തിനു വിലയായി ലക്ഷക്കണക്കിൽ ഉറുപ്പികയൊ അതിനുള്ള രത്നങ്ങളൊ തരുന്നതിനും നിങ്ങൾക്കു കഴിവുണ്ടെന്നാണല്ലൊ പറഞ്ഞതു്. എന്റെ പൂർവ്വസ്വത്തായ ഈ കൊട്ടാരം" കൊള്ള ചെയ്തുണ്ടാക്കിയ പണമൊ രത്നമൊ വാങ്ങിക്കൊണ്ടുവിട്ടുകൊടുക്കാൻ ഞാൻതയ്യാറില്ല. എന്നെ കൊല്ലുന്നതിനും മനോഹരനെ ദണ്ഡിപ്പിക്കുന്നതിനും നിങ്ങൾക്കു കഴിയുമായിരിക്കാം. പക്ഷെ ആ കഴിവു വിനിയോഗിക്കുന്നതിനു ഞാൻ വിശ്വസിക്കയും നിങ്ങൾ ത്യജിക്കയും ചെയ്യുന്ന അദൃശ്യശക്തി അനുവദിച്ചെങ്കിൽ മാത്രമേ സാധിക്കയുള്ളു എന്നു് എനിക്കു നല്ല വിശ്വാസമുണ്ടു്. എന്റെ ജീവൻ നഷ്ടപ്പെടാതെ രക്ഷിക്കുന്നതിനും, മനോഹരന്റെ എല്ലല്ലാ ഒരു തലനാരുപോലും നഷ്ടപ്പെടാതെ രക്ഷിക്കുന്നതിനും ആശക്തിക്കു കഴിയും. നിങ്ങൾ ഇപ്പോഴത്തെ ദ്രോഹപ്രവൃത്തികൾ തുടരാനാണു് ഭാവമെങ്കിൽ, ഞാൻ പറയുന്നതു് ശരിയാണെന്നു്, ഞാൻ വിശ്വസിക്കുന്ന ശക്തിക്കു ധാരാളം കഴിവുകളുണ്ടെന്നു് ഇവിടെ തന്നെ തെളിയും. സംശയമൊന്നുമില്ല."

ഭൂപതു് "മനോഹരുടെ എല്ലുകൾ ഒടിഞ്ഞു തകന്ന ശേഷവും രാജകുമാരിയുടെ ജീവൻ നഷ്ടപ്പെട്ടശേഷവും എന്തുതെളിഞ്ഞാലെന്താണു് വിശേഷം. ഉദ്യാനപുരം

രാജവംശത്തിൻെറ ഭാരദേവത കുമാരിയെ കാത്തുരക്ഷിച്ചു കൊള്ളുമെന്നായിരിക്കുമോ? എന്നാൽ നന്നായി. പല തലമുറക്കാലത്തു തുടർച്ചയായി ഇവിടെ നടത്തിയിട്ടുള്ള അക്രമങ്ങൾ കണ്ടുംകേട്ടും ക്ഷമ നശിച്ച ആ ദേവത ഈ രാജ്യത്തു നിന്നുതന്നെ പോയിട്ടുണ്ടാവണം."

രാജകുമാരി– "നിങ്ങളോടു വാദിക്കാൻ ഞാൻ ഒരുക്കമില്ല. എൻെറ കുടുംബത്തിൻെറ ഭരദേവത എന്നെ രക്ഷിക്കയൊ നിങ്ങളെ രക്ഷിക്കയൊ എന്താണു് ചെയ്‌വാൻ പോകുന്നതെന്നു് കണ്ടു തന്നെ നമുക്കറിയാം. അതെന്തായാലും ഒന്നു തീർച്ചയാക്കിയിട്ടുണ്ടു ഞാൻ. നിങ്ങൾ എന്തു വില തരാമെന്നു പറഞ്ഞാലും,ഏതെല്ലാം തരത്തിൽ എന്നെ ദ്രോഹിച്ചാലും നിങ്ങൾക്കു ഞാൻ കൊട്ടാരം തരുകയില്ല."

രാജകുമാരിയുടെ ഈ പ്രസ്താവന കേട്ടിട്ടു് പിന്നെയധികമവിടെ നിന്നില്ല ഭൂപതു്.

---

# അദ്ധ്യായം 7

രാജകുമാരിയുടെ കമ്പിസന്ദേശം കിട്ടിയക്ഷണത്തിൽ ഉദ്യാനപുരത്തു എത്തണമെന്നു് അതിയായ ആഗ്രഹം ഉണ്ടായി എങ്കിലും അന്നു യാത്ര പുറപ്പെടുന്നതിനുപോലും മനോഹരനു സാധിച്ചില്ല. ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത വളരെ അത്യാവശ്യമായ ചില കാര്യങ്ങൾ ഒരുതരത്തിൽ ക്രമപ്പെടുത്തുകയും മററുള്ളവ എല്ലാം നടക്കുന്നതു പോലെ നടക്കട്ടെ എന്നു വയ്ക്കുകയും ചെയ്തിട്ടു് പിറേറന്നാൾ വിമാനമാർഗ്ഗം പുറപ്പെട്ടു അയാൾ. മണി

ക്കൂറിൽ ഇരുന്നൂററിഅമ്പതു മൈൽസ് വീതം പറന്നു കൊണ്ടിരുന്ന വിമാനത്തിനു് വേഗത അശേഷമി ല്ലെന്നു തോന്നി അക്ഷമനായ ആ യുവാവിനു്. ശ്രീന ഗരത്തിൽനിന്നുള്ള യാത്ര മനോഹരൻെറ ക്ഷമയെ വള രെയധികം പരീക്ഷിച്ചു. കാറിൻെറ ഡ്റൈവർ വള രെ പരിചയവും നല്ല ക്ഷമയും ഉള്ള ആളല്ലായിരുന്നു വെങ്കിൽ മനോഹരൻെറ ധൃതിക്കനുസരിച്ചു് ഓടിച്ചു ഏതെങ്കിലും മലമ്പിളർപ്പിൽ ചാടിപ്പോകുമായിരുന്നു.

മനോഹർ ഉദ്യാനപുരം കൊട്ടരത്തിൽ എത്തി എന്നു ചുരുക്കത്തിൽ പറഞ്ഞുകൊള്ളട്ടെ. ദുർഗ്ഗ ആണു് സ്വീകരിച്ചതു്. രാജകുമാരി കണ്ടിട്ടില്ലാത്ത ഒരുദുർഗ്ഗ-വ ശ്യയായ ദുർഗ്ഗ അയാളെ സബഹുമാനം സ്വീകരിച്ചു. "അങ്ങയെ കാണാൻ രാജകുമാരി അക്ഷമയായി കാ ത്തിരിക്കുകയാണു്" എന്നവളുടെ നാവിൽ നിന്നു പു റപ്പെട്ട വാക്കുകളിൽ നിന്നും തേൻ ഇററിററു വീഴു മായിരുന്നു. പ്രിയതമയെ കാണാൻ പുറപ്പെട്ട മനോ ഹരനെ ദുർഗ്ഗ യഥാർത്ഥത്തിൽ രാജകുമാരിയുടെ അടുക്ക ലേക്കുതന്നെയാണു് ആനയിച്ചതു്. പക്ഷെ ഭൂഗർഭ ത്തിലുള്ള ഒരു കല്ലറയിൽ അടയ്ക്കപ്പെട്ടിരിക്കയാണു് രാജകുമാരി എന്നുള്ളതുമാത്രം അവൾ പറഞ്ഞില്ല.

ഒന്നുരണ്ടു ഗോവണികളും ചില നടപ്പുരകളും കേറു കയും ഇറങ്ങുകയും കടക്കുകയും ചെയ്തു. വളരെക്കാലമാ യി ജനാധിവാസമില്ലാത്ത മട്ടു കണ്ടപ്പോൾ രാജകുമാ രിയെ എവിടെയാണു് ഇവർ പാർപ്പിച്ചിരിക്കുന്നതു് എന്നു് മനോഹരൻ തന്നത്താൻ ചോദിച്ചു. അവർ വേഗത്തിൽ രാജകുമാരിയെ അടച്ചിരുന്ന കല്ലറയുടെ അടുക്കൽ എത്തി. ദണ്ഡനയന്ത്രങ്ങൾ നിരനിരയായി സ്ഥാപിച്ചിരുന്ന മുറിയിലൂടെ കടന്നു് ഉള്ളിലെ കല്ലറ യുടെ വാതിൽ ദുർഗ്ഗ തുറന്നു. അപ്പോഴേക്കു മനോഹര നു് സംശയം മാറി നിശ്ചയമായി. എങ്കിലും അയാൾ

ദ്ദർഗ്ഗയോടു എന്തെങ്കിലും ചോദിക്കുകയൊ സംശയമൊ ഭയമൊ ഉള്ള ഭാവം കാണിക്കുകയൊ ചെയ്തില്ല. പുറകോട്ടു ഒന്നു തിരിഞ്ഞു നോക്കി. എവിടെ നിന്നോ ആയുധധാരികളായ നാലാറു് ആൾക്കാർ പിന്നിൽ, ദണ്ഡന യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള മുറിയുടെ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

"രാജകുമാരി ഇതാ" എന്നു് ദുർഗ്ഗ ക്ഷണിച്ചതനുസരിച്ചു് മനോഹർ, കുമാരിയുടെ കല്ലറയിലേക്കു കടന്നതും "ശരിക്കു ആലോചിച്ചുകൊള്ളുക." എന്നു് പറഞ്ഞു കൊണ്ടു ദുർഗ്ഗ കല്ലറയുടെ വാതിൽ അടച്ചു പൂട്ടിയതും ഒന്നായികഴിഞ്ഞു.

അസ്ഥി മാത്രയായ രാജകുമാരി കാര്യങ്ങളെല്ലാം മനോഹരനെ ധരിപ്പിച്ചു. വിശദവിവരങ്ങൾ ധരിപ്പിക്കുന്നതിനു വേണ്ട സമയം ഉണ്ടായിരുന്നില്ല. "ഉദ്യാനപുരം കൊട്ടാരം" എന്നു കേൾക്കുമ്പോൾ വില മതിക്കാവതല്ലാത്ത സ്വത്താണെന്നു തോന്നാമെങ്കിലും ഊളനും മൂഷികനും വവ്വാലിനും അഭയസ്ഥാനമായിത്തീൎന്നിട്ടുള്ള ഈ കെട്ടിടത്തിനു നാലു കാശു വില കിട്ടുകയില്ല കമ്പോളത്തിൽ. കുമാരിക്കു ആവശ്യവും പരിചിതവുമായ ജീവിത സൌകര്യങ്ങൾ ഈ നാട്ടിലെങ്ങും ലഭ്യമല്ല. അതുകൊണ്ടു് ആക്കെങ്കിലും കെട്ടിടം വേണമെങ്കിൽ കൊടുത്തിട്ടു ബോംബെയ്ക്കു പോകയാണു് ഉത്തമം" എന്നായിരുന്നു മനോഹരൻെറ ഉപദേശം.

രാജകുമാരി- "വേണ്ടെന്നു വയ്ക്കുകയോ വിലയ്ക്കു കൊടുക്കുകയോ ചെയ്‌വാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു എങ്കിൽ ആലോചിക്കാമായിരുന്നു. അതല്ല, ഭീഷണിപ്പെടുത്തി വാങ്ങാമെന്നാണല്ലോ ഇവരുടെ ഭാവം. അതിനു വഴങ്ങിക്കൊടുക്കാൻ ഞാനാളല്ല."

മനോഹർ- "ബീഗംറോഷൻെറ....അല്ല രാജകുമാരിയുടെ അഭിപ്രായം ശരിയെന്നു സമ്മതിക്കാം. ആപൽ

ഘട്ടത്തിൽ പ്രത്യക്ഷപ്പെടുത്തുന്ന ധൈര്യത്തിൽ എനിക്കു ബഹുമാനമുണ്ടു്. എന്നാൽ വിപത്തിൽനിന്നു രക്ഷപെടുന്നതിനു് ധൈര്യത്തെപ്പോലെയൊ ചിലപ്പോൾ അതിലധികമോ സഹായിക്കും വിവേകം."

രാജകുമാരി— "അവിവേകമായിരിക്കാം. എന്തു വന്നാലും ഇവരുടെ ഭീഷണിക്കു കീഴ്പെടാൻ ഞാൻ ഒരുക്കമില്ല. അങ്ങുമടങ്ങിപോകുന്നതിനു് എനിക്കു വിരോധമില്ല."

മനോഹർ— "എന്റെ കാര്യമല്ലല്ലൊ ആലോചനാ വിഷയം. ഈ കൊട്ടാരത്തിന്റെ സ്ഥാപകൻ മുതൽ അനേകംപേർ ചെയ്തിട്ടുള്ള മഹാ അക്രമങ്ങളുടെ ദുഷ്ഫലം ഇവിടെ കെട്ടികിടക്കുന്നുണ്ടാവണം. അതിന്റെ അവകാശി ആയി വന്ന രാജകുമാരിയുടെ തലയിൽ അവയുടെ എല്ലാം ഭാരം വന്നുചേരുന്നതായിരിക്കുമോ ഇതു്."

രാജകുമാരി— "എന്റെ പൂർവികരിൽ കഠിനകന്മാർ ഉണ്ടായിരുന്നു എങ്കിൽ, ആദർശ യോഗ്യമായ ജീവിതം നയിച്ചവരും ഉണ്ടായിരുന്നു. അവരുടെ അനുഗ്രഹവും എനിക്കു കിട്ടും. ഞങ്ങളുടെ കുലദേവത എന്നെ ഈ അപകടത്തിൽ നിന്നു രക്ഷിക്കും. ഇല്ലെങ്കിൽ എന്റെ പൂർവീകന്മാരുടെ അക്രമങ്ങൾക്കു പരിഹാരമുണ്ടാകുന്നതിനായി ഞാൻ എന്നെത്തന്നെ ബലികഴിക്കും. ഇതാണു് എന്റെ നിശ്ചയം. അതിൽ നിന്നും വ്യതിചലിപ്പിക്കാൻ ശ്രമിക്കാതിരിക്കണമെന്നപേക്ഷയുണ്ടു്."

രാജകുമാരിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അവളെ ആ നിശ്ചയത്തിൽനിന്നു് ഇളക്കാൻ സാധിക്കയില്ലെന്നു മനോഹരനു് ബോദ്ധ്യമായതുകൊണ്ടു് പിന്നെ ശ്രമിച്ചില്ല. ബോംബയിലെ വർത്തമാനങ്ങളും, മനോഹർ പ്രൊഡക്ഷൻസിന്റെ പുരോഗതിയും എല്ലാം രാജകുമാരി അന്വേഷിച്ചു. രക്ഷപെടുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി തല പുകഞ്ഞാലോചിച്ചുകൊണ്ടിരുന്ന മനോഹർ അവ

ളുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നല്കുകയും മനസ്സിന് അല്പം സമാധാനമൊ സന്തോഷമൊ കിട്ടട്ടെ എന്നു വച്ചു ചില നേരമ്പോക്കുകൾ പറയുകയും ചെയ്തു.

പിററന്നാൾ ഉച്ചയോടുകൂടി കല്ലറയുടെ വാതിൽ തുറന്നു. ദുർഗ്ഗയും ഭൂപതും പ്രത്യക്ഷപ്പെട്ടു. അവരുടെ പിമ്പിലുണ്ട് അയുധധാരികളായ കുറെ കിങ്കരന്മാർ. ഭൂപതു് നീണ്ട ഒരു പ്രസംഗം തന്നെ ചെയ്തു. മനോഹരനുണ്ടാകാൻപോകുന്ന വിപത്തു ചൂണ്ടിക്കാണിച്ചു് രാജകുമാരിയെ രാജകുമാരിക്കു വരാൻപോകുന്ന ആപത്തു് വർണ്ണിച്ചു് മനോഹരനെയും ഇളക്കി കാര്യം കാണാനായിരുന്നു അയാളുടെ ശ്രമം. മനോഹർ കുറെ എല്ലാം എതിർവാദം നടത്തി. രാജകുമാരി ഒരക്ഷരംപോലും ഉരിയാടിയില്ല.

ഭൂപതിനു ദേഷ്യം വന്നു. അയാൾ പറഞ്ഞു. "ഞാൻ നാളെ ഈസമയത്തുവരും. അപ്പോൾ ആധാരത്തിൽ ഒപ്പിടാൻ ഒരുങ്ങിയിരുന്നുകൊള്ളണം. അല്ലാത്തപക്ഷം മലമണ്ടയിലുള്ള ഈ കൊട്ടാരത്തിൽവച്ചു വെള്ളത്തിൽ മുങ്ങിമരിക്കാൻ തയ്യാറായിക്കൊള്ളണം."

കല്ലറയുടെ ഭിത്തിയിൽ ഒരു ഭാഗത്തു പണിതുവച്ചിരുന്ന ഒരു വ്യാളി മുഖം ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ തുടൻ, "ഒരു ബട്ടൻ അമർത്തിയാൽ മതി. ഇതിൻെറ വായിലൂടെ ഒരു നദിതന്നെ പുറപ്പെടും. ഈ കല്ലറ ക്ഷണത്തിൽ വെള്ളത്തിനിടയിൽ ആകും. എലികളെപ്പോലെ നിങ്ങൾ ഇതിൽ കിടന്നു തുലയും. "നേരമ്പോക്കല്ല പറയുന്നതെന്നു് ഇപ്പോൾ തന്നെ കാണിച്ചുതരാം."

ഭൂപതു് കല്ലറയിൽനിന്നു് പുറത്തേക്കു ഇറങ്ങി ഒരു നിമിഷം കഴിഞ്ഞു് മടങ്ങി എത്തി. അപ്പോഴേക്കു വ്യാളിയുടെ വായിൽ നിന്നു വെള്ളം ഒഴുകി തുടങ്ങി.

ഭൂപതു്- "ഞാൻ പറയുന്നതു ശരിയാണെന്നു് ഇപ്പോൾ ബോദ്ധ്യമായൊ. ഇതു് ആരംഭമാണു്. അ

ല്പസമയം കഴിഞ്ഞാൽ നല്ല ഒഴുക്കാകും. ഏതാനും മണിക്കൂറുകൾക്കകം കല്ലറയും നിറയും. വെള്ളം ഈ കല്ലറയിൽ തന്നെ കെട്ടിനിൽക്കുമെന്നുള്ളതാണു് വേറൊരു വിശേഷം, ഭൂപൈതു് ദുർഗ്ഗയെ ഒന്നു നോക്കി അവർ പുറത്തേക്കിറങ്ങി അല്പം കഴിഞ്ഞപ്പോൾ വെള്ളത്തിന്റെ ഒഴുക്കു നിലച്ചു."

ഭൂപതു് വീണ്ടും പറഞ്ഞു- ഒരിക്കൽകൂടി മുന്നറിയിപ്പുതരുന്നു. നാളെ ഈ സമയത്തുവരും ഒപ്പിടാനൊ മുങ്ങിമരിക്കാനൊ തയ്യാറായിക്കൊള്ളുക."

ഭൂപതും ദുർഗ്ഗയും തുരംഗിൽ നിന്നു പുറത്തു കടന്നു വാതിൽ ബന്ധിച്ചു കഴിഞ്ഞയുടൻ മനോഹർചോദിച്ചു" എന്താണീ കുഴപ്പങ്ങളെല്ലാം.

രാജകുമാരി- "അയാൾ ഒരു കൊള്ളക്കാരൻ. ആ സ്ത്രീ അവന്റെ ആയുധമാണു്. അവർ രണ്ടാളും കൂടി രാജാനന്ദലാലിനെ പാട്ടിലാക്കി തട്ടിയെടുക്കാവുന്നതെല്ലാം തട്ടിയെടുത്തു. കൊട്ടാരം തന്നെ ഇന്നവരുടെസ്വന്തമായിരിക്കയാണു്. എന്റെ അവകാശം കൂടി വിട്ടുകൊടുക്കണമെന്നാണിപ്പോഴത്തെ കല്പന."

മനോഹരൻ- "വിലതരാതെ, ഭയപ്പെടുത്തി എഴുതിവാങ്ങിക്കളയാമെന്നാണൊ"

രാജകുമാരി- "ഭയപെടുത്തി സാധിക്കാമെന്നാണു്. വില തരാൻ ഒരുക്കമാണെന്നു പറഞ്ഞു."

മനോഹരൻ- "ഭയപ്പെടുത്തുകയും വിലതരുകയും, രണ്ടുംകൂടി എന്തിനാണോ?"

രാജകുമാരി- "അതു കൊണ്ടു തന്നെ കാര്യം സാധിക്കാമൊ എന്നു സംശയത്തിലായിരിക്കുന്നു."

മനോ- "ഞാൻ കണ്ടിടത്തോളം ഇവിടമെല്ലാം അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്നും, അതിന്റെ നേതൃത്വം വഹിക്കുന്നതു് ഈ കൊട്ടാരമാണെന്നും മനസ്സിലായി."

രാജകു- "അതു ഏറെക്കുറെ ശരിതന്നെയാണു്. ആ നാശത്തിൻെറ എല്ലാം ചുവട്ടിൽ ഒളിഞ്ഞിരിക്കുന്ന ഭൂതങ്ങളാണു് ഇവർ രണ്ടുപേരും."

മനോ- "ഇങ്ങനെ നാശത്തിലേക്കു കുതിച്ചു പായുന്ന സ്ഥലവും കൊട്ടാരവും നമുക്കു് എന്തിനാണു്?

രാജകു- "അതു് എനിക്കു് നല്ല നിശ്ചയമില്ല."

മനോ- "ബോംബെയിൽനിന്നു പുറപ്പെട്ട സമയം കൊട്ടാരം കണ്ടശേഷം വിററു കളയാമെന്നു് അഭിപ്രായമുണ്ടായിരുന്നല്ലൊ."

രാജകു- "ബോംബെയിൽ മനോഹർ പ്രൊഡക്ഷൻസ് കാര്യങ്ങൾ ഒക്കെ എങ്ങിനെ നടക്കുന്നു. അവയെല്ലാം ആരെ ഏല്പിച്ചിട്ടാണു പോന്നതു്. എല്ലാം മുറയ്ക്കു നടന്നുകൊള്ളുമോ, അതോ മടങ്ങി എത്തുന്നതുവരെ "ഫുൾസ്റ്റോപ്പു്" ഇട്ടിട്ടാണൊ പുറപ്പെട്ടതു്. നമ്മുടെ സ്നേഹിതർ എല്ലാം സുഖമായിരിക്കുന്നൊ." ഇങ്ങനെ അവസരോചിതമല്ലാത്ത നേരമ്പോക്കു കലർത്തി ചോദിച്ചതു് മനോവേദനകൊണ്ടായിരിക്കണം.

മനോ- "ഒരു കുലചോദ്യങ്ങൾ ഒരുമിച്ചു് ഇങ്ങനെ എറിഞ്ഞാൽ അവ പെറുക്കിഎടുത്തു പിണക്കുതീർത്തു ശരിപ്പെടുത്തുന്നതിനുതന്നെവേണ്ടിവരുമല്ലൊ വളരെക്കാലം. ബൊംബെ കാര്യങ്ങൾ തൽക്കാലം അവിടെ നിൽക്കുകയൊ കിടക്കുകയൊ ചെയ്യട്ടെ. ഇവിടത്തെ സംഗതികളാണല്ലൊ ഗൌരവതരമായ നിലയിൽ ചെന്നുചേർന്നിരിക്കുന്നതു്. അതിൻെറ ഉള്ളുകള്ളികൾ മനസ്സിലാക്കുന്നതിനാണു് ഞാൻ ശ്രമിക്കുന്നതു്. ബോംബെയിൽ നിന്നും പുറപ്പെട്ടപ്പോൾ കൊട്ടാരം വിററുകളായമെന്നല്ലായിരുന്നൊ അഭിപ്രായം, എന്നു ഞാൻ ചോദിച്ചല്ലൊ."

രാജകു- "ഒന്നും തീർച്ചപ്പെടുത്താതെയാണു് ഞാൻ പുറപ്പെട്ടതു്. ഇവിടെ വന്നശേഷമുണ്ടായ അനുഭവങ്ങളും സംഭവവികാസങ്ങളും.........."

മനോ—"ആളുടെത്തെ അഭിപ്രായം മാററുന്നതിനു് സഹായിച്ചതെന്തിനാ? അതൊ ഉദ്യാനപുരം കൊട്ടാരത്തിന്റെ സൌന്ദൎയ്യവും ഗാംഭീരവും കണ്ടും മതിമറന്നു പോയതാണോ?"

രാജകു- "കൊട്ടാരം ഒരു കാലത്തു മനോഹരമായിരുന്നിരിക്കാം. ഇന്നങ്ങിനെയൊന്നുമല്ല. അതു കണ്ടു് മതിമറക്കുകയും മയങ്ങുകയും ചെയ്തുമില്ല."

മനോ- "പിന്നെന്താണു് ഇതെല്ലാം."

രാജകു- "എല്ലാം തുറന്നു തെളിച്ചു നോക്കിയാൽ കഥയും കഴമ്പുമില്ലെന്നു കാണാൻ കഴിയും."

മനോ- "വില തരാമെന്നു പറഞ്ഞു കളിപ്പിക്കാനായിരിക്കും ഭാവം."

രാജകു- "പറയുന്ന വില പണമായൊ രത്നമായൊ തരാമെന്നു ആ കൊള്ളക്കാരൻ പറഞ്ഞു. അതു തരികയും ചെയ്യുമെന്നാണു് തോന്നുന്നതു്"

മനോ- "എന്നാൽ ഈ തുറുങ്കിൽ കിടക്കാതെ കിട്ടുന്നപണം വാങ്ങിക്കൊണ്ടു് നമുക്കുപോകാം."

രാജകു- "കൊട്ടാരത്തോടു വലിയ പ്രതിപത്തി ഒന്നുമില്ല. എങ്കിലും ഇവിടെ വന്നുകഴിഞ്ഞു്, എന്റെ പൂൎവ്വന്മാരെല്ലാം ജീവിച്ചിരുന്ന സ്ഥലമാണെല്ലൊ എന്നുള്ള ഓർമ്മ വന്നപ്പോൾ കൊട്ടാരം വിററുകളയാമെന്നു വെയ്ക്കാൻ പ്രയാസം തോന്നി."

മനോ- "അല്പപ്രയാസമെ തോന്നുന്നുള്ളുവെങ്കിൽ അതു സഹിച്ചാൽ..........."

രാജകു- "പ്രയാസം അല്പമേയുള്ളു എന്നു സമ്മതിക്കാം. എന്നാൽ........"

മനോ- "മുഴുവൻ പറയണം കേൾക്കട്ടെ...."

രാജകു- "എന്നെ തുറുങ്കിലടച്ചു് ഭയപ്പെടുത്തി ഒപ്പിടുവിക്കാമെന്നു് ഈ വിഡ്ഢികൾ ഓൎത്തതു രസാവഹമായിരിക്കുന്നു."

മനോ- "അവർ വിഡ്ഢികളാണെന്നു മനസ്സിലാക്കിയ ആൾക്കു് അവരുടെ വിഡ്ഢിത്വം ക്ഷമിച്ചുകൂടയൊ?"

രാജകു- "ക്ഷമിക്കാമായിരിക്കും. പക്ഷെ എന്നെക്കൊണ്ടു പറ്റുകയില്ല."

മനോ- "വേണ്ടെന്നുവയ്ക്കാൻ ഒരുക്കമുള്ള ആൾ, വേണമെന്നു നിർബന്ധമില്ലാത്ത പൊളിഞ്ഞ ഒരു കെട്ടിടത്തിനു വേണ്ടി ജീവൻ ബലികഴിക്കുന്നതു് എങ്ങിനെ നീതീകരിക്കും?

രാജകു- "നിങ്ങൾക്കു മതിയായിഎങ്കിൽ പൊയ്ക്കൊള്ളണം. എനിക്കു യാതൊരു വിരോധവുമില്ല."

മനോ- "വാദഗതിയിൽനിന്നും മാറിപ്പോകാതെ, എനിക്കു തനിച്ചു് രക്ഷപെടണമെന്നാഗ്രഹമില്ല. കാര്യമില്ലാതെ രണ്ടാളും ആത്മഹത്യ ചെയ്യേണ്ടെന്നുണ്ടു്, രാജകുമാരി-അതോ ബീഗം റോഷനൊ?- സ്വതന്ത്രയാകാൻ തയ്യാറില്ലെങ്കിൽ ഞാനും ഈ തുറുങ്കിൽ കിടന്നുകൊള്ളാം. അതിനു് ഞാൻ ഒരുക്കമാണു്. അത്യാവശ്യമില്ലാത്ത, വേണമെന്നു വലിയ മോഹമില്ലാത്ത ഈ നശിച്ച കൊട്ടാരത്തിനുവേണ്ടി നാം ജീവൻ ബലികഴിക്കുന്നതെന്തിനാണെന്നാണു് എന്റെ ചോദ്യം."

രാജകു- "ഈ കൊട്ടാരം വേണ്ടെന്നുവയ്ക്കാൻ വിരോധമില്ലാത്ത ഒരു സമയം ഉണ്ടായിരുന്നു. അതു കഴിഞ്ഞുപോയി. ഇനി എന്തു വന്നാലും, എന്തെല്ലാം സഹിക്കേണ്ടതായി വന്നാലും കൊട്ടാരം ഉപേക്ഷിക്കുന്നതിനും ഇവർക്കു കൊടുക്കുന്നതിനും ഞാൻ തയ്യാറില്ല."

മനോ- "യുക്തിഹീനതയുടെ—നിരർത്ഥതയുടെ എന്നു ഞാൻ പറയുന്നില്ല. അവതാരമാണു് സ്ത്രീ എന്നു കേട്ടിട്ടുള്ളതു് ശരിയാണെന്നിപ്പോൾ ബോദ്ധ്യമായി. വേണ്ടാത്ത സാധനത്തിനു് ചോദിക്കുന്ന വില തരാമെന്നു പറയുന്ന വിഡ്ഢികളുടെ വിഡ്ഢിത്തരത്തെ പ്രതിഷേധിച്ചു

ജീവിതമവസാനിപ്പിക്കാൻ ഒരുങ്ങുന്നതിൻെറ സാംഗത്യം.........."

രാജകു–"മതിയായില്ലേ? എനിക്കു് എന്തു വന്നാലും അവർ എന്തെല്ലാം തന്നാലും കൊട്ടാരം കൊടുക്കയില്ല. എന്നെയോ സ്ത്രീ വർഗ്ഗത്തെയോ എന്തെല്ലാം വേണമെങ്കിലും പറഞ്ഞുകൊള്ളണം. എന്തു പറഞ്ഞാലും എൻെറ പൂർവ്വീകന്മാരുടെ സ്വത്തു്, എൻെറ സ്വത്തു് ഈ കൊള്ളക്കാരുടെ ആസ്ഥാനമാക്കാൻ ഞാൻ കൊടുക്കയില്ല."

വരാൻപോകുന്ന വിപത്തിനെപ്പററി മനോഹർ വീണ്ടും പറഞ്ഞു. സംസാരിക്കാൻ തുടങ്ങിയപ്പോൾ രാജകുമാരിഅയാളെ വിലക്കി. "ഒന്നും പറയേണ്ടാ. ഞാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. അവരുടെ കല്പനയനുസരിച്ച കൊട്ടാരം ഉപേക്ഷിക്കയില്ല. മനോഹരനു പോകണമെങ്കിൽ പൊയ്ക്കൊള്ളണം."

"ഞാൻ ഒരു ഭീരുവല്ല" എന്നു മാത്രമായിരുന്നു മനോഹർ മറുപടി പറഞ്ഞതു്.

അർദ്ധരാത്രിയായി. കൊലയ്ക്കു വിധിക്കപ്പെട്ട ആ യുവതിയും യുവാവും പട്ടിണിയുടെയും മനക്ലേശത്തിൻെറയും കാഠിന്യം അനുഭവിച്ചിട്ടു്; മയങ്ങിപ്പോയി. ആരൊ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു് രണ്ടാളും ഞെട്ടി ഉണന്നു. ഇന്ദുലാലാണു് അവിടെ പ്രത്യക്ഷപ്പെട്ടതു് എന്നു്, അയാൾ തന്നെ ഒരു ചെറു വിളക്കു കത്തിച്ചപ്പോളാണു് മനസ്സിലായതു്. രാജകുമാരി മനോഹരനെയും ഇന്ദുലാലിനെയും തമ്മിൽ പരിചയപ്പെടുത്തി.

ഇന്ദുലാൽ– "കുമാരിയെ കാണാൻ വന്നിട്ടു അല്പദിവസങ്ങളായി എങ്കിലും വിവരങ്ങൾ എല്ലാം അറിഞ്ഞുകൊണ്ടാണിരിക്കുന്നതു്. അതിനു ചിലമാർഗ്ഗങ്ങൾ എല്ലാമുണ്ടു്. ഭൂപതു് പറഞ്ഞതുപോലെ തന്നെ ചെയ്യും. കുമാരിയെ കൊന്നിട്ടും കൊട്ടാരം കൈവശം വച്ചുകൊണ്ടിരിക്കണമെന്നാണു് അയാൾ തീർച്ചപ്പെടുത്തിയിരിക്കു

ന്നതു്. കൊട്ടാരം വിട്ടുകൊടുത്തു മടങ്ങി പോകയല്ലെ നന്നു്."

കുമാരി- "ഭീഷണികേട്ടു്, അല്ലെങ്കിൽ മരണത്തെ ഭയന്നു് പൂർവസ്വത്തു് ഉപേക്ഷിച്ചു് ഓടാൻ ഞാൻ തയ്യാറില്ല."

ഇന്ദുലാൽ- "പിന്നെ........"

കുമാരി- "നമ്മുടെ പൂർവന്മാരുടെ ആത്മാക്കളൊ കുലദേവതയൊ ഈ വിപത്തിൽ നിന്നു രക്ഷിക്കുമെന്നാണെന്റെ വിശ്വാസം. അങ്ങിനെ സംഭവിക്കുന്നില്ലെങ്കിൽ, അനേകം പൂർവ്വജന്മാരെപോലെ ഇവിടെ വച്ചു് ഈലോകവാസം വെടിയാനാണു് ഞാൻ അവസാനമായി തീച്ച്പ്പെടുത്തിയിരിക്കുന്നതു്."

ഇന്ദുലാൽ- "കുമാരിയുടെ വിശ്വാസം തന്നെ രക്ഷിക്കട്ടെ. ഞാനും നിങ്ങളോടൊപ്പം അവസാന നാഴികകൾ കഴിച്ചുകൊള്ളട്ടെ?"

രാജകുമാരി- "അതിനു് അനുമതി ചോദിക്കാനുണ്ടോ? പക്ഷെ അച്ഛനും എന്തിനു കുടിച്ചു മരിക്കുന്നു."

മനോഹർ- "അങ്ങേയ്ക്കു ഇഷ്ടാനുസരണം ഇവിടെ കടന്നു വരുകയും ഇറങ്ങിപോകുകയും ചെയ്യാമെങ്കിൽ ഞങ്ങളെയും കൊണ്ടുപോകരുതൊ?"

ഇന്ദുലാൽ- "അതിനു നിവൃത്തിയില്ലെന്നു കുമാരിക്കറിയാം. ആ കാട്ടാളന്മാരിൽ നിന്നു ലഭിച്ച ചില വിദ്യകൾകൊണ്ടാണു് എനിക്കതു സാധിക്കുന്നതു്."

രാജകുമാരി -"അച്ഛൻ എന്തിനു ഈ കല്ലറയിൽ കിടന്നു വെള്ളം കുടിച്ചു മരിക്കുന്നു? അതുകൊണ്ടു് ഞങ്ങൾക്ക പ്രയോജനമൊന്നും ഉണ്ടാകുന്നില്ല. അച്ഛൻ പോകയാണു് വേണ്ടതു്."

ഇന്ദുലാൽ- "നിങ്ങളെ ഈ വിപത്തിൽ വിട്ടിട്ടുപോകാൻ ഞാൻ നിശ്ചയിച്ചിട്ടില്ല. തനിയെ വല്ല കാട്ടിലൊ

മേട്ടിലൊ കിടന്നു ചാകുന്നതിൽ നന്നു് നിങ്ങളോടൊപ്പം മരിക്കാൻ സാധിക്കുമെങ്കിൽ അതല്ലെ? എൻെറ സാന്നിദ്ധ്യംകൊണ്ടു് പ്രയോജനം വല്ലതുമുണ്ടാകുമൊ എന്നും നമുക്കു കാണാം."

ഭൂപതും ദുർഗ്ഗയും പിററന്നാൾ, പറഞ്ഞ സമയത്തു തന്നെ പ്രത്യക്ഷപ്പെട്ടു. മുഖവുര ഒന്നും കൂടാതെ അയാൾ രാജകുമാരിയോടു ചോദിച്ചു "എന്താ സുബുദ്ധി തെളിഞ്ഞൊ. കൊട്ടാരം നല്ല വിലയ്ക്കു തരുന്നൊ അതൊ ഈ കല്ലറയിൽ കിടന്നു തുലയാൻ തീച്ചപ്പെടുത്തിയൊ?"

രാജകുമാരി യാതൊരു ചാഞ്ചല്യവും കൂടാതെ മറുപടികൊടുത്തു. "എൻെറ പൂർവസ്വത്തു് ഭീഷണികേട്ടു ഭയന്നൊ, മരണത്തെ ഭയന്നൊ ഉപേക്ഷിക്കയില്ല. നിങ്ങൾക്കു ചെയ്യാവുന്നതെന്താണെന്നുവച്ചാൽ ചെയ്തുകൊള്ളണം."

ഭൂപതു് - "ഈ കൊട്ടാരം ഉപേക്ഷിച്ചു പോകാൻ എനിക്കു സാദ്ധ്യമല്ല.

ഞാൻ കൊള്ളക്കാരനാണെന്നൊ കൊലപാതകികളുടെ നടുനായകമാണെന്നൊ എല്ലാം ജനങ്ങൾ പറയുന്നുണ്ടു്. നിങ്ങളും അതു കേട്ടിട്ടുണ്ടായിരിക്കാം. അതെല്ലാം കളവാണെന്നൊ ഞാൻ അത്യുത്തമനാണെന്നൊ പറയാൻ ഒരുക്കമില്ല. ഇത്രയുമൊക്കെ കേൾക്കുകയും അറിയുകയും, എൻെറ ശക്തിയുടെ രുചി അറിയാൻ പോകുകയും ചെയ്യുന്ന നിങ്ങളോടു് എൻെറ ചരിത്രത്തെപ്പററി രണ്ടു വാക്കു പറയുന്നതു് കേൾക്കണം. നിങ്ങൾ അന്ത്യമായി കേൾക്കുന്ന മനുഷ്യശബ്ദം എൻെറതായിരിക്കും.

ഞാൻ കൊള്ളക്കാരനാണെന്നും കൊലപാതകിയാണെന്നും പറയുന്നതു് ശരിതന്നെയാണു്. അതിൽ ഞാൻ അഭിമാനംകൊള്ളുകയും ചെയ്യുന്നുണ്ടു്. രാജകുമാരിയെപ്പോലെ തന്നെ, വളരെ ഉയൎന്ന ഒരു കുടുംബത്തിൽ ജനിച്ച എനിക്കു് ജീവിതത്തിൽ ഉയരുന്നതിനു്

വേണ്ട സൌകര്യങ്ങൾ എല്ലാ മുണ്ടായിരുന്നു എന്നു ലോകക്കുതോന്നാം. അതു് ഏറെക്കുറെ ശരിയുമായിരിക്കാം. എന്നാൽ നമ്മുടെ നാട്ടിലെ മാടമ്പി കുടുംബങ്ങളിൽ എല്ലാം കാണാറുള്ള ദുർഭരണത്തിൻെറയും തോന്ന്യാസത്തിൻെറയും ഫലം ഞാനും അനുഭവിച്ചു. അവ എന്നെ ഈ നിലയിലേക്കു വലിച്ചിഴച്ചു. ഔന്നത്യമുണ്ടു്, ആഢ്യത്വമുണ്ടു്. എന്നാൽ തൊഴിലൊന്നുമില്ല. സ്വന്ത ആവശ്യത്തിനു അരപ്പൈസ കൈയിൽ വരുന്നില്ല. ഇതായിരുന്നു ഒരു ഇളമുറക്കാരനെന്ന നിലയിൽ എനിക്കുണ്ടായിരുന്ന അനുഭവം സ്വന്തം ആവശ്യത്തിനു നാലണ ഇല്ലാതെ വന്നപ്പോൾ, അതു് വേഗത്തിൽ ഉണ്ടാക്കാനുള്ളമാർഗ്ഗം തേടി. ശരീരംകൊണ്ടു് അദ്ധ്വാനിച്ചു് എന്തെങ്കിലും സമ്പാദിക്കാൻ പരിചയമില്ല. ആരുടെ എങ്കിലും കീഴിൽ ഉദ്യോഗത്തിനു പോകാൻ പഠിപ്പില്ല. കുലീനത അതിനനുവദിക്കയുമില്ല. ഈ പരിതസ്ഥിതികളിൽ ഒരൊററ മാർഗ്ഗമെ ബാക്കി കണ്ടുള്ളു. അതു സ്വീകരിച്ചു. പണം ധാരാളം. അനുചരന്മാരും ധാരാളം. ഇന്നു ഞാൻ ശരിയായ ഒരു പ്രഭു ആയിട്ടുണ്ടു്. നന്ദലാലിൻെറ മദ്യപാനവും പൊടിപൊടിയും തോന്ന്യാസങ്ങളും ഈ പ്രദേശത്തെ ജനങ്ങളിൽ ഒട്ടധികം പേരെ എൻെറ അടുക്കലേക്കു് ഓടിച്ചു. അതുകൊണ്ടാണു് ഞാൻ ഇവിടെ എൻെറ ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിച്ചതു്. ഈ കൊട്ടാരത്തിലെ ഓരോ ഇരുട്ടറയും എനിക്കു സുപരിചിതമാണു്. എൻെറ ആസ്തിയെല്ലാം സംഭരിച്ചിരിക്കുന്ന ഖജനാവും, എൻെറ ബലമുള്ള കോട്ടയുമാണു് ഈ കൊട്ടാരം. ഇതു് കൈവിട്ടുപോയാൽ ഞാൻ വെറും പാപ്പരാകയായിരിക്കും ചെയ്യുന്നതു്. വേണ്ടിവന്നാൽ നിങ്ങളെ ഇല്ലാതാക്കുന്നതിനുവേണ്ട കരുത്തു് എനിക്കുണ്ടു്. മടി തോന്നുന്നുമില്ല. നിങ്ങളെ ഭീഷണിപ്പെടുത്തുന്നതിനൊ എൻെറ കരബലത്തെപ്പററി

വൻപു പറഞ്ഞു് ഭയപ്പെടുത്തി ഓടിക്കുന്നതിനൊ അല്ല ഇത്രയും പ്രസംഗിച്ചതു്. ഇതെല്ലാം അക്ഷരംപ്രതി ശരിയാണു്, ഒന്നുകൂടി പറയാം എൻെറ അന്തമില്ലാത്ത സ്വത്തുക്കൾ ഒരു ട്രസ്റ്റാക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. പ്രഭു കുടുംബങ്ങളിലെ പട്ടിണിക്കാരും ഗ്രഹപ്പിഴക്കാരുമായ ഇളമുറക്കാരുടെ സംരക്ഷണത്തിനും, കൊള്ളയും കൊലപാതകവും കൊണ്ടു് ധനം സമ്പാദിക്കുന്നതിനു് അവരെ പഠിപ്പിക്കുന്നതിനും എൻെറ സ്വത്തിൽ നിന്നു കിട്ടുന്ന ആദായമൊ പലിശയൊ ഉപയോഗിച്ചു് ഈ കൊട്ടാരം ആസ്ഥാനമാക്കി ഒരു കലാശാല സ്ഥാപിക്കണമെന്നും ഞാൻ തീർച്ചപ്പെടുത്തിയിട്ടുണ്ടു്.

രാജകുമാരിയെ കൊല്ലാതെ കൊട്ടാരം സ്വന്തമാക്കണമെന്നായിരുന്നു ആഗ്രഹം. അതു നടപ്പില്ല എന്നു വന്ന സ്ഥിതിക്കു് ഒന്നേയുള്ളു മാർഗ്ഗം. എന്നാൽ ഞങ്ങൾ പോകട്ടെ? അവസാനമായി ഒരിക്കൽകൂടി ചോദിക്കുന്നു. ഈ യൗവ്വനത്തിൽ തന്നെ വെള്ളത്തിൽമുങ്ങി മരിക്കാനാണൊ തീർച്ചപ്പെടുത്തിയതു്? എങ്ങിനെ ആയാലും ഞാൻ ഇവിടെ താമസിക്കും."

രാജകുമാരി– "ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞു. നിങ്ങളാൽ കഴിയുന്നതു എന്തു വേണമെങ്കിലും ചെയ്തുകൊള്ളണം."

ഭൂപതും അയാളുടെ പുറകെ ദുർഗ്ഗയും കല്ലറയിൽ നിന്നു ഇറങ്ങിപ്പോയക്ഷണത്തിൽ കിങ്കരന്മാർ വാതിൽ അടച്ചുപൂട്ടി. അല്പം കഴിഞ്ഞപ്പോൾ വ്യാളിയുടെ വായിൽ നിന്നു വെള്ളം ഒഴുകാൻ ആരംഭിച്ചു. ഒഴുക്കിൻെറ ശക്തി ആരംഭത്തിൽതന്നെ തലേന്നാളേക്കാൾ കൂടുതലാണു്. അതു ക്രമേണ വർദ്ധിച്ചുതുടങ്ങി.

ഭൂപതും ദുർഗ്ഗയും വന്ന സമയം കല്ലറയുടെ ഇരുളടഞ്ഞ ഒരു കോണിൽ ഒളിച്ചിരുന്ന ഇന്ദുലാൽ ഉൽസാഹഭരിതനായി കാണപ്പെടുന്നു. അയാൾ രാജകുമാരി

യോടും മനോഹരനോടും പറഞ്ഞു-"അക്രമിയായ ഭൂപത്‌ വീരപരാക്രമി ആണെങ്കിലും, ഈ കൊട്ടാരത്തെ സംബന്ധിച്ചുള്ള രഹസ്യങ്ങൾ എല്ലാം കൈക്കലാക്കാൻകഴിഞ്ഞിട്ടില്ല. കൊട്ടാരത്തിൻെറ അടിയിൽ കൂടി ഒഴുകുന്ന നദിയിൽ നിന്നുള്ളതാണ്‌ വ്യാളിയിലൂടെ വരുന്നവെള്ളം. ആ നദിയുടെ ഗതിയെ പാടെ തടസ്സം ചെയ്യുന്നതിനുള്ള ചില പണികളും ഈ വ്യാളിയോടു ഘടിപ്പിച്ചിട്ടുണ്ട്‌. വ്യാളിയുടെ തല തല്ലിത്തകർത്താൽ ഈ ഭിത്തി തന്നെ കീഴ്‌പോട്ടു താണു്‌ നദിയുടെ ഗതിയെ പൂർണ്ണമായി തടയും. അതോടുകൂടി ഈ നദിയിൽ കെട്ടിനിറുത്തിയിട്ടുള്ള വെള്ളവും നദിയിലെ വെള്ളവും എല്ലാം കൂടി പാഞ്ഞുകയറി കൊട്ടാരത്തെ അസ്ഥിവാരത്തോടെ മറിച്ചു തകർത്തു സർവവും നശിപ്പിക്കും. ആ വിധത്തിലാണ്‌ കൊട്ടാരം കെട്ടിയിരിക്കുന്നതു്‌. ഈ ഭിത്തി കീഴ്‌പോട്ടു പോകുന്നതോടൊപ്പം തന്നെവെള്ളവും ഇവിടേയ്ക്കു ഇരമ്പിക്കേറുമെങ്കിലും, ഇതാ ഈ ഭാഗത്തു നിന്നുകൊണ്ടാൽ, ഭയവും ക്ഷോഭവും കൂടാതെ അവസരം നോക്കിനിന്നുകൊണ്ടാൽ അകത്തേക്കു പായുന്ന വെള്ളം ആ ഭിത്തിമേൽ ചെന്നടിച്ചു്‌ പിമ്പോട്ടുണ്ടാകുന്ന തള്ളൽ നിങ്ങളെ എടുത്തു പുറത്തേക്കു എറിഞ്ഞുകൊള്ളും. ചിലപ്പോൾ അപകടം സംഭവിച്ചു എന്നു വരാം. അല്പം മുറിവോ ചതവോ വാങ്ങിക്കൊണ്ടു രക്ഷപെടാനാണു്‌ എളുപ്പം. കുമാരിയും മനോഹരനും ഇതാ ഇവിടെ നിന്നുകൊള്ളുക."

രാജകുമാരി- "അച്ഛനോ"

ഇന്ദുലാൽ- "ഞാനും രക്ഷപെടാൻനോക്കാം. വ്യാളിയുടെ തല തകർത്തശേഷം അവിടേക്കു ചാടിമാറിക്കൊള്ളാം."

മനോഹർ- "വ്യാളി മുഖം എന്തുകൊണ്ടു്‌ തല്ലിതകർക്കും. ആയുധമൊന്നുമില്ലല്ലൊ."

ഇന്ദുലാൽ– "അതു ഞാൻ കരുതിയിട്ടുണ്ട്. ഇതാ ഈ ചെറുവാൾ മതി. ഒററവെട്ടിനു് തകരും. അത്ര വിശേഷപ്പെട്ടതാണു് വാൾ. ഭണ്ഡനമുറിയിൽ നിന്നു് ഇതും എടുത്തുകൊണ്ടാണു് ഞാൻ ഇങ്ങോട്ടു കാൽവെച്ച തുതന്നെ."

കല്ലറയിലേക്കു വെള്ളം ചാടിക്കൊണ്ടിരിക്കുകയാണു്. അവരുടെ മുട്ടുവരയ്ക്കായി. തണുത്തവെള്ളം കുമാരിയുടെയും മനോഹരൻെറയും ക്ഷീണം അകററാൻ സഹായിച്ചു എന്നു പ്രത്യേകം പറയേണ്ടതുണ്ടു്. സമയം ആയില്ലേ എന്നു രാജകുമാരി ഇന്ദുലാലിൻെറ മുഖത്തേക്കു നോക്കി. അല്പംകൂടി കഴിഞ്ഞുകൊള്ളട്ടെ എന്നദ്ദേഹം മറുപടി നൽകി.

വെള്ളം അതിവേഗം ഉയരുകയാണു്. അവരുടെ അരവരയ്ക്കായി. കുമാരിയും മനോഹരനും ഒരുങ്ങിനിന്നുകൊള്ളാൻ പറഞ്ഞശേഷം ഇന്ദുലാൽ വടിവാളൂരി ആഞ്ഞൊന്നുവെട്ടി. ഒരു വലിയ പൊട്ടൽ. വെള്ളത്തിൻെറ അലറൽ. ലോകം തന്നെ ഇടിഞ്ഞടന്നു വീണിട്ടെന്നു തോന്നത്തക്ക ചടാപടായമായ ഒരു ഭയങ്കര ശബ്ദം.

എന്തെല്ലാം എങ്ങിനെയെല്ലാം നടന്നു എന്നു് രാജകുമാരിക്കു് ഇന്നും നിശ്ചയമില്ല. അവൾ കൊട്ടാരത്തിൻെറ പിൻപിലുള്ള മലയുടെ ഒരു ഭാഗത്തു് ഇരിക്കുകയാണു്, വസ്ത്രമെല്ലാം നനഞ്ഞു കുഴഞ്ഞിരിക്കുന്നു. കല്ലറയിൽ നിന്നു് എങ്ങിനെ രക്ഷപെട്ടു എന്നോ, ആ വെള്ളച്ചാട്ടത്തിനിടയിൽ കൂടി എങ്ങിനെ പുറത്തുവന്നു എന്നോ അറിഞ്ഞുകൂടാ. അവൾ നോക്കിയപ്പോൾ അല്പ ദൂരത്തിൽ മനോഹർ ചുരുണ്ടു കിടക്കുന്നു. മററെല്ലാം മറന്നു് അവൾ ഓടി എത്തി. രാജകുമാരിയുടെ കരസ്പർശം ഏററയുടൻ അയാൾ ഉറക്കത്തിൽനിന്നെന്നോണം ഉണന്നു. രണ്ടാൾക്കും അപകടം സംഭവിച്ചില്ലെന്നല്ല, മുറിവും ചതവും ഒന്നും തന്നെ പററിയിട്ടുമില്ല എന്നു പറ

സ്പരം ബോദ്ധ്യപ്പെട്ടപ്പോഴാണ് ഇന്ദുലാലിന്റെ കഥ ഓത്തു തന്നെ. അവർ ആരായേണ്ടതായിവന്നില്ല. അപ്പോഴേക്കു അദ്ദേഹവും ചിരിച്ചുകൊണ്ടു് അവിടെ എത്തിയിട്ടു് ചോദിച്ചു "കൊട്ടാരവും അതിലുണ്ടായിരുന്നവയും എല്ലാം നശിച്ചു. നോക്കണം, അവിടെങ്ങാൻ വല്ലതും കാണുന്നുണ്ടോ എന്നു്."

രാജകുമാരി- "ദുർഗ്ഗയും ഭൂപതും........?

ഇന്ദുലാൽ- "ആ പിശാചുക്കളുടെ കാര്യത്തിൽ പോലും എന്റെ കുമാരിക്കു കരുണ ഉണ്ടെന്നു് നിന്റെ ചോദ്യം തെളിയിക്കുന്നു. അതു കുമാരിയെ കാണുന്നതിനു ഭാഗ്യം സിദ്ധിച്ചതിൽ ഉള്ള സന്തോഷത്തെക്കാൾ വളരെ അധികം സന്തോഷവും, ചാരിതാർത്ഥ്യവും എനിക്കു നൽകുന്നുണ്ടു്. യഥാർത്ഥത്തിൽ ഒരു ദേവി തന്നെ ആയ എന്റെ പ്രിയതമയുടെ-സരസ്വതീദേവിയുടെ - പുത്രി ഇങ്ങിനെയുള്ള സൽഗുണങ്ങളുടെ വിളനിലമായതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ ഉററബന്ധുക്കൾ മൂലം വളരെക്കാലം ശാരിരീകമായും മാനസികമായും കഷ്ടപ്പാടുകൾ സഹിക്കാനിടയായതുകൊണ്ടു് എന്റെ മനസ്സിനു തന്നെ ചില പിരിവുകൾ വന്നുപോയി. അതു കൊണ്ടു് എന്റെ ബന്ധത്തിൽപെട്ടവരിൽ ആരിലും ഗുണങ്ങൾ ശോഭിക്കുമെന്നൊരു പ്രതീക്ഷയും വിശ്വാസവും ഇല്ലാതായി. ആ വിധം നിരാശക്കുണ്ടിൽ പതിച്ച എന്റെ മനസ്സിനു് എന്തൊരു സുഖമാണു് കുമാരിയുടെ ഈ ചോദ്യം നൽകിയതെന്നറിയിക്കാൻ പ്രയാസമാണു്. അതു പോകട്ടെ. ഭൂപതിനെയും ദുർഗ്ഗയെയും, അവരുടെ പരാക്രമങ്ങൾ കാലന്തരിൽ പ്രദർശിപ്പിക്കാൻ കാലൻ തട്ടിക്കൊണ്ടുപോയി. അവരുടെ പോക്കു് കുമാരി കാണാൻ ഇടയാകാഞ്ഞതു വലിയ അനുഗ്രഹമായിതന്നെ എണ്ണണം. ഞാൻ കണ്ടു. അനേകമനേകം സാധുക്കളെ നിർദ്ദയം കൊല്ലിച്ച

ആ മഹാധമൻ ഒരു ഭീരുവായിരുന്നു എന്നു് എനിക്കു ബോദ്ധ്യമാകുകയും ചെയ്തു."

## ഉപസംഹാരം.

ഉദ്യാനപുരം കൊട്ടാരപരിസരങ്ങളിൽ താമസിച്ചിരുന്നവർ എല്ലാം അപ്പോഴേക്കു് അവിടെ എത്തി. അവർ ഭൂപതിന്റെ കിങ്കരന്മാരായതു ഭയന്നാണെന്നും, രാജകുടുംബത്തോടുള്ള ഭക്തി ഇപ്പോഴും ശരിക്കുണ്ടെന്നും, വാക്കുകൊണ്ടല്ല പ്രവൃത്തികൊണ്ടു തെളിയിച്ചു.

കൊട്ടാരത്തെ തട്ടിത്തകർത്ത വെള്ളത്തിന്റെ ഭയങ്കരമായ ഇരമ്പലും, ആ ഭീമൻ എടുപ്പു് നിലം പതിച്ചപ്പോൾ ഉണ്ടായ ഘോരമായ ശബ്ദവും കേട്ടു് ഉദ്യാനപുരം കൊട്ടാരത്തിനു രണ്ടു മൂന്നു മൈൽ ചുററിലുമുള്ള ആളുകളെല്ലാം, സ്ത്രീകളും പുരുഷന്മാരും വൃദ്ധന്മാരും ബലവന്മാരും എല്ലാം അവിടെ ഓടിക്കൂടി. ആ പ്രദേശത്തെ ജനങ്ങളെല്ലാം ഭൂപതിന്റെ അനുചരന്മാരാണെന്നു് ബീഗംറോഷനും ഇന്ദുലാലൽ തന്നെയും ധരിച്ചതു് സർവാബദ്ധമായിരുന്നെന്നു തെളിയുന്നതിനധികസമയം വേണ്ടിവന്നില്ല. അവരിൽ പലരും ഭൂപതിന്റെ അനുയായികളൊ ആജ്ഞാനുവർത്തികളൊ ആയി എങ്കിൽ അതു് അയാളെ ഭയന്നാണെന്നും, നന്ദലാലിന്റെ ദുർമാർഗ്ഗ ജീവിതവും മൃഗീയസ്വഭാവവും മൂലം ദ്രോഹിക്കപ്പെട്ടവർ പോലും, ഉദ്യാനപുരം രാജകുടുംബത്തോടു കൂറുള്ളവരാണെന്നും, ക്ഷണത്തിൽ തെളിഞ്ഞു. രാജകുമാരിയും ഇന്ദുലാലും മനോഹരനും ഭൂപതിന്റെ ബംഗ്ളാവിൽ

തൽക്കാലം താമസിക്കയായിരിക്കും ഉത്തമമെന്ന അവിടെ കൂടിയവർ അഭിപ്രായപ്പെട്ടു. ഭൂപതിൻെറ ബംഗ്ളാവ് എന്ന പേരിൽ ഇന്നറിയപ്പെടുന്ന എടുപ്പ് ഉദ്യാനപുരം രാജാക്കന്മാരുടെ അതിഥിമന്ദിരമായിരുന്നു. ഭൂപത് നന്ദലാലിനോടു അതു വാങ്ങി, അയാളുടെ താമസത്തിനു് അത്യാവശ്യം വേണ്ട മാററങ്ങൾ വരുത്തി ശരിപ്പെടുത്തിയിരുന്നു. ഒരു ഘോഷയാത്രയായിട്ടാണു് രാജകുമാരിയും ഇന്ദുലാലും മനോഹരനും അവിടേക്കു ആനയിക്കപ്പെട്ടതു്. ഘോഷയാത്രയിലെ പ്രധാന പാത്രങ്ങൾ ഈറൻ മാറാതെയാണതിൽ സംബന്ധിച്ചതെന്നുമാത്രം.

അതിഥിമന്ദിരത്തിൽ എത്തി ഒരു മണിക്കൂറിനുള്ളിൽ ആ നാട്ടിൻപുറത്തെ ജനങ്ങൾ സൽഗുണസമ്പന്നരാണെന്നു രാജകുമാരി മനോഹരനോടു രഹസ്യമായി പറയുകയുണ്ടായി. അതിവിശിഷ്ടമായ സാരികൾ ഇഷ്ടാനുസരണം മാറിമാറി ഉപയോഗിക്കാനുള്ള ബീഗംറോഷനു് ഈറൻ മാററാൻ മാർഗ്ഗമില്ലാതെ വന്നു എന്നു് സിനിമാപ്രേമികളിൽ ആരോടെങ്കിലും പറഞ്ഞാൽ വിശ്വസിക്കുമോ? യഥാർത്ഥത്തിൽ അതു സംഭവിച്ചു. പക്ഷെ ആ കുറവു ക്ഷണത്തിൽ പരിഹരിക്കപ്പെട്ടു. മുമ്പു് അതിഥിമന്ദിരം സൂക്ഷിപ്പുകാരനും, പിന്നീടു ഭൂപതിൻെറ വയ്പുകാരനും ആയി അവിടെ അടുത്തുതന്നെ ഒരു ചെറുകെട്ടിടത്തിൽ താമസിച്ചിരുന്ന "രങ്ക"ൻെറ പുത്രി നിധിപോലെ സൂക്ഷിച്ചിരുന്ന, അവളുടെ ഏററം വിശേഷപ്പെട്ട ചേലയും മററുമായി രാജകുമാരിയെ സമീപിച്ചു അവ കാഴ്ചവച്ചു. രാജകുമാരി ഈറൻ മാററുകയും ചെയ്തു. (ഇന്നും രാജകുമാരി വിലമതിക്കുന്ന വിചിത്രസാധനങ്ങളിൽ ഒന്നാണു് ആവസ്ത്രം എന്നും-രങ്കൻെറ പുത്രിക്കു രാജകുമാരി "കല്പിച്ചു" സമ്മാനിച്ച ഒരു സാരി അവളെ ആനന്ദതുന്ദിലയാക്കി എന്നും, അതു ഉടുത്തു ഉടയ്ക്കാൻ

അവരം ധൈര്യമില്ലാതെ കുഴങ്ങുന്നുണ്ടെന്നുംകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ).

രാജകുമാരി ഏതാനും ദിവസങ്ങൾ അതിഥിമന്ദിരത്തിൽ, അവിടുത്തെ ജനങ്ങളുടെ അതിഥിയായി ആരാധന സ്വീകരിച്ചു താമസിച്ചു. അത്രയും സന്തോഷകരമായ അനുഭവം അതിനു മുമ്പുണ്ടായിട്ടില്ലെന്നു കുമാരി തല കുലുക്കി സമ്മതിക്കുന്നുണ്ട്. സിനിമായിൽ ആദ്യം നടിച്ച ചിത്രം കണ്ടപ്പോഴും ഒരുതാരമായി ജനങ്ങൾ അംഗീകരിച്ചു എന്നു തെളിഞ്ഞപ്പോഴും, പ്രതിമാസവരുമാനം ആയിരക്കണക്കിലും പതിനായിരക്കണക്കിലും വർദ്ധിച്ചപ്പോഴും അതിയായ സന്തോഷവും ഉൽസാഹവും ഉണ്ടായി പക്ഷെ അതൊന്നും ഉദ്യാനപുരം അതിഥിമന്ദിരത്തിൽ വച്ചു അനുഭവപ്പെട്ട ആനന്ദത്തിന്റെ അടുത്തെങ്ങും എത്തിയില്ല.

"ഇനി എന്താണ്" എന്ന് ഇന്ദുലാലും മനോഹരനും രാജകുമാരിയും കൂടി ആലോചന നടത്തി. കൊട്ടാരം തകൻപോയതു നന്നായി എന്നായിരുന്നു ഇന്ദുലാലിന്റെയും രാജകുമാരിയുടെയും അഭിപ്രായം. അതു "ബാഗ്ഗ് ഗ്രൗണ്ടാക്കി" പരിസരങ്ങളിൽവച്ചും, അതിലെ തുറങ്കുകളിൽവച്ചും കുറെ ചിത്രങ്ങൾ ഷൂട്ടുചെയ്‌വാൻ സാധിച്ചില്ലല്ലൊ എന്നു പശ്ചാത്തപിച്ച മനോഹരന് അവരോടു പൂർണ്ണമായി യോജിക്കാൻ സാധിച്ചില്ല. നഷ്ടപ്പെട്ട കൊട്ടാരം വീണ്ടും പണിയേണ്ട ആവശ്യമില്ല. അതു സാദ്ധ്യവുമല്ല. എന്നാലും ഉദ്യാനപുരം ഉപേക്ഷിച്ചുപോകാൻ രാജകുമാരി തയ്യാറില്ലെന്നു അവർ തുറന്നു പറഞ്ഞു. മനോഹരനെയും, ഉദ്യാനപുരം മയക്കിക്കളഞ്ഞു. "വല്ലപ്പോഴുമെല്ലാം ഇവിടെ വന്നു താമസിക്കാൻ സൌകര്യമുണ്ടാക്കുന്നതു് നല്ലതാണ്" എന്നു മനോഹരൻ സമ്മതിച്ചതിനു് രാജകുമാരി "കരഘോഷം" കൊണ്ടു് "ബലേ അടിച്ചു."

പല പദ്ധതികൾ മനോഹരൻ ഉന്നയിച്ചു. അവർ പലദിവസം കൂടി ആലോചന നടത്തി. ഇന്ദുലാൽ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ അദ്ദേഹം കാട്ടിലും കാട്ടാളന്മാരുമൊന്നിച്ചും വളരെക്കാലം കഴിച്ചെങ്കിലും അദ്ദേഹം സംസ്ക്കാര സമ്പന്നനും വിശാലമനസ്ക്കനുമാണെന്നും, ബുദ്ധിയുടെ കൂർമ്മതയ്ക്കു് കഷ്ടപ്പാടുകൾകൊണ്ടു കോട്ടമൊന്നും തട്ടിയിട്ടില്ലെന്നും തെളിയിക്കുന്നുണ്ടെന്നു രാജകുമാരിയും മനോഹരനും തമ്മിൽ പലപ്പോഴും പറയുകയുണ്ടായി.

നഷ്ടപ്പെട്ട കൊട്ടാരം ഇരുന്ന സ്ഥാനത്തുതന്നെ ഏററം നവീന രീതിയിലുള്ള ഒരു ബംഗ്ലാവു് പണിയിക്കുന്നതിനും, ആണ്ടുതോറും വേനൽക്കാലത്തു രണ്ടുമൂന്നു മാസങ്ങൾ രാജകുമാരി അവിടെ ചെന്നു താമസിക്കുന്നതിനും നിശ്ചയിച്ചതു് ജനങ്ങൾക്കെല്ലാവർക്കും വലിയ സന്തോഷമായി. അല്പദിവസംകൂടി ഭൂപതിന്റെ ബംഗ്ലാവിൽ താമസിച്ചു്, കെട്ടിടം പണി ആരംഭിക്കുന്നതിനുള്ള ഏർപ്പാടു ചെയ്തശേഷം രാജകുമാരി ബോംബെയ്ക്കു മടങ്ങാൻ ഒരുക്കം തുടങ്ങി. "അച്ഛനും വരണം" എന്നാവശ്യപ്പെടുന്നതുവരെ ഇന്ദുലാൽ അതൊന്നും അറിഞ്ഞ ഭാവമെ നടിച്ചില്ല.

ഇന്ദു- "ശിഷ്ടായുസ്സു കുമാരിയും ഒരുമിച്ചു സന്തോഷമായി കഴിക്കാൻ സാധിക്കുന്നതിൽ അധികം ആനന്ദപ്രദമായി ഒന്നും ഉണ്ടാകാനില്ല. ഞാൻ വളരെ കാര്യമായി ആലോചിച്ചശേഷമാണു് ഒരു തീർച്ചയിൽ എത്തിയതു്. ഒരു നഗരത്തിൽ ജീവിക്കാൻ എന്നെ കൊള്ളുകയില്ല. നിങ്ങളുടെ കൂട്ടത്തിൽ കൂടി സന്തോഷിക്കുന്നതിനും സല്ലപിക്കുന്നതിനും......."

"രാജകുമാരി- എന്റെ അച്ഛൻ......."

ഇന്ദുലാൽ- "അതു ശരിയാണു്. പക്ഷെ നഗരജീവിതത്തിനെന്നെ കൊള്ളുകയില്ല. നഗരജീവിതം എ

നിക്കു പററിയതല്ല, ഇവിടെ താമസിക്കയാണു് എനിക്കു സന്തോഷം. ബംഗ്ളാവുപണിയുടെ പൂൎണ്ണ ചുമതല ഞാൻ ഏൽക്കാം. ആണ്ടിൽ രണ്ടുമൂന്നു മാസം കുമാരി ഇവിടെ ആയിരിക്കുമല്ലൊ. അതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം."

രാജകുമാരിയും മനോഹരനും യാത്ര പുറപ്പെടുന്നതിനു മുമ്പ് രണ്ടാളും കൂടി ഇന്ദുലാലിൻെറ അടുക്കൽ ചെന്നപ്പോഠം രാജകുമാരി ഒരു കുസൃതിച്ചിരിയോടുകൂടി പറഞ്ഞു." അച്ഛാ ഞങ്ങളെ അനുഗ്രഹിക്കണം.

മനോഹരൻ അതു പ്രതീക്ഷിച്ചിരുന്നില്ല. ഇന്ദുലാൽ എല്ലാം കണ്ടുകൊണ്ടിരുന്നതുകൊണ്ടു് അയാഠംക്കു് അത്ഭുതമുണ്ടായില്ല. രണ്ടാളെയും അനുഗ്രഹിച്ചു. മുറിയിൽ നിന്നും പുറത്തു കടന്ന ക്ഷണത്തിൽ മനോഹരൻ ചോദിച്ചു. "തടസ്സമെല്ലാം തീൎന്നുവോ."

രാജകുമാരി- "ഭ്രാന്തൻ നന്ദലാലിൻെറ ഭ്രാന്തു് നിലനിത്താൻ എനിക്കിഷ്ടമില്ലായിരുന്നു. എൻെറ അച്ഛൻ ഇന്ദുലാൽ ആണെന്നു് ഇവിടെ വന്നശേഷമാണറിഞ്ഞതു്. ഉത്തമനായ അദ്ദേഹത്തിൻെറ സൽഗ്ഗുണങ്ങഠം........"

മനോഹരൻ- "പുത്രിയുടെ സന്താനങ്ങളിൽ പരിശോധിക്കട്ടെ........"

ശുഭം

A/1380

A 1380 240216

# ബീഗം. റോഷൻ

By

വി. എം. ചെറിയാൻ

240216